


LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

February 2022 Volume 130 Issue 02 വില: 8.50

## വചനപ്രഘോഷണം:

## ദൈവരാജ്യത്തിന്റെ പങ്കുവയ്ക്കൽ



ബഹു. കേരളാ റവന്യുവകുപ്പ് മന്ത്രി അഡ്വ. കെ. രാജനിൽ നിന്ന് അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ശ്രീനാരായണ അവാർഡ് ഏറ്റുവാങ്ങുന്നു



കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ യൂണിറ്റി പ്രെയർ വീക്ക് അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സമീപം




**കോട്ടയം– കൊച്ചി ഭദ്രാസന കൺവൻഷൻ**



**റാന്നി– നിലക്കൽ ഭദ്രാസന കൺവൻഷൻ**



കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി 2016 - 21 ബി. ഡി. ബാച്ച് കോൺവൊക്കേഷൻ

## ജന്മദിനാശംസകൾ



**മോസ്റ്റ് റവ.ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**
ഫെബ്രുവരി 19



**റൈറ്റ് റവ.ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
ഫെബ്രുവരി 25




**ചെങ്ങന്നൂർ – മാവേലിക്കര ഭദ്രാസന കൺവൻഷൻ**

# മലങ്കര സഭാതാരക

പുസ്തകം 130 ലക്കം 02 ഫെബ്രുവരി 2022





## പത്രാധിപസമിതി

**ചെയർമാൻ**
**റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

**ചീഫ് എഡിറ്റർ**
റവ. ഡോ. രഞ്ജൻ ജോൺ
നെല്ലിമൂട്ടിൽ

**മാനേജർ**
റവ. ഡോ. റ്റി. റ്റി. സഖറിയ

**പത്രാധിപസമിതി**
റവ. പി. ജെ. വർഗ്ഗീസ്
ശ്രീ. തോമസ് അലക്സാണ്ടർ (സാം ചെമ്പകത്തിൽ)
ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര
ഡോ. മേരി ഏബ്രഹാം മാത്യൂസ്

**മാനേജിംഗ് കമ്മിറ്റി**
ഡോ. ജോൺ മാത്യു
ശ്രീ. മോഡി പി. ജോർജ്ജ് പത്തിയൂർ
ശ്രീ. റെജി ജോർജ്ജ്, യുഎസ്എ
ശ്രീ. ഷാജി തങ്കച്ചൻ
ശ്രീ. റ്റിറ്റി എം. വർഗ്ഗീസ്



**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ**: Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ഡോ. റ്റി. റ്റി. സഖറിയ, മാനേജർ, സഭാതാരക, തിരുവല്ല,** കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (O) എന്ന വിലാസത്തിൽ അയയ്ക്കുക.

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com


# ഉള്ളടക്കം


04 **മെത്രാപ്പോലീത്തായുടെ കത്ത്**

08 **വിചാരദീപ്തി**

09 **എഡിറ്റോറിയൽ**

10 **വചനപ്രഘോഷണം കുട്ടിക്കളിയല്ല**
റവ. ബ്ലെസ്സു വർഗീസ്

13 **വചനത്തിന്റെ ജഡധാരണം: ചില അർത്ഥതലങ്ങൾ**
വെരി റവ. കെ. എസ്. മാത്യു

16 **മാരാമൺ: സാക്ഷ്യസരണിയിലെ ദീപ്തശോഭ**
റൈറ്റ് റവ. ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ

18 **ഭാരത ഗ്രാമങ്ങളിൽ പൂത്തുലഞ്ഞ മണൽപ്പുറത്തെ വചനം**
റവ. അലക്സാണ്ടർ തോമസ്

21 **കൺവൻഷനുകളും വചനമെന്ന കൂദാശയും**
റവ. പി. ജെ. വർഗീസ്

24 **മാരാമൺ: ആധ്യാത്മിക ചൈതന്യത്തിന്റെ ധ്യാനതീരം**
റവ. ജിജി മാത്യൂസ്

26 **വചനപ്രഘോഷണം: ആദിമ സഭാ ഗുരുക്കന്മാരുടെ പാഠഭേദങ്ങൾ**
റവ. സാം കോശി റ്റി.

29 Word of God- an accelerator & a brake
Rajan George

31 **യുഗപ്രഭാവനായ യൂഹാനോൻ മാർത്തോമ്മാ**
ജസ്റ്റിസ് കെ. റ്റി. തോമസ്



മുഖചിത്രം: **വചനപ്രഘോഷണം: ദൈവരാജ്യത്തിന്റെ പങ്കുവയ്ക്കൽ**
പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianchurch.org





# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

കോവിഡ് വീണ്ടും ശക്തി പ്രാപിച്ചിരിക്കുന്ന ഈ കാലത്ത് കടുത്ത നിയന്ത്രണങ്ങൾ ഒരിക്കൽ കൂടി ഏർപ്പെടുത്തുവാൻ അധികൃതർ നിർബ്ബന്ധിതരായിരിക്കുകയാണ്. മഹാമാരിക്കുകാരണമായ വൈറസിന്റെ പുതിയ രൂപാന്തരം ഏറെ വ്യാപനശേഷി ഉള്ളതാണ് എന്ന് ഇതിനോടകം നാം മനസ്സിലാക്കി കഴിഞ്ഞു. അനേകർ രോഗാതുരരായി. അതിന്റെ പ്രഹരശക്തി താരതമ്യേന കുറവാണ് എന്നത് ഒരു യാഥാർത്ഥ്യമെങ്കിലും രോഗത്തെ ഗൗരവമായി തന്നെ കാണുകയും നാം വസിക്കുന്ന സ്ഥലത്തെ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യണം. പുതിയ ജീവിത വ്യവസ്ഥയിൽ പ്രതിസന്ധികളേറെയാണ്. മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മൂലം അനേകം ആളുകൾക്ക് ജോലിയും മറ്റ് ഉപജീവന മാർഗ്ഗങ്ങളും നഷ്ടമായി. കരുതലിന്റെ, കൂട്ടായ്മയുടെ കൈത്താങ്ങലുമായി സഭ സദാ ജനങ്ങളോടൊപ്പം ഉണ്ടായിരിക്കണം. പ്രതിസന്ധികളിൽ പ്രത്യാശയോടെ ജീവിക്കുവാൻ ഈ സാഹചര്യം നമ്മെ വെല്ലുവിളിക്കുന്നു. പ്രതിസന്ധികളുടെ മദ്ധ്യേ ജീവിതത്തെ കെട്ടിപ്പടുത്ത നമ്മുടെ പഴയതലമുറ നമുക്കൊരു മാതൃകയായിത്തീരണം. വല്ലായ്മകളുടെയും ഇല്ലായ്മകളുടെയും മദ്ധ്യേ അചഞ്ചല ദൈവവിശ്വാസത്തിലാണ് അവർ അവരുടെ ജീവിതം കരുപ്പിടിപ്പിച്ചത്. ജീവിത വ്യഥകളെ പങ്കുവെയ്ക്കുന്ന, പ്രാർത്ഥനകളിലൂടെ അവയെ നേരിടുവാൻ പരിശീലിച്ചിരുന്ന കളരികളായിരുന്നു നമ്മുടെ കൂട്ടായ്മകൾ. പങ്കുവെയ്ക്കലിന്റെ ചെറുസമൂഹങ്ങളായിരുന്നു അവ. തുറന്ന കൈകളും, തുറന്ന വേദപുസ്തകവും, തുറവിയുടെ മനസ്സുമായി അവർ പടുത്തുയർത്തിയ സാഹോദര്യത്തിന്റെ കണ്ണികളിലായിരുന്നു ജീവിതത്തിന്റെ തുടർച്ച. ഇത്തരം സഹോദര്യ കൂട്ടങ്ങൾ രൂപപ്പെടുവാൻ ഈ മഹാമാരി കാലത്തും കഴിഞ്ഞിരുന്നുവെങ്കിൽ എന്നാശിക്കുന്നു. നമ്മുടെ ഇടവകകളിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. ആരാധനയിൽ സംബന്ധിക്കുന്നത് ഓൺലൈനിൽ കൂടിയാണെങ്കിലും ഇടവകാംഗങ്ങൾ സ്തോത്രകാഴ്ചകളും മാസവരിയും ഇതര സംഭാവനകളും ഇടവകയിൽ ഏല്പിക്കുന്നത് പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഒരളവിൽ ഇടവകകൾക്ക് സഹായകരമാണ്. നമ്മുടെ സ്ഥാപനകളുടെ നടത്തിപ്പിലും അതിന്റെ ആവശ്യത്തെ മനസ്സിലാക്കി സംഭാവനകൾ നല്കുന്നത് ഉചിതവും ഉത്തമവുമാണ്.

കോവിഡ് അനുബന്ധമായി ഇന്ത്യയിലെ 84 ശതമാനം കുടുംബങ്ങളുടെ വരുമാനത്തിൽ കാര്യമായ കുറവ് 2021–ൽ സംഭവിച്ചു എന്ന് ഓക്സ്ഫാം എന്ന സംഘടനയുടെ അടുത്തകാലത്തു പ്രസിദ്ധീകരിച്ച കണക്കു പറയുന്നു. എന്നാൽ പ്രസ്തുത വർഷംതന്നെ ശതകോടീശ്വരരുടെ എണ്ണം 102 –ൽ നിന്നും 140 – ആയി ഉയർന്നിരിക്കുന്നു. ഇന്ത്യയിലെ ധനാഢ്യരുടെ ആകെ വരുമാനത്തിൽ റെക്കോർഡ് വളർച്ചയാണ് ഈ കാലയളവിൽ ഉണ്ടായതെന്ന് പ്രസ്തുത റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇതിന്റെ കാരണമായി ഓക്സ്ഫാം ചൂണ്ടിക്കാട്ടുന്നത് ഇന്ത്യയിലെ അസമത്വമാണ്. ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ 6 ശതമാനം മാത്രമാണ് ജനസംഖ്യയുടെ 50 ശതമാനത്തിന്റെ വരുമാനമെന്നിരിക്കെ ധനാഢ്യരുടെ ആകെ വരുമാനം 23.14 ലക്ഷം കോടിയിൽ നിന്നും 53.16 ലക്ഷം കോടിയായി വർദ്ധിച്ചു. പരമദരിദ്രരുടെ പട്ടികയിലേക്ക് 4 കോടിയിലധികം ആളുകൾ ചേർക്കപ്പെട്ട കാലഘട്ടത്തിലാണ് ഇത് സംഭവിച്ചത് എന്നോർക്കുമ്പോൾ നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വം ഏറെ അസ്വസ്ഥത ഉളവാക്കുന്നതാണ്. ഇവിടെ രാജ്യത്തിന്റെ ധനവിതരണോപാധിയായ നികുതി ഈടാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ചും അതിന്റെ നീതിപൂർവ്വമുള്ള ഉപയോഗത്തെക്കുറിച്ചും ഏറെ ഗൗരവത്തോടെ നാം കാണുകയും പഠിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. നികുതികൾ തുല്യമായ ധനവിതരണത്തിന്റെ ഉപാധിയാകുമ്പോൾ അസമത്വം കുറയുകയും അവിടെ ജനജീവിതം കുറച്ചുകൂടി മെച്ചപ്പെട്ടതാകുകയും ചെയ്യും. നീതിബോധത്തിൽ അടിയുറച്ച നികുതി സമ്പ്രദായത്തിനു വേണ്ടി വാദിക്കേണ്ടത് ക്രൈസ്തവ ധർമ്മമായി നാം കരുതണം. അത്തരത്തിൽ ചിന്തിക്കുവാൻ ഗവണ്മെന്റുകളെ പ്രേരിപ്പിക്കുവാനും നമുക്കിടയാകണം.

ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിലെ (ഉത്തർപ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ) തെരഞ്ഞെടുപ്പ് അടുത്ത ചില ആഴ്ചകൾക്കുള്ളിൽ നടക്കുകയാണ്.

കോവിഡും ഓമിക്രോണും രാജ്യമൊട്ടാകെ പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഒപ്പം രാജ്യത്ത് പരക്കെയുണ്ടാകുന്ന അക്രമസംഭവങ്ങൾ തെരഞ്ഞെടുപ്പിന് ഭീഷണിയാകുമോ എന്ന ഭയവുമുണ്ട്. തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ വോട്ടുസങ്കേതങ്ങളായി മത-ജാതി ബോധങ്ങളെ ദുരുപയോഗം ചെയ്യുന്നത് എല്ലാക്കാലത്തും ഇന്ത്യയിലെ ഇലക്ഷനുകളിൽ പ്രയോഗിച്ചിരുന്നുവെങ്കിലും രാഷ്ട്രീയക്കാർ പരസ്യമായി വെറുപ്പിന്റെയും വിഭാഗീയതയുടെയും ഭാഷ സംസാരിക്കുന്നതു ഇക്കാലങ്ങളിൽ ഏറിവരുന്നു. വെറുപ്പിന്റെ രാഷ്ട്രീയം സൃഷ്ടിക്കുന്ന മുറിവുകളിൽ നിന്നും കരകയറുക എന്നത് അത്ര എളുപ്പമല്ല എന്ന് നാം മനസ്സിലാക്കണം. നേതൃതലത്തിൽ നിന്നും ബോധപൂർവം സൃഷ്ടിക്കുന്ന വിഭാഗീയത, സമൂഹത്തിന്റെ താഴെതട്ടിൽ സഹജീവികളെ നിഷ്കരുണം ഇല്ലാതെയാക്കുന്ന രാഷ്ട്രീയത്തിലേക്കു വഴുതി വീഴുന്നു എന്നത് ഏറെ ഭയാനകമാണ്. ഇടുക്കിയിലെ പൈനാവിൽ കൊല്ലപ്പെട്ട എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ധീരജ് വിഭാഗീയ രാഷ്ട്രീയത്തിന്റെ ഇരയാണ്. കേരളം പോലെ സാക്ഷരത ഏറെയുള്ള ഒരു സംസ്ഥാനത്തു ഒരിക്കലും സംഭവിക്കുവാൻ പാടില്ലാത്ത ഭീകരസംഭവം! ഇത് ഇനിയും ആവർത്തിക്കരുത് എന്ന ഉറച്ച തീരുമാനം എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഭാഗത്തു നിന്നും ഉണ്ടാവണം. ജീവനെ ഒടുക്കുന്നവർ ഒരിക്കലും സംരക്ഷിക്കപ്പെടരുത്. ധീരജിന്റെ കുടുംബാംഗങ്ങളോട് സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. ഈ പ്രതിസന്ധികളുടെയെല്ലാം മദ്ധ്യത്തിൽ സമാധാനപരമായി തെരഞ്ഞെടുപ്പ് നടക്കുവാൻ സാധിക്കട്ടെയെന്നും ജാതി, മത പരിഗണനകൾക്കതീതമായി ജനനന്മക്കു വേണ്ടി പ്രവർത്തിക്കുവാൻ പ്രതിബദ്ധരായവർ തെരഞ്ഞെടുക്കപ്പെടട്ടെ എന്നും നമുക്ക് ആശിക്കാം, പ്രാർത്ഥിക്കാം.

തൃശൂർ മെഡിക്കൽ കോളേജിലെ ഒരു ഡോക്ടർ മയക്കുമരുന്നു കേസിൽ അറസ്റ്റിലായി എന്ന വാർത്ത ദുഃഖകരമാണ്. മയക്കുമരുന്നിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ചു ജനങ്ങളെ ബോധവാന്മാരാക്കേണ്ട ഉത്തരവാദിത്വമുള്ളവർ തന്നെ അതിനു അടിമകളായിത്തീരുന്ന ദുരവസ്ഥ. അതേ മെഡിക്കൽ കോളേജിൽ പതിനഞ്ചിൽപരം വേറെയും ഡോക്ടേഴ്സ് മയക്കു മരുന്നിനടിമകളാണ് എന്ന വാർത്ത വേദനാജനകമാണ്. മത്സര പരീക്ഷകളിൽ ഉന്നത മാർക്കുകൾ കരസ്ഥമാക്കി പഠിക്കുവാൻ അവസരം ലഭിച്ചവരാണ് ഇവർ എന്നത് മൂല്യച്യുതി സംഭവിച്ച വിദ്യാഭ്യാസത്തിലേക്കും വിരൽചൂണ്ടുന്നു. മയക്കുമരുന്നിന്റെ വ്യാപക ഉപയോഗം വർധിക്കുന്നത് ഏതുവിധേനയും ചെറുക്കപ്പെടണം. മാതാപിതാക്കളോടൊപ്പം നമ്മുടെ ഇടവകകളും, സൺഡേസ്കൂൾ, യുവജനസഖ്യം എന്നീ സംഘടനകളും ഒരുമിച്ചു ചേർന്ന് പ്രത്യേക ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

ടി. ആർ. എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റും തൃശൂർ ഗുരുഭവനും ചേർന്ന് ജനുവരി ഏഴിന് സംഘടിപ്പിച്ച ചടങ്ങിൽവെച്ച് ശ്രീനാരായണ അവാർഡ് ലഭിച്ചത് ഒരു പദവിയായി കരുതുന്നു. ആധുനിക ഭാരതം കണ്ട ഒരു വലിയ തത്വചിന്തകനും കേരള നവോത്ഥാന ചരിത്രത്തിലെ അതുല്യനായ സാമൂഹ്യ പരിഷ്കർത്താവുമായിരുന്നല്ലോ ശ്രീനാരായണഗുരു. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നും, 'അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായി വരേണം' എന്നുമദ്ദേഹം നമ്മെ പഠിപ്പിച്ചു. സാമൂഹ്യ തിന്മകൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും പോരാടിയ ഗുരുകേരള സമൂഹത്തെയാകമാനം നവോത്ഥാനത്തിലേക്ക് നയിച്ചു. ജാതിയുടെ വ്യവസ്ഥയെ അദ്ദേഹം ചോദ്യം ചെയ്തു. മതങ്ങൾ തമ്മിലുള്ള അസഹിഷ്ണുതയും അനൈക്യവും ശക്തി പ്രാപിക്കുന്ന ഈ കാലത്ത് ഗുരുവിന്റെ സന്ദേശം മറ്റെന്നത്തെക്കാളും പ്രസക്തമാണ്.

ബാംഗ്ലൂർ വൈറ്റ്ഫീൽഡിലുള്ള എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ (ECC) ഡയറക്ടറായി റവ. ഡോ. ഷാം പി. തോമസ് ജനുവരിയിൽ ചുമതലയേറ്റു. അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. എക്യൂമെനിക്കൽ ദർശന സാക്ഷാത്ക്കാരത്തിനായി ആ സ്ഥാപനയെ നയിക്കുന്നതിൽ അച്ചന്റെ നേതൃത്വം മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇത് കൺവൻഷനുകളുടെ കാലമാണ്. ഭദ്രാസന കൺവൻഷനുകളും സെന്റർ - ഇടവക തലങ്ങളിലുള്ള കൺവൻഷനുകളും നടന്നു വരുന്നു. ഈ വർഷം ഫെബ്രുവരി മാസം 13 മുതൽ 20 വരെയാണ് മാരാമൺ കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ദൈവവചനത്തെ കാലദേശ സമസ്യകൾക്കനുസൃതമായി വ്യാഖ്യാനിക്കുന്നതിൽ കൺവൻഷനുകൾക്ക് വലിയസ്ഥാനമുണ്ട്. ഓരോ കാലഘട്ടത്തിലും സമൂഹത്തിൽ നിലനില്ക്കുന്ന പ്രതിസന്ധികളോടുള്ള വചനാധിഷ്ഠിത പ്രതികരണങ്ങളാണ് കൺവൻഷനുകളുടെ സന്ദേശങ്ങൾ. മാരാമൺ കൺവൻഷൻ മലങ്കരസഭയിൽ ശുചീകരണ പ്രവർത്തനത്തിനും സുവിശേഷഘോഷണത്തിനും ശക്തി പകർന്നു. സനാതനമായതിനെ മുറുകെപിടിക്കുന്നതിനും, അനാചാരങ്ങളെ ചോദ്യം ചെയ്യുന്നതിനും, ആസക്തികളെ അടർത്തി മാറ്റുന്നതിനും, പുനരധിവാസ - അതിജീവനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും വചനകേഴ്വി കാരണമായി. ദൈവവചനത്തിന്റെ ആഴത്തിലുള്ള പഠനവും കാലികമായ വ്യാഖാനവും ഭാരതത്തിന്റെ ഗ്രാമങ്ങളിലേക്ക് സുവിശേഷവുമായി കടന്നുപോകുവാൻ അനേകർക്ക് പ്രേരണയായി. തന്മൂലം ദൗത്യനിർവ്വഹണത്തിൽ നവമാതൃകകൾ സ്വീകരിക്കുന്നതിനും പുതിയ സ്ഥാപനകൾ ആവിർഭവിക്കുന്നതിനും കൺവൻഷൻ കാരണമായിട്ടുണ്ട്. അവ സഭയിലും സമൂഹത്തിലും വരുത്തിയിട്ടുള്ള മാറ്റങ്ങളും സഭയുടെ ദൗത്യനിർവ്വഹണത്തിൽ അത് നല്കിയിട്ടുള്ള പുത്തൻ ദിശാബോധവും പ്രത്യേകം പ്രസ്താവ്യമാണ്.

കോവിഡ് മൂന്നാം തരംഗത്തിന്റെ അതിശീഘ്ര വ്യാപനത്തിന്റെ അവസരത്തിലാണ് 2022 ലെ മാരാമൺ കൺവൻ

ഷൻ നടക്കുന്നത്. ഗവൺമെന്റ് നിർദ്ദേശിക്കുന്ന കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മാത്രമെ കൺവൻഷൻ നടത്തുവാൻ സാധിക്കുകയുള്ളു. പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണത്തിലും പങ്കെടുക്കുന്നവർ പാലിക്കേണ്ട ജാഗ്രത സംബന്ധിച്ചും കൂടുതൽ വിശദാംശങ്ങൾ പുറകാലെ അറിയിക്കുന്നതാണ്. നാം കൂടുതൽ കരുതലും ജാഗ്രതയും പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. യാതൊരു വിധത്തിലുമുള്ള അലംഭാവവും രോഗവ്യാപനത്തിനോ മറ്റ് ബുദ്ധിമുട്ടുകൾക്കോ കാരണമാകരുത്. ഭവനങ്ങളിലിരുന്ന് സൗകര്യപ്രദമായി കൺവൻഷൻ യോഗങ്ങളിൽ പങ്കെടുക്കുവാൻസാധിക്കത്തക്കവിധം ഓൺലൈൻ സംവിധാനങ്ങൾ ക്രമീകരിക്കുന്നതായിരിക്കും. മാരാമൺ കൺവൻഷനിലെ അച്ചടക്കം ശ്രദ്ധേയമാണല്ലോ. അത് അഭംഗുരം തുടരുവാൻ ദൈവം സഹായിക്കട്ടെ. ഈ വർഷത്തെ ക്രമീകരണങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. മഹാമാരിയുടെ കാലത്ത് വചനകേഴ്‌വി അതിജീവനത്തിനുള്ള കരുത്തും സുവിശേഷത്തിനായുള്ള സമർപ്പണവും ജീവിത പാതയിൽ പുത്തൻ പ്രതീക്ഷയും നല്കുന്നതാകട്ടെയെന്ന് പ്രാർത്ഥിക്കാം.

ഫെബ്രുവരി 27 ന് ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നു. 50 നോമ്പ് എന്നും ഇതിനെ വിശേഷിപ്പിക്കുന്നു. കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ നടന്ന 40 ദിവസത്തെ ഉപവാസവും തുടർന്ന് പീഡാനുഭവം, ക്രൂശ് മരണം, ഉയിർത്തെഴുന്നേല്പ് എന്നിങ്ങനെ 10 ദിനങ്ങളും ചേർന്ന് 50 ദിവസം നോമ്പ് ക്രമീകരിച്ചിരിക്കുന്നു. വെള്ളം വീഞ്ഞാക്കുന്ന അടയാളം മുതൽ യേശുവിന്റെ ഉയിർപ്പ് വരെയുള്ള സംഭവങ്ങളെ  ഈ നാളുകളിൽ സഭ ധ്യാനിക്കുന്നു. നോമ്പ് ഉയർപ്പിനായുള്ള ഒരുക്കമാണ്. കേവലം ചില വർജ്ജനങ്ങളിൽ മാത്രം ഒതുക്കി ആചാരത്തിന്റെ അനുഭവമാക്കി നോമ്പിനെ പരിമിതപ്പെടുത്താതെ അപരന് അനുഗ്രഹമാകുന്ന തലങ്ങളിൽ അതിനെ പ്രാവർത്തികമാക്കണം. ഇത് ക്രൂശിലെ ക്ഷ്യമാക്കിയുള്ള ഒരു യാത്രയാണ്. പാപത്തിന്റെ ശീലങ്ങളോട് വിട ചൊല്ലിയും ക്രിസ്തു ഭാവം ഉൾക്കൊണ്ടും പുനരുദ്ധാനത്തിന്റെ ശക്തി അനുഭവിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കി സഹനവഴികളിലുടെയുള്ള സഞ്ചാരമാണ് നോമ്പ്. അതിനായി നമ്മെത്തന്നെ ദൈവകരങ്ങളിലർപ്പിക്കാം.

പട്ടക്കാരുടെ വാർഷിക സമ്മേളനം കോവിഡ് സാഹചര്യത്തിൽ ഓൺലൈനായി ഫെബ്രുവരി മാസത്തിൽ നടത്തുവാൻ താല്പര്യപ്പെടുന്നു. മാറിവന്ന പുത്തൻ സാഹചര്യത്തിൽ പട്ടത്വ ശുശ്രൂഷയുടെ നവമാനങ്ങൾ കണ്ടെത്തുവാൻ വൈദികർക്ക് സാധിക്കണം. നേരിട്ടുള്ള സന്ദർശനങ്ങൾക്ക് പരിമിതികളുണ്ടെങ്കിലും ഓൺലൈൻ ആരാധനകളോടൊപ്പം ഇടവകജനങ്ങളെ ഫോണിലൂടെയോ മറ്റ് മുഖാന്തിരങ്ങളിലൂടെയോ ബന്ധപ്പെടുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ആവശ്യക്കാരിലേക്ക് ഇറങ്ങിചെല്ലുന്നതിന് സന്നദ്ധപ്രവർത്തകരെ സജ്ജരാക്കണം. സാമ്പത്തിക ഞെരുക്കവും മാനസിക പിരിമുറുക്കവും ഏറിവരുന്ന ഈ കാലയളവിൽ ഇടയ ശുശ്രൂഷയുടെ സാംഗത്യം ദുർബലമായി കാണരുത്. പരിമിതികൾ ഉള്ളിടത്ത് പുത്തൻ ഉപാധികൾ കണ്ടെത്തുകയാണ് ആവശ്യം. ലഭ്യമായ സമയം കുടുതൽ വായനയ്ക്കും പഠനത്തിനുമായി വിനിയോഗിക്കണം. സെമിനാരി പഠനവും പ്രായോഗിക പരിശീലനവും പൂർത്തീകരിച്ച് വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റിക്ക് മുന്നിൽ വന്നവരെ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിപ്പിക്കുന്നതിന് ശുപാർശ നല്കിയിട്ടുണ്ട്. ഈ നാളുകളിൽ പ്രാർത്ഥനയോടും ദൈവാശ്രയബോധത്തോടും ശുശ്രൂഷയ്ക്ക് വേണ്ടി ഒരുങ്ങുവാൻ അവർക്കിടയാകേണ്ടതിനായി ഏവരും പ്രാർത്ഥിക്കണം.

പുതുതായി രൂപീകൃതമായ സഭാ കൗൺസിൽ കൂടി വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ചു. സഭയുടെ ആകമാന പ്രവർത്തനങ്ങൾക്കും സ്ഥാപനകളുടെ സുഗമമായ വളർച്ചയ്ക്കും ഇവ സഹായകരമാകണം. 2021-22 സാമ്പത്തിക വർഷം അവസാനിക്കുകയാണല്ലോ. ഇടവകസംബന്ധമായും സഭാസംബന്ധമായും പൂർത്തിയാക്കേണ്ട സാമ്പത്തിക ഇടപാടുകൾ കുടിശ്ശിക വരുത്താതെ നല്കേണ്ടതാണ്. സഭയുടെ പാൻ കാർഡ് ഉപയോഗിച്ചിട്ടുള്ള എല്ലാ ഇടവകകളും സ്ഥാപനകളും  ഭദ്രാസനങ്ങളും കണക്കുകൾ തയ്യാറാക്കുമ്പോൾ FCRA / PAN നിബന്ധനകൾ കൃത്യമായി പാലിക്കുകയും സമയബന്ധിതമായി കണക്കുകൾ പൂർത്തീകരിച്ച് സഭാ ആഫീസിൽ ഏല്പിക്കുകയും വേണം. ഇടവക ചുമതലക്കാരും ഭദ്രാസന ചുമതലക്കാരും ഈ കാര്യങ്ങളിൽ വീഴ്ച വരുത്താതെ ശ്രദ്ധിക്കണം. ഇടവക തലത്തിൽ പുതിയ സാമ്പത്തിക വർഷത്തിലേക്കുള്ള  തിരഞ്ഞെടുപ്പുകൾ ഫെബ്രുവരി മാസം നടക്കുകയാണല്ലോ. തെരഞ്ഞെടുപ്പുകൾ വിഭാഗീയതയ്ക്കും വിദ്വേഷത്തിനും കാരണമാകാതെ ഉത്തമസ്വഭാവവും കാര്യപ്രാപ്തിയും ഉള്ളവരെ സഭാഭരണഘടനാനുസൃതം ഓരോ സ്ഥാനങ്ങളിലേക്കും തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

അഖിലലോക സഭൈക്യ പ്രാർത്ഥനാവാരം ജനുവരി മൂന്നാം വാരം നടത്തപ്പെട്ടു. വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കപ്പെട്ട ഐക്യപ്രാർത്ഥനാ കൂട്ടായ്മയിൽ ഇതര സഭാ നേതാക്കളോടൊപ്പം സംബന്ധിപ്പാൻ സാധിച്ചത് വളരെ ഹൃദ്യമായ അനുഭവമായിരുന്നു. 'നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണം' എന്ന കർത്തൃപ്രാർത്ഥന യാഥാർത്ഥ്യമാകുവാൻ ഇത്തരത്തിലുള്ള സംരഭങ്ങൾ മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ തൃശൂർ എബനേസർ മാർത്തോമ്മാ ഇടവകാംഗമായ ശ്രീമതി ശോശാമ്മ ഐപ്പിന് രാഷ്ട്രം പത്മശ്രീ അവാർഡ് നൽകി ആദരിച്ചു എന്നത് അഭിമാനകരമാണ്. വംശനാശത്തിന്റെ വക്കിൽ നിന്നും വെച്ചൂർ പശുവിനെ കണ്ടെടുത്ത് സംരക്ഷിക്കുകയും അവയുടെ വംശവർധനയ്ക്കുവേണ്ടി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്ത് അവാർഡിന് അർഹയായ ശോശാമ്മാ ഐപ്പിനെ സഭയുടെ പേരിൽ അഭിനന്ദിക്കുന്നു.

നമ്മുടെ സഭയിലെസീനിയർ വൈദികരിലൊരാളായ റവ. സി. വി.ജോർജ്ജ് കർത്തൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കർമ്മോത്സുകമായ പ്രവർത്തനശൈലി അച്ചന്റെ ഒരു പ്രത്യേകതയായിരുന്നു. ഏത് പ്രായക്കാരോടും ചെറുപുഞ്ചിരിയോടെ ഇടപെടുന്നതിന് അച്ചന് സാധിച്ചു. സഭയുടെവിവിധ ഇടവകകളിലും സ്ഥാപനകളിലും അച്ചൻ നല്കിയ നേതൃത്വം നന്ദിയോടെ ഓർക്കുന്നു. ദുഖാർത്ഥരായ കുടുംബാംഗങ്ങളെ ദൈവകരങ്ങളിലർപ്പിക്കാം. തെന്നിന്ത്യ സഭ (CSI) യുടെ ജനറൽ സെക്രട്ടറിയായി ദീർഘ വർഷങ്ങൾ പ്രവർത്തിച്ച പ്രൊഫ. ജോർജ്ജ് കോശി നിര്യാതനായി. സി.എസ്. ഐ - സി. എൻ. ഐ - മാർത്തോമ്മാ സഭകളുടെ ജോയിന്റ് കൗൺസിൽ കമ്മ്യൂണിയൻ ഓഫ് ചർച്ചസായി മാറുന്ന നിർണ്ണായക ഘട്ടത്തിൽ ആ സമിതിയുടെ ജനറൽ സെക്രട്ടറിയായും സ്തുത്യർഹമായ സേവനം നിർവ്വഹിച്ചിരുന്നു. ഈ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ഫെബ്രുവരി മാസത്തിലെ ഏവൻഗേലിയോൻ ധ്യാനങ്ങൾ സൃഷ്ടിയുടെ വീഴ്ചയെക്കുറിച്ചും സമഗ്രമായ വീണ്ടെടുപ്പിനെക്കുറിച്ചും ഉള്ളവയാണ്. സൃഷ്ടിയോടുള്ള കടപ്പാടുകൾ അർത്ഥവത്തായി നിറവേറ്റുവാൻ കഴിയുന്നതാണ് നമ്മുടെ ആത്മീയ സാക്ഷാത്കാരം. ഫെബ്രുവരി 6 മെഡിക്കൽ മിഷൻ ഞായർ ആയി നാം ആചരിക്കുന്നു. 'ശരീരാത്മദേഹികളുടെ സൗഖ്യം' എന്നതാണ് ധ്യാനവിഷയം (വി. മർക്കോസ് 5:25-34). ശരീരവും ആത്മാവും ദേഹിയും ഒരുമിച്ചു ചേരുന്ന മനുഷ്യന്റെ സൗഖ്യം ഒരു ആത്മീക വിഷയം ആണ്. യേശു കർത്താവിന്റെ ശുശ്രൂഷയിൽ പ്രസംഗത്തിനും പ്രബോധനത്തിനും സൗഖ്യദാനത്തിനും (Preaching, Teaching and Healing) ഒരുപോലെ പ്രാധാന്യം നൽകിയിരുന്നുവല്ലോ. അനുതാപത്തിലൂടെയും വിശ്വാസത്തിലൂടെയും യേശുവിനെ സമീപിക്കുന്നതാണ് രക്ഷാകരമാകുന്നത്. രോഗം സകല വിഭവങ്ങളെയും കാർന്നു തിന്നുന്നു. ശരീരവും ആത്മാവും മനസ്സും തളർന്നു പോകുന്നവർക്കു സൗഖ്യവും ജീവനും പകരുന്ന യേശുവിന്റെ തുടർ ശുശ്രൂഷ നിർവ്വഹിക്കുവാൻ സഭയായി നാം വിളിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം ശുശ്രൂഷകൾ തുടരുവാൻ ദൈവം നമ്മുടെ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളിലൂടെ സഹായിക്കട്ടെ.

ഫെബ്രുവരി 13 ഞായർ, 'മഹത്വകരമായ ദൈവീകസൃഷ്ടി' എന്ന ചിന്താവിഷയമാണ് ലഭിച്ചിരിക്കുന്നത് (വി.മത്തായി 6:26-34). ദൈവം സൃഷ്ടിച്ചു നൽകിയ പ്രകൃതി മുഴുവൻ ദൈവമഹത്വത്തെ പ്രതിഫലിപ്പിക്കുന്നു (സങ്കീ. 19). ദൈവബന്ധത്തിൽ സൃഷ്ടിയെ സമീപിക്കുവാൻ ആണ് യേശു ആവശ്യപ്പെടുന്നത്. ജീവജാലങ്ങളുടെ സന്ധാരണത്തിനും പുലർച്ചയ്ക്കും ദൈവം നൽകിയിട്ടുള്ള സ്വാഭാവിക ക്രമീകരണങ്ങൾ നമ്മിൽ അത്ഭുതം ഉളവാക്കും. സൃഷ്ടിയിലേക്കുള്ള മനുഷ്യ കടന്നുകയറ്റങ്ങൾ പ്രകൃതിയെ രൗദ്രഭാവം കൊള്ളിക്കുന്നുണ്ട്. പ്രകൃതിയുടെ മടിത്തട്ടിൽ ഇരുന്നു ദൈവവചനം കേൾക്കുന്ന സന്ദർഭം ആണല്ലോ മാരാമൺ കൺവൻഷൻ. ഒരു പ്രകൃതി സൗഹൃദ ആദ്ധ്യാത്മികത എല്ലായിടത്തും രൂപപ്പെടേണ്ടത് ജീവന്റെ നിലനില്പിന് അനിവാര്യമാണ്.

ഫെബ്രുവരി 20 ഞായറാഴ്ച സഭ ധ്യാനിക്കുന്നത് 'സൃഷ്ടിയുടെ വീഴ്ച' എന്ന വിഷയമാണ് (വി. മത്തായി 7:13-21). ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട, സൃഷ്ടിയുടെ ഭാഗമായ മനുഷ്യരിൽ പാപം കടന്നതു മൂലമാണ് സൃഷ്ടി വീണുപോയത്. തങ്ങൾ സൃഷ്ടിയുടെ ഭാഗം ആണെന്നും സൃഷ്ടിയുടെ നന്മ പുലരുന്നതിലൂടെയാണ് തങ്ങളുടെ തന്നെ നിലനില്പ് എന്നും തിരിച്ചറിയുന്നവരാണ് ദൈവമക്കൾ. പാപത്തിന്റെ ദാസ്യത്തിൽ ഞരങ്ങുന്ന സൃഷ്ടി ദൈവപുത്രരുടെ വെളിപ്പാടിനു വേണ്ടി കാത്തിരിക്കുകയാണ് (റോമ. 8:19). അതു നമ്മിലൂടെ യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഫെബ്രുവരി 27 ഞായറാഴ്ച വലിയ നോമ്പ് ആരംഭമാണല്ലോ. 'സൃഷ്ടിയുടെ പുതുക്കം' എന്നതാണ് ധ്യാനവിഷയം (വി.യോഹ. 2:1-11). കാനാവിലെ കല്യാണ വിരുന്നിൽ പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയതാണ് ഏവൻഗേലിയോൻ സാരാംശം. വിഭവങ്ങളുടെ സമൃദ്ധി, ദൈവീകസ്പർശത്താലും മാനുഷിക അദ്ധ്വാനത്താലുമാണ് ഉണ്ടാകുന്നത്. പ്രകൃതിയെയും സൃഷ്ടിയെയും അമിതചൂഷണം ചെയ്ത് സന്തോഷം നിലനിർത്താമെന്ന് മനുഷ്യർ മോഹിക്കുമ്പോൾ അതു നിസ്സഹായതയും ദുര്യോഗവും ഉണ്ടാക്കിവയ്ക്കും. യേശുവിനെ ജീവിതത്തിലേക്ക് ക്ഷണിക്കുകയും കർത്തൃത്വം അംഗീകരിക്കുകയും ചെയ്താൽ സൃഷ്ടി പുതുക്കപ്പെടും. യേശുവിനോട് അനുസരണവും വിധേയത്വവും കാണിക്കുമ്പോൾ നവീകരണം സംഭവിക്കും. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു (2 കൊരി. 5: 17). ക്രിസ്തുവിനാൽ പുതുക്കപ്പെടുന്ന മനുഷ്യരാകാനും തന്മൂലം സൃഷ്ടി മുഴുവനും പുതുക്കപ്പെടാനും ഈ നോമ്പാചരണവും ധ്യാനങ്ങളും നമ്മെ സഹായിക്കട്ടെ

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26. 01. 2022.



# മാധുര്യമേറിയ വചനം

> സത്യാന്വേഷകരെ സഭയ്ക്കു വേണ്ടി കണ്ടെത്തുകയും അവരോടൊപ്പം അവരുടെ ഭാരങ്ങൾ ദൈവ സന്നിധിയിൽ ഇറക്കിവെച്ച് ആശ്വാസം പകരുന്ന അനുഭവം എത്രയോ ശ്ലാഘനീയമാണ്. നമ്മുടെ വൈദികരും സുവിശേഷകരും സെമിനാരി വിദ്യാർത്ഥികളും ദയറായാക്കാരും ചേർന്ന് നടത്തുന്ന ഈ യജ്ഞത്തിൽ നമുക്കും പങ്കു ചേരാം 127 –ാം മാരാമൺ മഹായോഗം നമുക്ക് അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും നാളുകളായിരിക്കട്ടെ.

വചനോത്സവങ്ങളുടെ വരവായി. മാരാമൺ മഹായോഗത്തോടെ അതിന്റെ പരിസമാപ്തി കുറിക്കുകയാണ്. തിരുവചനം കേൾക്കുന്നതിനായി ജനം ഒഴുകി എത്തുകയാണ്. യജമാനന്മാരേ, ഞങ്ങൾക്ക് യേശുവിനെ കാണണം എന്ന അദമ്യമായ ആഗ്രഹവും കൊതിയുമാണ് അന്നും ഇന്നും സത്യാന്വേഷകരെ മാരാമണ്ണ് എത്തിക്കുന്നത്. പ്രസംഗത്തിന്റെ നിസ്തുലതയിൽ അനേകർ രക്ഷയുടെ മാർഗ്ഗത്തിലേക്ക് തിരിയുന്നു എന്ന് വചനവും നമ്മോടു ഘോഷിക്കുന്നു. കോവിഡ് –19, ഒമിക്രോൺ ഇവ നമ്മെ അസ്വസ്ഥരാക്കുന്നു. രണ്ടു വർഷമായി തുടരുന്ന ഈ വൈറസ് വ്യാപനം നമ്മുടെ സ്വപ്നങ്ങളൊക്കെ തകർത്തു കളയുന്നു. ജീവിക്കാൻ ആശയും ആവേശവും നൽകുന്നതാണ് തിരുവചനവും അതിന്റെ മനനവും. “തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം അവ എന്റെ വായ്ക്ക് തേനിലും നല്ലത്” (സങ്കീ. 119:103). അത് രുചിച്ചറിയാൻ നമുക്ക് കഴിയണം. ഈ കാലഘട്ടത്തിൽ സുവിശേഷത്താൽ മഥിച്ചു പോന്നവരാണ് കലമണ്ണിൽ വന്ദ്യ ദിവ്യശ്രീ. കെ.ഈ. ഉമ്മൻ അച്ചനും ആദരണിയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയും. ഇവർ നമുക്ക് മാതൃകയാകട്ടെ. ഇന്ന് വേദപുസ്തക വായന കുറഞ്ഞു വരുന്നു. നമ്മുടെ കുടുംബങ്ങളിൽ തിരുവചന ധ്യാനം പ്രോത്സാഹിക്കപ്പെടണം. വചനത്തിന്റെ സാരം സത്യമാണ് എന്ന് ബോദ്ധ്യപ്പെടണം. വചനമാകുന്ന ക്രിസ്തുയേശുവിനെ അനുഭവിച്ച് അറിയുന്നതിനും പിൻതുടരുന്നതിനും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനും ശ്രീ യേശു എന്ന രക്ഷിതാവിനെ പങ്കുവയ്ക്കുന്നതിനും ഈ മഹായോഗം നമ്മെ ശക്തീകരിക്കട്ടെ.

മാരാമൺ കൺവൻഷന്റെ അവിഭാജ്യ ഘടകങ്ങളിൽ ഒന്നാണ് ആളാം പ്രതിവേല. സത്യാന്വേഷകരെ സഭയ്ക്കു വേണ്ടി കണ്ടെത്തുകയും അവരോടൊപ്പം അവരുടെ ഭാരങ്ങൾ ദൈവ സന്നിധിയിൽ ഇറക്കിവെച്ച് ആശ്വാസം പകരുന്ന അനുഭവം എത്രയോ ശ്ലാഘനീയമാണ്. നമ്മുടെ വൈദികരും സുവിശേഷകരും സെമിനാരി വിദ്യാർത്ഥികളും ദയറായാക്കാരും ചേർന്ന് നടത്തുന്ന ഈ യജ്ഞത്തിൽ നമുക്കും പങ്കു ചേരാം 127 –ാം മാരാമൺ മഹായോഗം നമുക്ക് അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും നാളുകളായിരിക്കട്ടെ.

ഈ നാളുകളിലെല്ലാം താരകയിലെ വിചാര ദീപ്തിയിലൂടെ നിങ്ങളോട് സംസാരിക്കുന്നതിന് ദൈവം കൃപ ചെയ്തു. ദൈവത്തിന് സ്തോത്രം. പുതിയ ചുമതലക്കാരനായി അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയെ ബഹുമാനപ്പെട്ട സിനഡ് നിയോഗിച്ചിരിക്കുന്നു. വന്ദ്യ തിരുമേനിക്കും താരക എഡിറ്റോറിയൽ ബോർഡിനും നല്ല ആശംസകൾ, കർത്താവ് അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ,

**ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

തിരുവനന്തപുരം

എഡിറ്റോറിയൽ

# വായന
## ഓർമ്മച്ചെപ്പ് തുറക്കൽ

വായനയിലാണ് മനുഷ്യസംസ്കൃതി രൂപപ്പെട്ടത്. ഇപ്പോഴും മൂല്യങ്ങൾ പുനർനിർവ്വചിക്കപ്പെടുന്നതും ശീലങ്ങൾ മാറിമറിയുന്നതും വായനയിലൂടെയാണ്. വായനയുടെ തീരങ്ങളിലാണ് കരുണയുടെ കടൽക്ഷോഭങ്ങൾ ഉണ്ടാകുന്നത്. അത് എല്ലാം തകർത്തു മടങ്ങുകയല്ല ചില അവബോധങ്ങൾ പകർന്നുനൽകി ശാന്തമായി മടങ്ങുന്നു. ഓരോ വിശ്വാസിക്കും അവരുടെ മതഗ്രന്ഥം പ്രിയമേറിയതാണ്. അത് വായിക്കുന്നത് മതബോധം സൃഷ്ടിക്കപ്പെടുന്നതിലെ ശീലമാണ്. വചനം വായിക്കാതിരുന്നാൽ മതബോധത്തിൽ നിലനിൽക്കുന്ന ഒരാൾക്ക് ശ്വാസം കിട്ടാതെ പോകും. അത് ജീവനോളം വിലയുള്ള ശീലമാണ്. അതിലൂടെയാണ് അവൻ തന്റെ സ്വത്വം നിർണ്ണയിക്കുന്നത്. അത് ഇതിനുമുമ്പ് വായിച്ചവരുടെയൊക്കെ ജീവിതവും അവയുടെ ഓർമ്മകളുമായി ബന്ധപ്പെട്ടിരിക്കുന്നു. വായനയും പുനർവായനയുമില്ലാതെ ഒരുവൻ തന്നെത്തന്നെ കണ്ടെത്തുകയില്ല. തന്നെ കണ്ടെത്തുവാനുള്ള പരിശ്രമത്തിലൂടെ അവൻ ദൈവത്തിങ്കലേക്ക് വലിച്ചടുപ്പിക്കപ്പെടുകയാണ്.

ജീവിതം അർത്ഥം പിടികിട്ടാത്ത ഒരു സമസ്യയാണ് എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ അതിനപ്പുറം 'ജീവിതം ഒരു മോണാലിസ ചിരിയാണ്' എന്ന ദീപാനിശാന്തിന്റെ പുസ്തകത്തിന്റെ ആമുഖക്കുറിപ്പിൽ ബെന്യാമീൻ പറയുന്നത് ശ്രദ്ധേയമാണ്. 'കാലങ്ങളായി അളന്നിട്ടും പഠിച്ചിട്ടും നിരീക്ഷിച്ചിട്ടും ഇനിയും കണ്ടുപിടിക്കാനാവാത്ത മോണാലിസയുടെ നിഗൂഢമായ മുഖംപോലെ ഈ വരികൾക്കിടയിൽ ഒളിച്ചുകിടക്കുന്ന വികാരം ചിരിയോ കരച്ചിലോ വേദനയോ നൊമ്പരമോ എന്നറിയാൻ കഴിയാത്തതിന്റെ ഒരു വശ്യത ഈ കുറിപ്പുകളിലുണ്ട്'. ഇതുതന്നെയാണ് ബൈബിളിനെക്കുറിച്ചുള്ള ആസ്വാദനം. മനുഷ്യജീവിതത്തെ എല്ലാതലങ്ങളിലും സ്പർശിക്കുന്ന വൈകാരികഭാവങ്ങളും ആളത്വത്തെ സ്വാധീനിക്കുന്ന ജീവിതസമീപനങ്ങളുടെ ആഴമേറിയ തലങ്ങളും ബൈബിളിലുണ്ട്. നാം ഇതുവരെ എത്ര വായിച്ചിട്ടും അവയുടെ ഗഹനതയുടെ അല്പം മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

അനേകരുടെ ഓർമ്മകൾ വിശ്വാസജീവിതത്തിൽ ചാലിച്ചെടുത്ത് സംസ്കൃതിയുടെ ഉലയിൽ ഉരുക്കി രൂപപ്പെടുത്തിയെടുത്തിയതാണ് ബൈബിൾ കഥകൾ. അവയ്ക്ക് ഇന്നും നൂതനമായ അർത്ഥതലങ്ങൾ പകരപ്പെടുന്നു എന്നതാണ് അതിന്റെ വശ്യത. അതിലൂടെയാണ് ഇന്നിന്റെ ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നത്. മോണിലിസ ചിരിപോലെ നിർവ്വചിച്ച് തീർക്കാനാവാത്ത ഒരുപാട് സുന്ദരദൃശ്യങ്ങൾ ബൈബിളിൽ കോർത്തിണക്കിയിരിക്കുന്നു. വചനതീരങ്ങൾ വായനയുടെ പുത്തൻ തലങ്ങളിലേക്ക് നമ്മെ കൊണ്ടുപോകുന്നു. എഴുതിയില്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്ന മർക്കോസിന്റെ ചിന്തപോലെ വായിച്ചില്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു കരുതുന്നവൻ വിശ്വാസതീർത്ഥയാത്ര ആരംഭിച്ചു കഴിഞ്ഞു. വചനം ദൈവമാണെങ്കിൽ വായന തീർത്ഥാടനമാണ്. വായന തീർത്ഥാടനമാണെങ്കിൽ അത് ദൈവത്തിങ്കലെത്താതെ തരമില്ല.

വായനയുടെയും പുനർവായനയുടെയും തീരത്തേക്കാണ് ദൈവം നമ്മെ ക്ഷണിക്കുന്നത്. വ്യാഖ്യാനങ്ങളിലെല്ലാം പുനർവായനയുണ്ട്. അങ്ങനെ വ്യാഖ്യാനിച്ചത് ശരിയായില്ല എന്നു പറയുമ്പോഴും അതിൽ വ്യത്യസ്തമായൊരു വായനയുണ്ട്. വചനം 126 സംവത്സരം ഒഴുകിയ തീരത്തേക്ക് നാം അടുക്കുമ്പോൾ അത് നമ്മിലൂടെ ഒഴുകട്ടെ. അനേകരുടെ ഓർമ്മകളിലാണ് വചനം ജീവിക്കുന്നത്. നമ്മുടെ ഓർമ്മകളിലൂടെ വരുംതലമുറയിലേക്ക് അത് പകരപ്പെടട്ടെ. അത് നമ്മെ ശുദ്ധീകരിക്കട്ടെ. നമ്മുടെ ദാഹം തീർക്കട്ടെ,



നമ്മെ രൂപാന്തരപ്പെടുത്തട്ടെ, നമ്മെ കർമ്മോന്മുഖരാക്കട്ടെ. വചനത്തിന്റെ തീരത്ത് വെളിച്ചത്തിന്റെ തുരുത്തുകളായി നമുക്കിരിക്കാം. ചതിയുടെയും, ക്രൂരതയുടെയും പകപോക്കലുകളുടെയും, അതിക്രമങ്ങളുടെയും പ്രളയത്തെ നമുക്ക് അതിജീവിക്കാം. സ്നേഹത്തിന്റെയും കരുണയുടെയും കരുതലിന്റെയും സഹവർത്തിത്വത്തിന്റെയും നന്മയുടെയും നദിയായി നമുക്ക് ഒഴുകാം. വചനത്തിന്റെ നദി നമ്മിലൂടെ ഒഴുകി ഇരുകരകളെയും ഫലഭൂയിഷ്ഠമാക്കി ഓരോ മാസവും വ്യത്യസ്ത ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങൾ വളരുമാറാക്കട്ടെ. വചനോത്സവത്തിലേക്ക് സ്വാഗതം.

മലങ്കര സഭാതാരകയുടെ അക്ഷരക്കൂട്ടുകൾക്ക് നാല് സംവത്സരങ്ങളിലധികം നിറവും ഊർജ്ജവും പകർന്ന് അദ്ധ്യക്ഷപദവിയിൽ നിന്ന് പടിയിറങ്ങുന്ന അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയോടുള്ള കടപ്പാടും നന്ദിയും താരകകുടുംബത്തിനും തിരുസഭയ്ക്കും വേണ്ടി രേഖപ്പെടുത്തുന്നു. പുതിയ അദ്ധ്യക്ഷനായി ചുമതലയേൽക്കുന്ന അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ തിരുമേനിയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു ●

> "മനുഷ്യത്വം പൂർണ്ണമായി വികസിച്ചിട്ടുള്ളവർക്ക് ആരെ സ്നേഹിക്കണം, ആരെ വെറുക്കണം എന്നൊക്കെ അറിയാം"
>
> **കൺഫ്യൂസെസ്**



ധ്യാനചിന്ത

# വചന പ്രഘോഷണം കുട്ടിക്കളിയല്ല

## വി. ലൂക്കോസ് 7:31 – 35



**റവ. ബ്ലൈസു വർഗീസ്**, കാട്ടാക്കട

വചനം ജഡമായിത്തീർന്ന ക്രിസ്തുവിനെ വർത്തമാനകാല യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി സംവേദനം ചെയ്യപ്പെടുന്ന മാർഗ്ഗമാണല്ലോ കൺവൻഷൻ യോഗങ്ങൾ. ഓൺലൈൻ പ്രസംഗങ്ങളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും കാലഘട്ടത്തിൽ വചനപ്രഘോഷണം വേറൊരു തലത്തിലേക്ക് മാറിയിരിക്കുന്നു. വചന വ്യാഖ്യാനങ്ങളുടെ ലക്ഷ്യവും ഫലപ്രാപ്തിയും സാമൂഹ്യമാറ്റത്തിനും വ്യക്തിപരമായ മനഃന്തിരിവിനും സർവ്വോപരി നവോത്ഥാനത്തിനും കാരണമായി ഭവിക്കുന്നുവോയെന്നും നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. മ്ശിഹാ മുന്നേറ്റത്തിനു വഴിയൊരുക്കിയ സ്നാപക യോഹന്നാൻ ധീരമായി വചനഘോഷണം നിറവേറ്റിയവനാണ്. തന്റെ ശുശ്രൂഷകളുടെ പരിസമാപ്തിയിൽ യേശുകർത്താവിനോട് വരുവാനുള്ളവൻ നീ തന്നെയോ എന്ന് തന്റെ ശിഷ്യന്മാരിലൂടെ ആരാഞ്ഞപ്പോൾ യേശുകർത്താവ് നൽകുന്ന മറുപടിയാണ് പരാമർശിതമായ വേദഭാഗം.

ബാല്യകാലത്ത് യേശു മറ്റു കുട്ടികളോടൊപ്പം ഇരുന്ന് കളിച്ചതിനെപ്പറ്റി കൗതുകകരമായ ഇതിഹാസ കഥകളുണ്ട്. എന്നാൽ കാനോനിക സുവിശേഷങ്ങളിൽ യേശുവിന്റെ ജ്ഞാനാന്വേഷണവും മുതിർന്നവരോടും മാതാപിതാക്കളോടുമുള്ള വിധേയത്വവും ബഹുമാനവുമാണ് കാണാനാവുക (ലൂക്കൊസ് 2:40–52). യേശുവിന്റെ ബാല്യകാല കേളികളുടെ അനുസ്മരണമല്ലെങ്കിലും തന്റെ വചനഘോഷണത്തിന്റെ മധ്യേ കൺമുൻപിൽ ചന്ത സ്ഥലത്ത് കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ദൃശ്യമായിരിക്കണം ഈ ഉപമയ്ക്ക് പശ്ചാത്തലം. മറ്റൊരർത്ഥത്തിൽ തന്റെയും സ്നാപകയോഹന്നാന്റെയും പ്രവർത്തനങ്ങളുടെ വിശകലനം കൂടിയായി ഈ വേദഭാഗത്തെ മനസ്സിലാക്കാവുന്നതാണ്. വിലാപയാത്രയും വിവാഹാഘോഷവുമായിരുന്നു കുട്ടിക്കളികളുടെ വിഷയം. സ്നാപക യോഹന്നാന്റെ മാർഗ്ഗം ഏകാന്തധ്യാനത്തിന്റെയും തപസ്യയുടെയും വിലാപവേഷമണിഞ്ഞതായിരുന്നെങ്കിൽ യേശുവിന്റെ രീതികൾ വിവാഹാഘോഷത്തിന്റെ വാദ്യ സംഗീതത്തെയും ആഹ്ലാദനൃത്തത്തെയും ഓർമ്മപ്പെടുത്തുന്നതാണ്. യഹൂദ മതം മനുഷ്യനെ വിലാപവേഷമണിയിക്കുന്നതായിരുന്നെങ്കിൽ ക്രിസ്തുമാർഗ്ഗം ഉള്ളിൽ ആനന്ദനൃത്തം വയ്ക്കുന്നതും പുറത്തു രക്ഷയുടെ സുവാർത്ത വിളിച്ചറിയിക്കുന്നതുമായിരുന്നു. ഒന്നാമത്തേത് അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിച്ചുവെങ്കിൽ രണ്ടാമത്തേത് ദിവ്യസ്നേഹത്തിന്റെ പുതുവീഞ്ഞു കുടിച്ചു ആനന്ദ ലഹരിയിൽ ആറാടിക്കുന്നതും ആവേശനൃത്തം ചെയ്യിക്കുന്നതുമായിരുന്നു.

മാനസാന്തരത്തിലേക്കു വെല്ലുവിളിച്ച സ്നാപക യോഹന്നാന്റെ ശൈലി സന്യാസജീവിതവും വനവാസവുമാണ്. മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദമായി ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറുമണിഞ്ഞ് വെട്ടുക്കിളിയും കാട്ടുതേനും ഭുജിച്ചുകൊണ്ട് കർത്താവിന്റെ മുന്നോടിയായി പ്രവർത്തിച്ചു. സ്നാപകയോഹന്നാന്റെ ജനനവിവരണത്തിൽ തന്നെ 'യഹോവയുടെ ദാനം' എന്നർത്ഥമുള്ള പേർ ഇടണമെന്നും, അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും, വീഞ്ഞും മദ്യവും കുടിക്കയില്ല, യിസ്രായേൽ മക്കളിൽ പലരെയും ദൈവമായ കർത്താവിങ്കലേക്കു തിരിച്ചു വരുത്തുകയും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്ക് തിരിക്കയും ചെയ്തുകൊണ്ട് ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ നടക്കുമെന്നു പ്രവചിക്കപ്പെട്ടിരുന്നു.

അഥർവ്വവേദത്തിന്റെ ഭാഗമായ ആശ്രമ ഉപനിഷത്തുകളിൽ കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ, തുരിയാതീതൻ, അവധൂതൻ എന്നിങ്ങനെ സന്യാസിമാർ 6 വിധമുണ്ടെന്നു വിവക്ഷിക്കുന്നു. കാവി വസ്ത്രം ധരിച്ചു ഭിക്ഷയെടുത്ത് ജീവിക്കുന്ന

കുടുമിയും ദീക്ഷയും യ്ജ്ഞോപ വീതവും ധരിച്ച് ഗൃഹകാര്യങ്ങൾ മറ്റുള്ളവരെ ഏല്പിച്ചിട്ട് സന്യസിക്കാൻ തുടങ്ങുന്നവരാണ് കുടീചകൻ. ബഹൂദകൻ അറിവും ലോക പരിചയവുമുള്ള വളരെ കരുതി പ്രവർത്തിക്കുന്ന ഭിക്ഷുവാണ്. ഹംസൻ സർവ്വസ്വതന്ത്രനും അജ്ഞാനാന്ധകാരത്തെ ഇല്ലാതാക്കുന്നവനുമായ അദ്ധ്യാത്മ ഗുരുവാണ്. പാലും വെള്ളവും ചേർത്തു വച്ചാൽ ഹംസം പാൽ മാത്രം സ്വീകരിക്കുന്നതുപോലെ ഗുണദോഷ സമ്മിശ്രമായ വസ്തുക്കളിലും അനുഭവങ്ങളിലും നിന്നു ഗുണമുള്ളതുമാത്രം സ്വീകരിക്കുന്ന ആത്മജ്ഞാനിയാണ് ഹംസൻ. പരമഹംസൻ ജ്ഞാനികളിൽ അത്യുത്തമനും ശിഷ്യന്മാർക്ക് ഉപദേശം നൽകാൻ അർഹത നേടിയവനുമാണ്. തുരിയാതീതൻ ലേശംപോലും അലസതയില്ലാത്തവനത്രെ. സദാ ജാഗ്രതയും സൂക്ഷ്മതയും വേഗതയുമുള്ളയാൾ. അവധൂതൻ ലോകം ത്യജിച്ചു സർവ്വസംഗപരിത്യാഗിയായി, ദിവൈക്യവും അമാനുഷിക ശക്തിയും നേടിയ ആത്മനിഷ്ഠനായ യോഗിയാണ് എന്നു പറയുന്നു. അത്തരത്തിൽ ആറുവിധ സന്യാസ ലക്ഷണങ്ങളും ഒത്തിണങ്ങിയ ഒരുവനായിരുന്നു സ്നാപക യോഹന്നാനെന്നു പറഞ്ഞാലും യഹൂദർ അദ്ദേഹത്തെ പൂർണ്ണമായി അംഗീകരിക്കുകയോ ആദരിക്കുകയോ ചെയ്യാതെ അവനിൽ ഭൂതമുണ്ടെന്ന് ആക്ഷേപിച്ചു. യോർദ്ദനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചപ്പോൾ ഒരു ചെറിയ കൂട്ടം കാതോർത്തുവെങ്കിലും പ്രസംഗിപ്പാൻ യോഹന്നാനെ പ്രേരിപ്പിച്ചത് ഏലിയാവിന്റെ ആത്മാവോ, ഏലിയാവിനെ പ്രേരിപ്പിച്ച ദൈവത്തിന്റെ പ്രവചനാത്മാവോ അല്ല, മറിച്ച് അവനിലുള്ള ഭൂതത്തിന്റെ ആവേശമാണെന്നായിരുന്നു ആരോപണം. അക്കാലത്തെ ഭരണാധിപരുടെയോ ജനനേതാക്കളുടെയോ മത പുരോഹിത വർഗ്ഗത്തിന്റെയോ താളത്തിനനുസരിച്ച് തുള്ളാൻ സ്നാപക യോഹന്നാൻ വിസമ്മതിച്ചു. അവരുടെ ഉത്സവാഘോഷങ്ങളിലും ഉല്ലാസ നൃത്തങ്ങളിലും പങ്കുചേർന്നില്ല. അവസാനം, നർത്തകിയുടെ ആഗ്രഹത്തിനായി രാജാവ് സ്നാപക യോഹന്നാന്റെ തല കൊയ്യുന്നു.

ക്രൂശെടുത്തു അനുഗമിപ്പാൻ ആഹ്വാനം ചെയ്യുന്ന ക്രിസ്തുയേശുവും ശിഷ്യന്മാരും സന്യസിച്ചില്ല, ഉപവസിച്ചില്ല, വാടിയ മുഖം കാട്ടിയില്ല. വിളറിയ മുഖമോ മ്ലാനമായ ഭക്തി പ്രകടനങ്ങളോ കൃത്രിമമായി എന്തെങ്കിലും ചെയ്യുകയോ അഭിനയിക്കുകയോ ചെയ്തില്ല. അവർ കല്യാണ വീടുകളിൽ പോയി സൽക്കാരങ്ങളിൽ പങ്കുകൊണ്ട്, ചുങ്കക്കാരുടെയും പാപികളുടെയും ഒപ്പം പന്തിക്കിരുന്നു. അന്നത്തെ കപട ഭക്തരുടെ ഭക്തിനാട്യത്തിൽ പങ്കുചേരുകയോ മതനേതാക്കളുടെ വിലാപത്തിൽ താളത്തിനൊപ്പിച്ചു നെഞ്ചത്തടിക്കുകയോ ആചാരങ്ങളിൽ അവരെ അനുകരിക്കുകയോ ചെയ്തില്ല. ശബ്ബത്താചരിച്ചു നന്മ ചെയ്യാതിരിക്കുന്നിനെക്കാൾ ശബത്തു ലംഘിച്ചാലും രോഗികളെ സൗഖ്യമാക്കുന്നതാണുത്തമം എന്ന പുതിയ മതം യേശു പഠിപ്പിച്ചു. അതുകൊണ്ടു യേശു പാപികളുടെ സ്നേഹിതനാണെന്നു മാത്രമല്ല ഭൂതസേവയുള്ളവനാണെന്നും അവർ ആക്ഷേപിച്ചു. ഭൂതങ്ങളുടെ തലവനെക്കൊണ്ടാണ് ഭൂതബാധിതരെ സൗഖ്യമാക്കുന്നതെന്ന് ആരോപിച്ചു (ലൂക്കൊസ് 11:15/മത്തായി3:22). തിന്നിയും കുടിയനുമെന്ന ആരോപനം മരണയോഗ്യനാണെന്നതിനും സാക്ഷ്യവഴിയിൽ കാത്തിരിക്കുന്ന ക്രൂശിന്റെ സൂചനയാണെന്നും വേദപഠിതാക്കൾ പറയുന്നു (ആവർത്തനം 21:20,21). കാലത്തിനൊത്തു കോലം കെട്ടാത്തവരും, താളത്തിനൊത്തു തുള്ളാത്തവരും എക്കാലത്തും മർദ്ദിക്കപ്പെടുകയും കുരിശിലേറ്റപ്പെടുകയും ചെയ്യും. പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ സഭയുടെയും രാജ്യത്തിന്റെയും ഭരണത്തിൽ ഉത്തരവാദിത്തമുള്ള സ്ഥാനങ്ങൾ വഹിക്കുകയും അങ്ങനെ അടുത്തും കണ്ടും അറിഞ്ഞ വസ്തുതകൾ ആധാരമാക്കി "വിശുദ്ധവും എന്നാൽ അശുദ്ധി നിറഞ്ഞതുമായ രാജ്യവും ഭരണതന്ത്രവും" എന്ന ശീർഷകത്തിൽ സഭയെയും രാഷ്ട്രത്തെയും വിമർശിച്ചു പുസ്തകം പ്രസിദ്ധീകരിച്ച വൈദികനായിരുന്നു റവ.തോമസ് ഫുള്ളർ. ഈ രണ്ട് മണ്ഡലങ്ങളിലുള്ള ഭരണാധികാരികളെ അപലപിച്ചുകൊണ്ട് ഈ ഉപമ ഉദ്ധരിക്കയും ഈ വിഡ്ഢികൾ പാടുന്ന രംഗങ്ങൾക്കൊത്തു നൃത്തം ചെയ്യാൻ ഞാൻ തയ്യാറില്ല എന്നു പ്രഖ്യാപിക്കയും ചെയ്തു. തോമസ് ഫുള്ളറുടെ ചങ്കൂറ്റം അപാരവും അഭിനന്ദനീയവുമാണ്. വലിയ വില നൽകേണ്ടിവന്നു എന്നതാണ് മറുവശം. ഉണ്ടായിരുന്നതെല്ലാം നഷ്ടമാവുകയും അപമാനവും ഉപദ്രവവും ഏറ്റുവാങ്ങി അദ്ദേഹം കർത്താവിനെ സാക്ഷിച്ചു. നിതാന്ത ജാഗ്രത ഓരോ വചന വ്യാഖ്യാനകനും ഓർക്കേണ്ടതാണ്. 1908–ൽ ദക്ഷിണാഫ്രിക്കയിലെ ജൂവർ യുദ്ധാനുഭവങ്ങളിൽ നിന്നും സർ ബേഡൻ പൗവ്വൽ സമാരംഭിച്ച സ്കൗട്ട് പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം "ബി പ്രിപ്പയാർഡ് – ഒരുങ്ങിയിരിക്കുക" എന്നതാണ്. ഏതു പ്രതിസന്ധികളെയും നേരിടുവാൻ ഒരു ക്രിസ്തുഭക്തനു ഉപയുക്തമായ ആദർശവാക്യമാണ് ഒരുങ്ങിയിരിക്കുക എന്നത്.

**കർമ്മോത്സുകരാക്കുന്ന യഥാർത്ഥ ഭക്തിയും ജ്ഞാനവും**

വിമർശനാത്മകമായി പഠനങ്ങളിലേർപ്പെടാതെ സ്തുതി പാഠകരായി സമ്മതം മൂളുന്നവരെയാണ് സമൂഹം അഭികാമ്യമായി കണക്കാക്കുന്നത്. സൗജന്യമായ വൈഫൈ സംവിധാനങ്ങൾ കുട്ടികളെയും ചെറുപ്പക്കാരെയും മാത്രമല്ല എല്ലാ ശ്രേണിയിലുമുള്ള ആളുകളെയും നിഷ്ക്രിയരാക്കുകയും ജീവിതമൊരു കളിയായി മാറ്റുകയും ചെയ്യുന്നു. എല്ലാ സൃഷ്ടിപരതയും മോഷ്ടിക്കപ്പെട്ടിരിക്കുന്നു. ബഹുസ്വരതയെ നിശബ്ദമാക്കുകയും അധികാര കേന്ദ്രീകരണത്തി

നായി പരസ്പരം സമൂഹമാധ്യമങ്ങളിലെ ലൈക്കുകൾക്കും ഫോളോവേഴ്സിനുമായി ഓരോരുത്തരും ബദ്ധപ്പെടുകയാണ്. തങ്ങളോട് യോജിക്കാത്തവരെ കൂട്ടമായി ആക്രമിക്കുന്ന പ്രവണത. യേശു പറഞ്ഞ ഉപമയ്ക്ക് സമാനമായ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു.

രവീന്ദ്രനാഥ് ടാഗോർ മനുഷ്യവർഗ്ഗത്തെ അനന്തലോകങ്ങളുടെ കടൽക്കരയിൽ സമ്മേളിക്കുന്ന കുട്ടികളോടാണ് ഉപമിച്ചിരിക്കുന്നത്. "അവർ മണ്ണുവാരി കളിക്കയും മണ്ണിൽ വീടുകളുണ്ടാക്കുകയും കടലാസ്കൊണ്ട് കപ്പലുണ്ടാക്കി കടലിലൊഴുക്കുകയും ചെയ്യുന്നു. കുട്ടികൾക്കു മുതിർന്നവരെപ്പോലെ കടലിൽ നീന്താനോ, മുക്കുവരെപ്പോലെ വലയിറക്കി മീൻപിടിക്കാനോ, തിരകൾക്കിടിയിൽ മുങ്ങുവാനോ, മുത്തു വാരാനോ, കടൽ കടക്കാനോ അറിഞ്ഞുകൂടാ" എന്നാണ് കവി പാടുന്നത്. കുട്ടികളാണ് മുതിരുന്നത്. മുതിർന്നവർ കുട്ടികളുടെ ബാലിശമായ കളി വിളയാട്ടങ്ങളിൽ നിന്നു കാര്യഗൗരവമുള്ളവരായി ഘനശാലികളാവണം. എന്നാൽ പ്രായപൂർത്തിയായാലും കുട്ടികളെപ്പോലെ ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്നവരുണ്ട്. മനുഷ്യരെല്ലാവരും കുട്ടികളാണെങ്കിലും വിശ്വാസപരിപോഷണത്തിലും നിരന്തരം പുതുക്കപ്പെടണമെന്ന് പൗലോസ് അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നത് ഇവിടെ പ്രസക്തമാണ്. "ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു. പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളത് ത്യജിച്ചുകളഞ്ഞു" (1 കൊരിന്ത്യർ 13:11). ഈ പുരുഷപ്രാപ്തിയിലെത്താതെയും ജ്ഞാനദൃഷ്ടിയില്ലാതെയും ഇരിക്കുന്നവർ വെറും അങ്ങാടിപ്പിള്ളേരെപ്പോലെ മാത്രമേ വർത്തിക്കുകയുള്ളൂ. ടാഗോർ പറയുന്നതുപോലെ അവർക്കു കടലിന്റെ ആഴത്തിൽ മുങ്ങാനോ മുത്തുവാരാനോ കടൽ കടക്കാനോ അറിഞ്ഞുകൂടാ. അഗാധത്തിലുള്ളവയോ അനശ്വരമായതോ അനർഘമായതോ അനന്തമായതോ അവർ അന്വേഷിക്കുന്നില്ല. അതിനുള്ള ജ്ഞാനം അവർക്കില്ല. സന്യാസിയായി വന്ന സ്നാപക യോഹന്നാനെയും സന്യസിക്കാതെ വന്ന യേശുവിനെയും അവർക്ക് പൂർണ്ണമായി ഉൾക്കൊള്ളാനാവില്ല. സ്നാപകനു ഭൂതമുണ്ടെന്നും യേശു ഭക്ഷണപ്രിയനാണെന്നും അവർ ആരോപണമുന്നയിച്ചു. യോഹന്നാന്റെ ന്യായപ്രമാണമതവും യേശുവിന്റെ ദിവ്യസ്നേഹത്തിന്റെ മധുരവും അവർക്കു നുണയാനായില്ല. എന്നാൽ ജ്ഞാനവും വിവേചനബുദ്ധിയുമുള്ളവർ സ്നാപകയോഹന്നാന്റെ തപസ്യയുടെ ശിക്ഷണവും യേശുവിന്റെ സ്നേഹത്തിന്റെ സന്തോഷത്തെയും സമ്പൂർണ്ണമായി ഉൾക്കൊണ്ടു.

പടിപടിയായുള്ള വിശ്വാസ പരിപോഷണമാണ് വചനോത്സവത്തിന്റെ പ്രാഥമികമായ ഉദ്ദേശ്യം. സ്നാപക യോഹന്നാനിലൂടെ സമാരംഭിച്ച പ്രവർത്തനം യേശുക്രിസ്തുവിൽ നിറവേറപ്പെടേണ്ടതും അപ്പൊസ്തലന്മാരിലൂടെ സകല ദേശത്തെയും അറിയിക്കപ്പെടേണ്ടതുമാണ്. സ്നാപക യോഹന്നാനിൽ വെളിപ്പെട്ട സന്യാസ ജീവിതത്തിന്റെ ധന്യത ദൈനംദിന ജീവിത വ്യവഹാരങ്ങളെ സ്വാധീനിക്കുന്നു. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട സ്നേഹവും സന്തോഷവും പാപക്ഷമയും പുതിയ മാനവികതയുടെ സന്ദേശമായി. നൃത്തത്തിൽ സന്തോഷം കൊണ്ടു മതിമറക്കാതെയും വിലാപത്തിൽ മനംനൊന്തു തകരാതെയും നിലനിർത്തുന്നതാണ് യഥാർത്ഥ ഭക്തിയും ജ്ഞാനവും. അപ്പൊല്ലോസ് കൊരിന്തിൽ ആയിരിക്കുമ്പോൾ പൗലൊസ് അപ്പൊസ്തലൻ ഉൾപ്രദേശങ്ങളിൽ വെച്ച് സ്നാപകയോഹന്നാൻ മാനസാന്തരപ്പെടുത്തിയ 12 പേർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുന്നുണ്ട് (അപ്പൊ.പ്രവർത്തികൾ 19:1–7). പടിപടിയായുള്ള വിശ്വാസ പരിപോഷണത്തെപ്പറ്റിയുള്ള സൂചന നമുക്കിവിടെ ദർശിക്കുവാൻ സാധിക്കും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നാം എപ്രകാരമാണ് വചനം വ്യാഖ്യാനിക്കുക. ഗൗരവമായ വിശ്വാസ ഇടപെടലുകൾക്ക് പ്രസക്തമായ സാക്ഷ്യത്തിനും വചനം നമ്മെ എല്ലാക്കാലത്തും വെല്ലുവിളിച്ചുകൊണ്ടേയിരിക്കും •


## മാർത്തോമ്മാ സുവിശേഷ സേവികാസംഘം

## DIPLOMA IN APPLIED COUNSELLING

കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ഏകവത്സര കൗൺസിലിംഗ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഫീസ്: 16,000/– രൂപ. ആഴ്ചയിൽ ഒരു ക്ലാസ്സ് മാത്രം. അംഗീകൃത സർവ്വകലാശാലയുടെ ബിരുദമാണ് അടിസ്ഥാന യോഗ്യത. ക്ലാസ്സുകൾ ഓൺലൈനിൽ ക്രമീകരിക്കുന്നതാണ്. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക.

ജനറൽ സെക്രട്ടറി
**9447063043**

പ്രിൻസിപ്പൽ
**9447705300, 9207267625**



Bible Study

# വചനത്തിന്റെ ജഢധാരണം ചില അർത്ഥതലങ്ങൾ

## യോഹന്നാൻ 1:1 – 14

**വെരി. റവ. കെ.എസ്. മാത്യു**
വികാരി ജനറൽ (റിട്ട) & മുൻ സഭാ സെക്രട്ടറി

കഴിഞ്ഞ നൂറ്റാണ്ടിൽ മാരാമൺ കൺവൻഷനിൽ ദീർഘ വർഷങ്ങൾ മുഖ്യ പ്രസംഗകനായിരുന്നു ലോകപ്രശസ്ത മിഷനറിമാരിലൊരാളായിരുന്ന ഡോ. ഇ. സ്റ്റാൻലി ജോൺസ്. ക്രിസ്തീയ സുവിശേഷത്തിന്റെ നിസ്തുല്യതയെ വ്യക്തമാക്കുവാൻ അദ്ദേഹം ആവർത്തിച്ചുപയോഗിച്ചിരുന്ന ഒരു വേദഭാഗമുണ്ട്, യോഹന്നാൻ 1 ന്റെ 1–14 വരെയുള്ള വേദഭാഗം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒന്നാം അധ്യായത്തിന്റെ 14–ാം വാക്യം വേദപുസ്തകത്തിലെ ഏറ്റവും സുപ്രധാനമായ വാക്യങ്ങളിലൊന്നാണ്. ഈ വേദഭാഗത്തെക്കുറിച്ച് പ്രത്യേകിച്ച് 14–ാം വാക്യത്തെക്കുറിച്ചുള്ള ഹ്രസ്വമായ ചില ചിന്തകൾ അവതരിപ്പിക്കുകയാണ് ഈ ചെറിയ പഠനത്തിന്റെ ലക്ഷ്യം.

### ആമുഖം (The Prologue)

യോഹന്നാൻ 1:1–18 വരെയുള്ള വാക്യങ്ങൾ പരമ്പരാഗതമായി അറിയപ്പെടുന്നത് The Prologue (ആമുഖം) എന്നാണ്. മറ്റ് സുവിശേഷ എഴുത്തുകാരിൽ നിന്ന് വ്യതിരിക്തമായി യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത് യേശുവിന്റെ ആദിയെക്കുറിച്ചും ലോകത്തിലേക്കുള്ള വരവിനെക്കുറിച്ചും കാവ്യരൂപത്തിലുള്ള ഒരു ആഘോഷത്തോടുകൂടിയാണ്. ആദിമസഭയുടെ ക്രിസ്തുവിജ്ഞാനീയപരമായ ചില ഗീതങ്ങൾ (ഉദാ. ഫിലിപ്പിയർ 2:1–11, കൊലോസ്യർ 1:15–20) ഈ വേദഭാഗത്തെ സ്വാധീനിച്ചിട്ടുണ്ട് എന്ന് കരുതുന്നതിൽ തെറ്റില്ല. പുതിയനിയമത്തിലെ വേദഭാഗങ്ങളിൽ വ്യാഖ്യാതാക്കൾക്കും അനുവാചകർക്കും ഏറെ വെല്ലുവിളി ഉയർത്തുന്ന ഒരു വേദഭാഗവുമാണിത്. 'ആദിയിൽ' എന്ന് പറഞ്ഞുകൊണ്ടുള്ള തുടക്കം ബോധപൂർവ്വമായി തന്നെ ഉല്പത്തി പുസ്തകത്തിന്റെ ആരംഭവാക്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് (ഉല്പത്തി 1:1–14). സൃഷ്ടിയുടെ വിസ്മയനീയത, ജീവന്റെ ദാനം, വചനത്തിന്റെ ശക്തി, വെളിപ്പാടിന്റെ രഹസ്യം ഇവയെപ്പറ്റിയെല്ലാമുള്ള ചിന്തകൾ ഉണർത്തിവിടുവാൻ പ്രാപ്തിയുള്ളതാണ് ഈ ആരംഭവാക്കുകൾ.

### വചനം (Logos)

മലയാളത്തിൽ വചനം എന്നും ഇംഗ്ലീഷിൽ word എന്നും പരിഭാഷപ്പെടുത്തിയിട്ടുള്ള ഒരു അസാധാരണമായ വാക്ക് ആദ്യത്തെ രണ്ടു വാക്യങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഗ്രീക്കിലെ ലോഗോസ് എന്ന പദത്തിന്റെ പരിഭാഷയാണിത്. യേശുക്രിസ്തുവിന്റെ ജനനം മറ്റേതൊരു ശിശുവിന്റെയും ജനനത്തിൽനിന്ന് വ്യത്യസ്തമായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുവാൻ ബോധപൂർവ്വം തെരഞ്ഞെടുത്തിരിക്കുന്ന ഒരു വാക്കാണിത്.

'ലോഗോസ്' എന്ന ഈ വാക്കിന്റെ ഉറവിടം എന്താണ്? അതിന്റെ അർത്ഥം എന്താണ്? യോഹന്നാന് പരിചിതമായിരുന്ന വിവിധ മതങ്ങളിലും തത്വചിന്തകളിലും ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരുന്നു എന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്. ആ വാക്കിന് എബ്രായ പശ്ചാത്തലവും യവനായ പശ്ചാത്തലവും ഉണ്ട്. അസ്തിത്വമുള്ള സകല കാര്യങ്ങൾക്കും ഐക്യതയും പ്രാധാന്യവും ക്രമവും നൽകുന്ന യുക്തിപൂർണ്ണമായ ഒരു പ്രമാണമായാണ് യവന ചിന്തകന്മാർ ഈ പദത്തെ വിവക്ഷിച്ചത്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന പ്രകൃതി നിയമമായി സ്റ്റോയിക് ചിന്തകർ ഇതിനെകണ്ടു. ഒരു യഹൂദനായിരുന്ന അലക്സാണ്ട്രിയായിലെ ഫിലോ ലോകത്തെ ഭരിച്ച് നിയന്ത്രിക്കുന്ന ദൈവത്തിന്റെ സൃഷ്ടിപദ്ധതി എന്ന യെഹൂദ ചിന്തയുമായി ഇതിനെ സമന്വയിപ്പിച്ചു. പഴയനിയമത്തിൽ സൃഷ്ടിക്ക് കാരണമായ ദൈവത്തിന്റെ വചനം, മോശെക്കും പ്രവാചകന്മാർക്കും വെളിപ്പെടുത്തപ്പെട്ട ദൈവീക വചനം എന്നീ അർത്ഥങ്ങൾ അതിന് നൽകപ്പെട്ടു. വചനവും പ്രവൃത്തിയും ഉൾച്ചേർന്നിരിക്കുന്ന ദൈവവചനത്താൽ സകലതും സൃഷ്ടിക്കപ്പെട്ടു എന്ന പഴയനിയമദർശനം ലോഗോസിന് ഏറ്റവും അനുഗുണമായിട്ടുള്ളതാണ്. സൃഷ്ടിപ്പിന് മുന്നമേ ദൈവത്തോടൊപ്പമുണ്ടായിരുന്നതും ആളത്വരൂപത്തിൽ അവതരിപ്പിക്കുന്നതുമായ ജ്ഞാനം എന്ന സങ്കല്പവും ഇതിനോട് ചേർന്നുവരുന്നു (സദൃ.8:22–31). അതുകൊണ്ട് യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്ന 'ലോഗോസ്' അഥവാ വചനം എന്ന സങ്കല്പം അക്കാലഘട്ടത്തിൽ സുപരിചിതമായ ഒന്നായിരുന്നു. യേശുക്രിസ്തുവിന്റെ ഈ ലോകത്തിലേക്കുള്ള വരവിനെ അവതരിപ്പിക്കുന്ന പുതിയ സന്ദർഭത്തിൽ പുതിയ അർത്ഥതലങ്ങളോടുകൂടി യോഹന്നാൻ ഈ പ്രത്യേക വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കു

കയാണ്. എല്ലാവർക്കും പൊതുവായി മനസ്സിലാക്കാവുന്ന ഒരു പശ്ചാത്തലം (a common ground) ഇതിലൂടെ ഒരുക്കുകയാണ് സുവിശേഷകൻ ചെയ്യുന്നത്. ഉദാഹരണത്തിന് മ്ശിഹായെക്കുറിച്ച് പ്രതീക്ഷകളില്ലാത്ത ഒരു ജനതയോട് മ്ശിഹായുടെ വരവിനെക്കുറിച്ച് പറയുന്നതിൽ സാംഗത്യം ഒട്ടുംതന്നെയില്ലല്ലോ.

ഇരുകൂട്ടരെ സംബന്ധിച്ചും പ്രപഞ്ചത്തെ ആത്യന്തികമായി ഭരിച്ചു നടത്തുന്ന ദൈവീക യാഥാർത്ഥ്യത്തെ ദ്യോതിപ്പിക്കുവാൻ ഏറ്റവും യോജിച്ച ഒരു പദമായിരുന്നു ലോഗോസ്, വചനം. ആ വചനം ജഡം ധരിച്ചതാണ് യേശുക്രിസ്തു എന്ന പരമസത്യമാണ് യോഹന്നാൻ ഈ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

**പാഠഭാഗം**

സുവ്യക്തമായ കാരണങ്ങളാൽ ഈ പാഠഭാഗത്തെ സംബന്ധിച്ച വിശദമായ വിവരണങ്ങൾക്ക് ഇവിടെ സാധ്യത ഇല്ലല്ലോ. അക്കാരണത്താൽ ചില കാര്യങ്ങൾ മാത്രം ഓരോ വാക്യത്തെയും സംബന്ധിച്ച് പൊതുവിൽ സൂചിപ്പിച്ചുകൊണ്ട് 14-ാം വാക്യത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. 6-8 വരെയുള്ള വാക്യങ്ങളൊഴികെ മറ്റ് ഭാഗങ്ങൾ കാവ്യരൂപത്തിലാണ്.

ഒന്നാം വാക്യം - ഉല്പത്തിപുസ്തകത്തിന്റെ ആദ്യഭാഗത്തെ അനുസ്മരിപ്പിക്കുന്നു. കാലത്തിനും ചരിത്രത്തിനുമപ്പുറത്തുള്ള ഒരു യാഥാർത്ഥ്യത്തെയാണ് പരാമർശിക്കുന്നത്. വചനം നിത്യമായതാണ്, അനാദിയായ അസ്തിത്വമുള്ളതാണ് (സദൃ.8:22-30). രണ്ടാം വാക്യം - വചനം ദൈവത്തോടുകൂടെയുള്ള കൂട്ടായ്മയിലായിരുന്നു. തുടർന്നുള്ള വാക്യത്തിൽ വചനത്തിന്റെ ദൈവികത്വം, സൃഷ്ടിയുടെ മുഖാന്തിരം, സകലവും വചനം മുഖാന്തിരം ഉളവായി എന്ന് വ്യക്തമാക്കുന്നു. നാലും അഞ്ചും വാക്യങ്ങളിൽ സൃഷ്ടിയുടെ മേൽ വചനത്തിന്റെ സ്വാധീനം. പൊതുവായ സൃഷ്ടി വ്യവസ്ഥയിൽനിന്ന് മനുഷ്യരിലേക്ക് ഇവിടെ ശ്രദ്ധ തിരിയുന്നു. സൃഷ്ടി മുതലുള്ള വചനത്തിന്റെ ജീവദായകമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. ജീവൻ നൽകുന്നതും നിലനിർത്തുന്നതുമായ വചനം. ദൈവവുമായുള്ള സമ്പർക്കവുമായി ബന്ധപ്പെട്ടതാണ് ഈ സുവിശേഷത്തിൽ 'ജീവൻ', 'വെളിച്ചം' അതാണ് സൂചിപ്പിക്കുന്നത് (8:12; 9:5; 11:9; 14:6; 10:10; 5:26). അതും സകല മനുഷ്യർക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അഞ്ചാം വാക്യത്തിൽ - ഇരുളിന്റെ പ്രവൃത്തിയെക്കുറിച്ച് പറയുന്നു. എന്നാൽ വെളിച്ചത്തെ കീഴടക്കുവാൻ ഇരുളിന് ഒരിക്കലും കഴിയുകയില്ല എന്ന വലിയ ഉറപ്പ് ഇവിടെ കാണുന്നു. തുടർന്നുവരുന്ന രണ്ടു വാക്യങ്ങൾ - ആദ്യത്തെ ഭാഗത്തുനിന്ന് പദ്യരൂപത്തിൽ ഒരു വ്യതിചലനമാണിത്. യോഹന്നാൻ സ്നാപകനെപ്പറ്റി പരാമർശിച്ചിരിക്കുന്നു. യോഹന്നാനെ സ്നാപകനായിട്ടോ യേശുവിന്റെ മുന്നോടിയായിട്ടോ യോഹന്നാന്റെ സുവിശേഷത്തിൽ പരാമർശിക്കുന്നില്ല. സാക്ഷിയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒൻപതും പത്തും വാക്യങ്ങൾ - യോഹന്നാന്റെ സുവിശേഷത്തിൽ 'ലോകം' എന്ന വാക്ക് ഇവിടെയാണ് ആദ്യമായി ഉപയോഗിച്ചുകാണുന്നത്. മാനവജാതിയെയാണ് അർത്ഥമാക്കുന്നത്. പതിനൊന്ന് - സ്വന്തമായവർ എന്നത് യെഹൂദജാതിയെക്കുറിച്ചോ, മാനവരാശിയെക്കുറിച്ചോ നമ്മെക്കുറിച്ചോ ആവാം. പന്ത്രണ്ടാം വാക്യത്തിലെ 'വചനത്തിന്റെ നിശ്വാസം' സാർവ്വത്രികമായിരുന്നില്ല എന്നത് ശ്രദ്ധിക്കണം.

പതിമൂന്ന് - യേശുവിന്റെ ശുശ്രൂഷയുടെ രക്ഷണ്യമായ ലക്ഷ്യം, യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളായിത്തീരുവാൻ ശക്തി (NRSV) അവകാശം (NIV) നൽകപ്പെട്ടിരിക്കുന്നു. അവരുടെ ജനനം സാധാരണ ജനനത്തിൽ നിന്ന് വ്യത്യസ്തമായി ദൈവീകമാണ്. അത് ഒരു പുതിയ മാനവരാശിയുടെ ആവിർഭാവമാണ് സൃഷ്ടിക്കുന്നത്. വചനത്തെ സ്വീകരിക്കുന്നവർ ഒരു പുതിയ ജനതയായി, ദൈവവുമായുള്ള ഒരു പുതിയ ജീവനിലേക്ക് പ്രവേശിച്ച് ഒരു പുതിയ മാനവരാശിയായിത്തീരുന്നു (3:3-8).

**വചനം ജഡമായിത്തീർന്നു**
(And the word became flesh) (വാക്യം 14)

വചനത്തെ സംബന്ധിച്ച ആമുഖത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഉപദേശത്തിന്റെ പാരമ്യമാണ് ഈ വാക്യത്തിലുള്ളത്. ഈ സുവിശേഷത്തിന്റെ ആകമാനസന്ദേശത്തിന്റെ അന്തഃസത്തയും. ജഡം ധരിച്ചതിനുശേഷമുള്ള വചനത്തിന്റെ പ്രവർത്തികൾ വിവരിച്ചുകൊണ്ട് മറ്റ് സുവിശേഷകരെപ്പോലെ യോഹന്നാൻ ആരംഭിക്കാതിരുന്നത് വചനം ഒരു വ്യക്തിയായി മഹത്വപൂർണ്ണമായി അവതരിച്ചു അവരെയെല്ലാം സമഗ്രമായി രൂപാന്തരത്തിലേക്ക് നയിച്ചു എന്നു ചൂണ്ടിക്കാണിക്കുവാനാണ്. മലയാള പരിഭാഷയിൽ ഈ ഭാഗം ആരംഭിക്കുമ്പോൾ ഇംഗ്ലീഷ് പരിഭാഷകളിൽ കാണുന്നതുപോലെ - 'And' the word became flesh എന്ന് പറഞ്ഞിട്ടില്ല. 'And' വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കൊച്ചു വാക്കാണിവിടെ. വചനത്തിന്റെ പ്രവർത്തനത്തിന്റെ പരിസമാപ്തിയുമായി അതിനെ ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയാണിത്. (റോമർ 12:1-ൽ Therefore my brothers എന്ന ഭാഗം പരിഭാഷപ്പെടുത്തിയപ്പോൾ ആകയാൽ എന്നു കൂടി ചേർത്തിട്ടില്ലാത്തതുപോലെ). അത് സൃഷ്ടിയെ ജഡധാരണവുമായി (Incarnation - enfleshment) ബന്ധിപ്പിക്കുന്നു.

ലോഗോസ്- നിത്യമായ വചനം ജഡമായിത്തീർന്നു എന്ന വലിയ പ്രഖ്യാപനത്തോടെയാണ് ഈ വാക്യം ആരംഭിക്കുന്നത്. 'ആയിത്തീർന്നു' (to become) എന്ന പദം ആദ്യമായി ഉപയോഗിക്കുന്നതിലൂടെ വചനം നിർണ്ണായകമായി നിത്യതയിൽ നിന്ന് വർത്തമാനകാലത്തിലേക്ക് നീങ്ങി എന്നാണ് പറഞ്ഞിരിക്കുന്നത്. നിത്യത കാലത്തിലേക്ക് പ്രവേശിച്ചു, സൃഷ്ടാവ് സൃഷ്ടിയായി, നിത്യത-താൽക്കാലികമായി മാറി, ദൈവീകത മനുഷ്യഭാവം സ്വീകരിച്ചു എന്നെല്ലാമുള്ള അർത്ഥങ്ങൾ അതിന് നൽകാവുന്നതാണ്.

'ജഡം' എന്നതിന്റെ അർത്ഥത്തെക്കുറിച്ച് പണ്ഡിതർക്കിടയിൽ വ്യത്യസ്ത വിവക്ഷകളാണുള്ളത്. ക്രിസ്തീയ വെളിപ്പാടിന്റെ ഉൾക്കാമ്പാണിത്. വസ്തു

വിനെയും ജഡത്തെയുമെല്ലാം തിന്മയായി കാണുന്ന ജ്ഞാനവാദത്തിന്റെ വിരുദ്ധോപദേശങ്ങൾക്കുള്ള മറുപടിയുമാണ്. മനുഷ്യസ്വഭാവത്തിലെ എല്ലാ ബലഹീനതകളും അനുഭവിക്കുന്ന, മനുഷ്യന്റെ വേദനകളിൽ പൂർണ്ണമായി താദാത്മ്യപ്പെടുന്ന ദൈവീക വെളിപ്പെടുത്തലാണിത്. 'കൃപയും സത്യവും നിറഞ്ഞവനായി' എന്നീ വാക്കുകൾക്ക് ധാരാളം വ്യാഖ്യാനങ്ങൾ നൽകാം. 'സ്നേഹവും വിശ്വസ്തതയും നിറഞ്ഞവനായി' എന്ന് ലളിതമായി അതിനെ വ്യാഖ്യാനിക്കാം. 'നമ്മുടെ ഇടയിൽ പാർത്തു' എന്നതിലെ 'പാർത്തു' എന്ന പദം 'കൂടാരം' എന്ന നാമപദത്തിൽ നിന്നുണ്ടായതാണ്. യിസ്രായേലിന്റെ സീനായി അനുഭവത്തെയും (പുറ. 33:9) തന്റെ ജനത്തോടൊപ്പം വസിക്കുമെന്ന ദൈവീക വാഗ്ദാനത്തെയും അത് അനുസ്മരിപ്പിക്കുന്നുണ്ട് (യെഹസ്കേൽ 37:27). 'തേജസ്സ്, മഹത്വം, മഹത്വീകരിക്കുക' എന്നീ വാക്കുകൾക്ക് യോഹന്നാന്റെ സുവിശേഷത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്. ദൈവത്തിന്റെ വ്യക്തമായ സാന്നിദ്ധ്യത്തിന്റെ വെളിപ്പാടിനെയാണത് സൂചിപ്പിക്കുന്നത്. എന്നാൽ യേശുവിൽ ആ മഹത്വം ഏറ്റവും അധികം വെളിപ്പെടുത്തപ്പെട്ടത് തന്റെ മരണത്തിലും പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലുമാണ് (7:30; 12:16,23,28; 13:31).

**ജഡധാരണത്തിന്റെ ചില അർത്ഥതലങ്ങൾ**

ജഡം ധരിച്ച വചനത്തിന്റെ സവിശേഷതകളെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ ഒരു അപഗ്രഥനമെന്നതിലുപരി വചനത്താൽ സമഗ്രമായി രൂപാന്തരപ്പെട്ടവരുടെ സാക്ഷ്യമാണ് ഈ വേദഭാഗം. ഈ വചനം ലക്ഷക്കണക്കിന് മനുഷ്യരെ, ഘടനകളെ, സംവിധാനങ്ങളെ, പ്രസ്ഥാനങ്ങളെ, ചരിത്രത്തെത്തന്നെയും രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഇന്നും അതു തുടരുന്നു എന്നതാണ് അതിന്റെ നിസ്തുല്യത. മറ്റൊരു മതവിഭാഗം എന്ന അവസ്ഥയിൽ നിന്ന് സമൂഹത്തെ നവീകരിക്കുവാനുള്ള പ്രേരകശക്തിയായി നമ്മുടെ സഭ രൂപാന്തരപ്പെട്ടതും ഈ വചനത്തിലൂടെയാണ്. മാരാമൺ കൺവൻഷനിലെ വചനകേൾവി ദശാബ്ദങ്ങളായി രൂപാന്തരത്തിന് കാരണമായിരുന്നിട്ടുണ്ട്. ഇന്നത്തെ അവസ്ഥ എന്താണ്? മതങ്ങളെല്ലാം മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെ, സത്യാന്വേഷണത്തിന്റെ മാർഗ്ഗങ്ങളായിരിക്കുമ്പോൾ ഇവിടെ യഥാർത്ഥ സത്യമായ ദൈവം മനുഷ്യനെ അന്വേഷിച്ചുവരുന്നു എന്ന നിസ്തുലത സുവിശേഷത്തിനുണ്ട്. വചനം വെറും വചനമോ തത്വചിന്തയോ, ആശയമോ ആയിരിക്കാതെ ജഡം ധരിക്കേണ്ടതുണ്ട്. വചനത്തിന്റെ പ്രഘോഷണവും കേൾവിയുമായി മാത്രം അത് അവശേഷിക്കാതെ അതിന്റെ സമഗ്രമായ പ്രതിസ്പന്ദനങ്ങൾ ജീവിതങ്ങളിൽ സംഭവിക്കണം. ജീവിതത്തെയാകമാനം അത് സ്വാധീനിക്കണം.

യഥാർത്ഥ ദൈവവചനം യേശുക്രിസ്തുവാണ്, വാക്യങ്ങളല്ല. എല്ലാ വാക്യങ്ങളും വ്യാഖ്യാനിക്കപ്പെടേണ്ടത് ക്രിസ്തുവിലൂടെയായിരിക്കണം. വചനത്തിന്റെ പഠനം ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിലേക്ക് നയിക്കണം. വചനം ജഡമായതോടുകൂടെ ജീവിതത്തെ ഭൗതികം ആത്മീകം എന്ന് വേർതിരിച്ചു കാണുന്ന രീതി പാടേ മാറിയിരിക്കുന്നു. ക്രൈസ്തവ ജീവിതം തനി ഭൗതികതയല്ല, തനി ആത്മീയതയുമല്ല കൗദാശികമാണ് എന്ന ദർശനം ഇവിടെ സംജാതമാകുന്നു. ഇവിടെ നാം കാണുന്നത് വെറും മതാത്മകതയുടെ ഒരു ദൈവത്തെയോ വിശ്വാസത്തെയോ അല്ല, അനുദിനജീവിതത്തിലെ മതേതര വ്യാപാരങ്ങളിൽ നമ്മോടൊപ്പമുള്ള ഒരു ദൈവത്തെയാണ്. വിശുദ്ധമായ ലൗകീകത്വമാണ് (Holy worldliness) അത് നമ്മിൽ നിന്നാവശ്യപ്പെടുന്നത്. William Temple ന്റെ വാക്കുകൾ ശ്രദ്ധിക്കുക: "Chrisitianity is the most materialistic of all religions."

വചനം ജഡം ധരിച്ചു എന്ന് പറയുമ്പോൾ ജീവിതമേഖലകളെ ശുദ്ധ-അശുദ്ധ വേർതിരിവിൽ കാണുവാൻ നമുക്കാവില്ല എന്നു സാരം. അശുദ്ധനായ മനുഷ്യർ – പുരുഷനായാലും സ്ത്രീയായാലും – തൊട്ടാൽ അശുദ്ധനായിപ്പോകുന്ന ദൈവമല്ല, അവരെ തൊട്ട് വിശുദ്ധനാക്കുന്ന ദൈവമാണിവിടെയുള്ളത്. രക്തസ്രാവക്കാരി സ്ത്രീയുടെയും കുഷ്ഠരോഗിയുടെയുമെല്ലാം അനുഭവം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ജഡം ധരിച്ച വചനം ജീവിതത്തിലെ ഏറ്റവും തള്ളപ്പെട്ടതും, ബലഹീനവും, ദരിദ്രവുമായതുമായി താദാത്മ്യപ്പെട്ടു. നമ്മുടെ ജീവിതശൈലിയേയും മൂല്യങ്ങളെയും ഇത് നിശ്ചയമായും സ്വാധീനിക്കേണ്ടതുണ്ട്. സഭ അതിന്റെ ചരിത്രത്തിലെ പ്രയാണത്തിൽ അധികാരത്തിന്റെയും ലോകപ്രകാരമുള്ള മഹത്വത്തിന്റെയും മാന്യതയുടെയും സമ്പത്തിന്റെയും മതിപ്പിന്റേയും പ്രലോഭനങ്ങളെ അതിജീവിക്കുന്നതിൽ വിജയിച്ചിരുന്നു എങ്കിൽ ഇന്നത്തെ ലോകം എത്രകണ്ട് വ്യത്യസ്തമായിരുന്നേനെ എന്ന് നാം ആലോചിക്കണം.

ജഡം ധരിച്ച വചനം നമ്മിൽ നിന്നാവശ്യപ്പെടുന്നത് ജഡധാരണത്തിന്റെ ആത്മീയതയും ദൗത്യവുമാണ് (A spirituality and mission of enfleshment). ഈ ലോകം, ചരിത്രം, രാഷ്ട്രീയം, അതിലെ ശാസ്ത്രീയ സാമൂഹ്യ സാമ്പത്തിക ശക്തികളുടെ അവസ്ഥകൾ ഇവയെക്കുറിച്ചെല്ലാം അവബോധവും പ്രതികരണവും ഇടപെടലുകളും സഭയുടെ ദൗത്യത്തിന്റെ ഭാഗമായിരിക്കണം. ഉൾവലിവിന്റെയോ പലായനത്തിന്റെയോ ആത്മീയതയല്ല ജഡധാരണം നമ്മിൽ നിന്നാവശ്യപ്പെടുന്നത്. പ്രവാചക ദൗത്യത്തിനാണ് ഇതിൽ ഏറ്റവും പ്രാധാന്യമുള്ളത്.

സഭ ജഡധാരണത്തിന്റെ ഒരു വ്യാപനമാണ് (An extension of the incarnation) എന്നാണ് ബോൺഹോഫർ പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമായ സഭയാണ് ഒരു സമൂഹമെന്ന നിലയിൽ ക്രിസ്തുവിന്റെ സാന്നിധ്യം ലോകത്തിൽ വ്യക്തമാക്കേണ്ടത്. ജഡധാരണത്തിലൂടെയുള്ള സമഗ്രമായ രൂപാന്തരത്തിലേക്ക് സഭയേയും സമൂഹത്തെയും നയിക്കുവാൻ ഈ വർഷത്തെ കൺവൻഷനിലൂടെയുള്ള വചനകേൾവി സഹായകരമാവട്ടെ •



# മാരാമൺ: സാക്ഷ്യസരണിയിലെ ദീപ്തശോഭ

**റൈറ്റ് റവ. ഡോ. യുയാക്കീം മാർ കൂറിലോസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

ഒരു നൂറ്റാണ്ടിലധികം കൃത്യമായി പറഞ്ഞാൽ 127 വർഷം ഒരു ജനതയുടെ ആദ്ധ്യാത്മീകവും സാമൂഹികപരവുമായ ദർശനങ്ങളെ രൂപവത്ക്കരിക്കുന്നതിന് കാര്യമാത്ര പ്രസക്തമായ പങ്ക് വഹിച്ച മഹാസംഗമമാണ് മാരാമൺ കൺവൻഷൻ. ഈ സംഗമം വിവിധ നിലകളിൽ പ്രസിദ്ധമാണ്; ബഹുജന പങ്കാളിത്തവും നിർമ്മല സുവിശേഷത്തിന്റെ വിനിമയവും സാമൂഹിക പ്രതിബദ്ധതയും അച്ചടക്കവും സാക്ഷ്യനിർവ്വഹണവും എല്ലാം തന്നെ അതിന്റെ മാറ്റിനെ വർദ്ധിപ്പിക്കുന്നു. അവിടെ നിന്ന് ഉയരുന്ന നിർമ്മല വചനങ്ങൾ എത്രയോ ജീവിതങ്ങളെയും സമൂഹങ്ങളെയും സ്പർശിച്ചിട്ടുണ്ട്. ഒരിക്കലും അവസാനിക്കാത്ത സംഗമമായിട്ടാണ് അഭിവന്ദ്യ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി ഈ സംഗമത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ഒരിക്കൽ കൺവൻഷന്റെ സമാപന ദിനം അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു; ഈ കൺവൻഷൻ തുടരുകയാണ്. ആശയക്കുഴപ്പത്തിലായ ജനത്തോട് അദ്ദേഹം തുടർന്നു പറഞ്ഞു: നിങ്ങൾ കേട്ട വചനത്തിൽ കൂടി ഈ കൺവൻഷൻ നിങ്ങൾ എത്തുന്ന സമൂഹങ്ങളിൽ തുടരുകയാണ്. കൺവൻഷന്റെ സാക്ഷ്യനിർവ്വഹണ സ്വഭാവമാണ് ഇവിടെ അദ്ദേഹം വെളിവാക്കുവാൻ ശ്രമിച്ചത്. ദൗത്യം (Mission) എന്ന വാക്കിനെക്കാൾ സാക്ഷ്യം (Witness) എന്ന വാക്കാണ് ഇപ്പോൾ സുവിശേഷീകരണത്തിന് കൂടുതൽ ഉപയോഗിക്കുന്നത്. മിഷൻ എന്ന വാക്കിന് കീഴടക്കലിന്റെയും അടിച്ചമർത്തലിന്റെയും ഒരു ധ്വനിയുണ്ട്. Witness (സാക്ഷ്യം) എന്ന വാക്കിൽ അർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ധ്വനിയാണ് മുന്നിട്ട് നിൽക്കുന്നത്. മാരാമൺ കൺവൻഷന്റെ ഓരോ യോഗങ്ങളും സാക്ഷ്യനിർവ്വഹണത്തിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

‘എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹുദ്യായിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു’ (അപ്പോ. പ്ര. 1:8). നവീകരണ സഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ് സാക്ഷികളാകുക എന്നത്. തദ്ദേശിയമായി സ്ഥാപിതമായ ആദ്യ സുവിശേഷീകരണ പ്രസ്ഥാനമാണ് സുവിശേഷ പ്രസംഗസംഘം. ആ പ്രസ്ഥാനത്തിന്റെ പ്രധാന ഊർജ്ജസ്രോതസ്സാണ് മാരാമൺ കൺവൻഷൻ. പമ്പയുടെ ഇരു കരകളിലുമായി ചിതറി പാർത്തിരുന്ന മാർത്തോമ്മാ സഭയെന്ന കൊച്ചു സമൂഹത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് എത്തിച്ചതിൽ മാരാമൺ കൺവൻഷൻ വഹിച്ച പങ്ക് ചെറുതല്ല. നവീകരണത്തിന്റെ പ്രഭവ കേന്ദ്രങ്ങളിൽ ഒന്നായ മാരാമൺ തന്നെ നവീകരണത്തിന്റെ അടിസ്ഥാന ശക്തീകരണമായ വചനം വിഭാഗിച്ച് കൊടുക്കുന്ന ഇടമായി തീർന്നത് യാദൃച്ഛീകമല്ല. യുഗപ്രഭാവന്മാരായ അഭിവന്ദ്യ പിതാക്കന്മാരിൽ കൂടിയും ലോകോത്തര പ്രസംഗകരിൽ കൂടിയും മാരാമൺ മണൽപ്പുറത്ത് മുഴങ്ങിക്കേട്ട വചനത്തെ നെഞ്ചോട് ചേർത്ത വിശ്വാസ സമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അത് എത്തിക്കുന്നതിൽ ഉത്സുകരായി.

പങ്കുവെയ്ക്കാനുള്ള സദ് വാർത്തയാണ് സുവിശേഷം എന്നത് മാരാമൺ കൺവൻഷൻ അതിൽ പങ്കെടുക്കുന്നവരെ ഓർപ്പിച്ചുകൊണ്ടിരുന്നു. ഓരോ വ്യക്തിയും സുവിശേഷത്തിന്റെ വെളിച്ചത്തിൽ നടക്കണമെന്ന് ആഗ്രഹിച്ചവരായിരുന്നു നമ്മുടെ പിതാക്കന്മാർ. പന്തൽ, ആളാംപ്രതി വേലയ്ക്കുള്ള ഇടമായി അവർ രൂപാന്തരപ്പെടുത്തി. കൺവൻഷന്റെ ഇടവേളകൾ ക്രിസ്തുവിനെ പകർന്ന് കൊടുക്കാനുള്ള സമയമായി വേർതിരിക്കപ്പെട്ടു. ക്രിസ്തുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ താല്പര്യമുള്ളവർക്ക് അത് അനുഗ്രഹീതമായ അവസരമായി പരിണമിച്ചു. ക്രിസ്തുവുമായി മാരാമണ്ണിൽ നിന്ന് ഭവനങ്ങളിലേക്ക് പോയ എത്രയോ ആളുകൾ അവരുടെ ജീവിതത്തെ വ്യതിയാനപ്പെടുത്തി എന്നത് ഏവർക്കും അറിയാവുന്ന വസ്തുതയാണ്. ആരംഭകാലത്ത് വേണ്ടത്ര യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്നപ്പോൾ ചുറ്റുപാടുകളിലെ വീടുകളാണ് കൺവൻഷനിൽ പങ്കെടുക്കാൻ വരുന്നവർക്ക് താമസവും ആഹാരവും ഒരുക്കിയത്. അതിഥി സത്ക്കാരത്തിന്റെ ഉദാത്ത മാതൃകയായിരുന്നു അത്. കെട്ടുവള്ളങ്ങളിൽ വന്നവർ തീരം ചേർന്നുനിന്ന് വചനം ശ്രദ്ധിച്ചുപോന്നു. അവരുടെ എണ്ണവും കുറവല്ല. അവർക്കും ആവശ്യമായ ആതിഥ്യം നൽകിയത് ചുറ്റുപാടുകളിലുള്ള ജനങ്ങളായിരുന്നു. അതിഥി സത്ക്കാരത്തിന്റെയും ഒരുമയുടെയും സംഗീതം ആലപിക്കുന്ന ഇടമാണ് മാരാമൺ കൺവൻഷൻ.

മനുഷ്യജീവിതത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ദൈവവചനം പങ്കിട്ട്

കൊടുക്കുന്നതിൽ കൺവൻഷൻ എത്രമാത്രം ശ്രദ്ധ ചെലുത്തിയിരുന്നു എന്നത് വ്യത്യസ്ത സംഘടനകളുടെ ആവിർഭാവത്തിൽ കൂടി മനസ്സിലാക്കുവാൻ സാധിക്കും. ഒരു കൊച്ചു പന്തൽ പ്രത്യേകം ക്രമീകരിച്ചിരിക്കുന്നത് പിഞ്ചു പൈതങ്ങളുമായി വരുന്ന അമ്മമാർക്ക് വചനം കേൾക്കാൻ മാത്രമല്ല നമ്മുടെ കുഞ്ഞുങ്ങൾക്ക് കർത്താവിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും കൂടിയാണ്. കുട്ടിപന്തലിൽ കൺവൻഷൻ ദിവസങ്ങളിൽ കേൾക്കുന്ന ഇമ്പകരമായ ഈരടികളും ഹൃദ്യമായ കഥകളും യേശുകർത്താവിലേക്ക് കുഞ്ഞുങ്ങളെ ആകർഷിക്കുന്നതിന് പര്യാപ്തമാണ്. കുഞ്ഞുങ്ങളെ ക്രമീകൃതമായ രീതിയിൽ കർത്താവിൽ വളർത്തിയെടുക്കാൻ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് ആരംഭംക്കുറിച്ചതും മാരാമൺ മണൽപ്പുറത്താണ്. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ അവരെ തടയരുത്' എന്ന കർത്താവിന്റെ ശബ്ദത്തിന് കാതോർത്തതിന്റെ പ്രതിഫലനമാണ് ഈ പ്രസ്ഥാനം.

യൗവ്വനത്തെ ക്രിസ്തുവിനോടൊന്നിച്ച് പണിതുയർത്തുവാനുള്ള ആഹ്വാനം എന്നും കൺവൻഷനിൽ മുഴങ്ങിക്കേട്ടിരുന്നു. യുവജനങ്ങളുടെ ഒരു സംഘടന അതും വ്യക്തമായ പ്രഖ്യാപിത ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച് അവർക്ക് ദിശാബോധം നൽകുവാൻ കൺവൻഷൻ മുഖാന്തിരമായി. ആരാധനയുടെ മഹത്വം ഗ്രഹിച്ച് പഠനത്തിലൂടെ വചനത്തിന്റെ ആഴങ്ങൾ കണ്ടെത്തി സാക്ഷ്യജീവിതത്തിലൂടെ സമൂഹത്തെ സേവിക്കുവാൻ യുവജനങ്ങളെ നിരന്തരം പ്രോത്സാഹിപ്പിക്കണം എന്ന ആഗ്രഹത്തോടെ ആരംഭിച്ച പ്രസ്ഥാനമാണ് യുവജനസഖ്യം. ഒരു നൂറ്റാണ്ട് മുമ്പ് തന്നെ സ്ത്രീത്വത്തെ ആദരിക്കുവാനും ശക്തീകരിക്കുവാനുമുള്ള ആഗ്രഹത്തോടെ ആരംഭിച്ച സേവികാസംഘത്തിന്റെ രൂപവത്ക്കരണവും നടന്നത് മാരാമൺ മണൽപ്പുറത്താണ്. സ്ത്രീകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനും ആശയവിനിമയം സാദ്ധ്യമാക്കുവാനും സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം നേടിയെടുക്കാനും ഈ പ്രസ്ഥാനം സഹായിച്ചുകൊണ്ടിരിക്കുന്നു എന്നത് അനുഗ്രഹകരമായ വസ്തുതയാണ്.

ദൈവമേ എന്റെ ജനത്തെ ചിതറിക്കണമേ എന്ന അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ തിരുമേനിയുടെ മാരാമണ്ണിലെ പ്രാർത്ഥന അഭി. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഉൾക്കാഴ്ച്ചയുടെ തുടർച്ചയാണ് എന്ന് വേണമെങ്കിൽ പറയാം. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകൻ ആയിരിക്കണമെന്ന് ഓരോ സഭാംഗത്തെക്കുറിച്ചും സഭയ്ക്കുണ്ടായിരുന്ന സുവ്യക്തമായ കാഴ്ച്ചപ്പാടിന്റെ പ്രതിഫലനമാണ് ഈ വാക്കുകൾ. ഈ വാക്കുകൾ നിരന്തരം മുഴങ്ങിക്കേട്ട ഇടമായിരുന്നു മാരാമണ്ണിലെ വിശ്വാസ സംഗമം. ലോകത്തിന്റെ വിവിധ ഇടങ്ങളിലേക്ക് പറിച്ച് നടപ്പെടുന്നവർ അവിടെ സാക്ഷ്യം നിർവ്വഹിക്കണം സുവിശേഷം പ്രഘോഷിക്കണം എന്നത് സഭയുടെ വലിയ ദർശനമാണ്. പൂർണ്ണസമയം സുവിശേഷ വേലയിൽ പങ്കെടുക്കാൻ കഴിയാത്തവർ ദൈവം അവരെ നിയോഗിച്ചിരിക്കുന്ന ഇടങ്ങളെ സുവിശേഷം പങ്കിടുന്നതിന് ഒരുക്കുവാൻ സ്ഥാപിതമായ സംഘടനയാണ് സന്നദ്ധ സുവിശേഷക സംഘം. മാർത്തോമ്മാ സഭയുടെ ആദ്ധ്യാത്മീക ചൈതന്യത്തിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത് സമർപ്പിതരായ ആത്മായ നേതാക്കളായിരുന്നു. മുകളിൽ വിവരിച്ച എല്ലാ സാക്ഷ്യ നിർവ്വഹണ പ്രസ്ഥാനത്തിന്റെയും പ്രഭവകേന്ദ്രം മാരാമണ്ണിലെ മഹാ സംഗമമായിരുന്നു.

നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ മന്ദിരമാണെന്നും ആ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണമെന്നുള്ള ഉൾക്കാഴ്ച്ച മുഴങ്ങിക്കേട്ട ഇടമാണ് മാരാമൺ. സാമൂഹിക തിന്മകൾക്കും ദുഷ്പരിചയങ്ങൾക്കും എതിരെയുള്ള നിരന്തര പോരാട്ടം നിർവ്വഹിക്കുന്നതിൽ കൺവൻഷൻ എന്നും മുൻപന്തിയിലായിരുന്നു. ലഹരി വസ്തുക്കളുടെ വർജ്ജനം കൺവൻഷന്റെ മുഖ്യ സന്ദേശങ്ങളിൽ ഒന്നായിരുന്നു. സമൂഹത്തെ കാർന്നു തിന്നുന്ന കുടുംബങ്ങളെ ശിഥിലമാക്കുന്ന പ്രവണതകളെ തുറന്ന് എതിർക്കുന്നതിൽ കൺവൻഷൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഇതൊക്കെ കൺവൻഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഒളി മങ്ങാത്ത ഉദാഹരണങ്ങളാണ്. ഭിക്ഷാടനം എന്നത് ഒരു മനുഷ്യന്റെ ഏറ്റവും വേദന നിറഞ്ഞ അനുഭവമാണ്. യാചക നിരോധന മേഖലയായി കൺവൻഷൻ നടക്കുന്ന മാരാമണ്ണിനെ പ്രഖ്യാപിപ്പിക്കുക എന്നത് എളുപ്പമാർഗ്ഗമാണ്. എന്നാൽ അവരുടെ പുനരധിവാസം ശ്രമകരമായ ഒരു ദൗത്യമാണ്. കുമ്പനാട് ധർമ്മഗിരി അഗതിമന്ദിരത്തിന്റെ ആവിർഭാവം ഈ വേദനയുടെയും സമൂഹത്തിന്റെ ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ ഉളവായതാണ്. കൺവൻഷൻ എന്നും മനുഷ്യാന്തസ്സ് ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചിട്ടുണ്ട്.

സഭകൾ ശിഥിലമാകുന്നതിൽ കൂടി ദൈവസ്നേഹവും ക്രിസ്തുവിന്റെ ശരീരധാരണത്തിന്റെ പൊരുളുമാണ് നഷ്ടപ്പെടുന്നത്. കർത്താവ് തന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ ഇത് ഓർമ്മിപ്പിച്ചിട്ടുണ്ട്. എല്ലാ സഭയിലെ അംഗങ്ങൾക്കും ഒരുമിച്ച് കൂടാൻ പര്യാപ്തമായ ഒരിടം മാരാമൺ കൺവൻഷൻ പോലെ വേറെയുണ്ടോ എന്ന് സംശയമാണ്. വ്യത്യസ്ത സഭയിലെ അഭിവന്ദ്യ പിതാക്കന്മാർക്ക് ഒരുമിച്ച് വേദി പങ്കിടാൻ അവസരം ഒരുക്കുന്നതിൽ കൂടി മാരാമൺ ഒരു വ്യക്തമായ സന്ദേശം ലോകത്തിന് നൽകുന്നുണ്ട്; ദൈവം ക്രിസ്തുവിൽ കൂടി ലോകത്തെ സ്നേഹിക്കുന്നു എന്നുള്ളതാണ്. ഏകതയുടെയും പരസ്പര ബഹുമാനത്തിന്റെയും ഇഴയടുപ്പമുള്ള ഒരു വേദി സൃഷ്ടിക്കുവാൻ കഴിയുന്നത് മഹത്തരമായ ഒരു സാക്ഷ്യമാണ്.

മാരാമൺ കൺവൻഷനിലെ ഓരോ യോഗങ്ങളും വ്യക്തമായ ലക്ഷ്യത്തോടെയാണ് ക്രമീകരിച്ചിരിക്കുന്നത്. അതെല്ലാം വ്യക്തികൾക്കും സമൂഹത്തിനും ക്രിയാത്മകമായ ദർശനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. വ്യക്തികളെ രൂപാന്തരപ്പെടുത്തുന്നതിനും സമൂഹങ്ങൾക്ക് നവദർശനങ്ങൾ നൽകുന്നതിനും പര്യാപ്തമായ വചനത്തിന്റെ വിനിമയം നിരന്തരം ഇവിടെ നിർവ്വഹിക്കപ്പെടുന്നു. അത് സാക്ഷ്യത്തെ വിശാലമാക്കുകയും സാക്ഷ്യനിർവ്വഹണമഖലകളെ പ്രഭാപൂരിതമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു •

ലേഖനം

# ഭാരത ഗ്രാമങ്ങളിൽ പൂത്തുലഞ്ഞ മണൽപ്പുറത്തെ വചനം



റവ. അലക്സാണ്ടർ തോമസ്, മാത്ര

**മാരാമൺ കൺവൻഷനിൽ ദൈവ വചനത്തിന്റെ നിർമലമായ പ്രഘോഷണങ്ങളാണ് നടക്കുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും തേടി നടക്കുന്നവരെ മാരാമൺ ആകർഷിക്കുന്നില്ല. ശാന്തമായ അന്തരീക്ഷത്തിലാണ് ഏവരും വചനം കേൾക്കുന്നത്. മാനസാന്തരം ആവശ്യമാണെന്നും ആത്മാവിന്റെ ഫലം കായ്ക്കണം എന്നും ഉദ്ബോധിപ്പിക്കുന്നു.**

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സ്വഭാവം ദൗത്യ നിർവഹണവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ലോകത്തിൽ ദൈവത്തിന്റെ അസ്തിത്വത്തിലുള്ള നമ്മുടെ പങ്കാളിത്തമാണ് ദൗത്യം. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ വെളിച്ചത്തിൽ വളർന്നുവന്ന മലങ്കര സഭക്ക് പൗരസ്ത്യ വിശ്വാസ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അന്തഃസത്ത കൈവെടിയാതെ സുവിശേഷ സാമൂഹിക ദർശനങ്ങൾ ഉൾക്കൊണ്ട് സഭയുടെ ദൗത്യം സാക്ഷാത്കരിക്കുവാൻ ദൈവം നൽകിയ വരദാനമാണ് മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം. മാരാമൺ മഹായോഗം പ്രസ്തുത സുവിശേഷ പ്രസ്ഥാനത്തിന്റെ മുഖ്യ ചുമതലയിൽ നടത്തിവരുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെയും മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെയും മാരാമൺ കൺവെൻഷന്റെയും ചരിത്രം ഒന്നിനോടൊന്നു ബന്ധപ്പെട്ടിരിക്കുന്നതും പരസ്പര പൂരകങ്ങളുമാണ്. 1888 സെപ്റ്റംബർ അഞ്ചാം തീയതി ബുധനാഴ്ച ചെങ്ങന്നൂർ കൊട്ടാരത്തിൽ തോമസ് കശീശ്ശായുടെ നേതൃത്വത്തിൽ 12 പേർ കല്ലിശ്ശേരി ചെമ്പകശ്ശേരിൽ കടവിൽ മാളികയിൽ കൂടിയ പ്രാർത്ഥനായോഗത്തിൽ വെച്ചാണ് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം രൂപീകരിക്കപ്പെട്ടത്. മലബാർ മാർത്തോമ്മാ സിറിയൻ ക്രിസ്ത്യൻ ഇവാൻജെലിസ്റ്റിക് അസോസിയേഷൻ എന്നായിരുന്നു മൂലനാമം. മലങ്കരയിലെ നവീകരണത്തിന്റെ സദ്ഫലങ്ങളിൽ ഒന്നായിട്ടാണ് ഈ സംഘത്തിന്റെ രൂപീകരണം. പതിമൂന്നാം മാർത്തോമ്മാ ആയ അഭി. മാത്യൂസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) ന്റെ കാലത്തു 1873 ൽ മലങ്കര സഭയിൽ ഒരു ഉണർവ് ഉണ്ടായി. അതിന്റെ തുടർച്ചയായി പല സ്ഥലങ്ങളിലും വെച്ച് ആത്മീയ യോഗങ്ങൾ നടക്കുകയും സഭാജനങ്ങൾ ഉണർത്തപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ആ ഉണർവ്വിന്റെ തുടർച്ചയായിട്ടാണ് പതിനാലാം മാർത്തോമ്മാ ആയ



അഭി. തോമസ് മാർ അത്താനിയോസ് മെത്രാപ്പോലീത്തയുടെ കാലഘട്ടത്തിൽ കൊട്ടാരത്തിൽ അച്ചന്റെ അധ്യക്ഷതയിൽ കടവിൽ മാളികയിൽ വച്ച് യോഗം കൂടി സുവിശേഷ പ്രസംഗ സംഘത്തിന്റെ പ്രാരംഭം കുറിക്കുവാൻ ഇടയായത്.

പൗരസ്ത്യ സഭയുടെ എല്ലാ ആരാധനാ സംവിധാനങ്ങളും പാരമ്പര്യങ്ങളും നിലനിർത്തിക്കൊണ്ട് നവീകരണാശയത്തിൽ സുവിശേഷ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും സാധ്യമാക്കി തീർത്തത് ആ കാലഘട്ടത്തിലെ അഭി. മെത്രാപ്പോലീത്താമാരുടെയും സംഘത്തിന്റെ പ്രാരംഭ പ്രവർത്തകരുടെയും വിശ്വാസ ദൃഢതയും ദർശനവുമാണ് സൂചിപ്പിക്കുന്നത്.

കൂടാതെ മലങ്കരയിലെ നവീകരണത്തോടൊപ്പം വന്ദ്യനായ അബ്രഹാം മൽപ്പാൻ അന്ന് മാരാമണ്ണിൽ വേദപുസ്തക പഠന ക്ലാസ്സുകൾ നടത്തുക പതിവായിരുന്നു. ദൂരദേശങ്ങളിൽനിന്നും വിശ്വാസികൾ കാൽനടയായി വന്നു ഈ ക്ലാസ്സുകളിൽ താൽപര്യപൂർവ്വം പങ്കെടുക്കുമായിരുന്നു.

**മാരാമൺ കൺവൻഷന്റെ പ്രാരംഭവും വളർച്ചയും**

മാർത്തോമ്മാ സുറിയാനി സഭയുടെ ആദ്ധ്യാത്മിക ദർശനവും, സ്വത്വവും, ശിക്ഷണബോധവും, ചരിത്രാവബോധവും ധാർമികതയും, ദൗത്യബോധവും, സാമൂഹിക അവബോധവും, എക്യുമിനിസവും, സുവിശേഷ ദർശനവും, അതുല്യതയും വെളിവാക്കുകയും ഉളവാക്കുകയും ചെയ്യുന്ന സുവിശേഷ കാര്യപരിപാടിയാണ് മാരാമൺ മഹായോഗം. പാശ്ചാത്യ സ്വതന്ത്ര മിഷൻ സംഘങ്ങൾ സഭാജനങ്ങളെ സഭയുടെ അടിസ്ഥാന ദർശനത്തിൽ നിന്നും അകറ്റുംവിധം വികലമായ ഉപദേശങ്ങൾ പഠിപ്പിക്കുന്നതിനെതിരെ സത്യവിശ്വാസം പഠിപ്പിക്കുവാൻ വേദപുസ്തക പഠനം അത്യാവശ്യമായി വന്നു. അറിവുള്ള പക്വമതികളായ പ്രഭാഷകരേയും വേദപണ്ഡിതരെയും വരുത്തി ആറന്മുള ക്ഷേത്രത്തിനും മാരാമൺ പള്ളിക്കും ഇടയ്ക്കുള്ള പമ്പയുടെ മണൽപ്പുറത്തു ഒരു വേദപുസ്തക പഠന സംഗമം നടത്തി. പിന്നീട് 1895ൽ വേദപഠനങ്ങളോട് ചേർന്ന് സുവിശേഷ പ്രസംഗങ്ങളും സമന്വയിപ്പിച്ച് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെയും മാർത്തോമ്മാ സഭയുടെയും നേതൃത്വത്തിൽ ആളുകൾക്ക് വന്നുചേരുവാൻ സൗകര്യാർത്ഥം മാരാമൺ കൺവെൻഷൻ കോഴഞ്ചേരി ഭാഗത്തെ മണൽപ്പുറത്തേക്കുമാറ്റി.

മാരാമൺ മഹായോഗത്തിന്റെ നടത്തിപ്പിൽ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ നേതൃത്വം അതുല്യവും പ്രശംസനീയവുമാണ്. അഭി. അബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ, അഭി. മാത്യൂസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പ എന്നീ വന്ദ്യരായ തിരുമേനിമാരുടെ ദിശാബോധവും നേതൃത്വവും കൺവൻഷന്റെ വളർച്ചയുടെ കാലഘട്ടത്തിൽ നവദർശനം നൽകി. മാരാമൺ കൺവൻഷൻ ആരംഭിച്ചത് അഭി. തീത്തൂസ് പ്രഥമൻ മെത്രാപ്പോലീത്തായുടെ കാലത്താണ്. അന്നുതൊട്ട് ഇന്നുവരെയുള്ള മെത്രാപ്പോലീത്താമാരും സംഘം പ്രസിഡന്റുമാരായ തിരുമേനിമാരും പുതിയ മിഷൻ ഫീൽഡുകൾ ആരംഭിക്കുന്നതിനും സുവിശേഷ ഘോഷണം വിപുലീകരിക്കുന്നതിനും അനുഗ്രഹകരമായ നേതൃത്വം നൽകി.

**വചന പ്രസംഗങ്ങളുടെ പ്രധാന ഊന്നലുകൾ**

മാരാമൺ കൺവൻഷനിൽ ദൈവ വചനത്തിന്റെ നിർമലമായ പ്രഘോഷണങ്ങളാണ് നടക്കുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും തേടി നടക്കുന്നവരെ മാരാമൺ ആകർഷിക്കുന്നില്ല. ശാന്തമായ അന്തരീക്ഷത്തിലാണ് ഏവരും വചനം കേൾക്കുന്നത്. മാനസാന്തരം ആവശ്യമാണെന്നും ആത്മാവിന്റെ ഫലം കായ്ക്കണം എന്നും ഉദ്ബോധിപ്പിക്കുന്നു. ദൈവം വിശ്വസ്തൻ ആണെന്നും അവൻ മതിയായവൻ ആണെന്നും ഉറപ്പുനൽകുന്നു. പാപത്തിനും രോഗത്തിനും ജീവിത പ്രശ്നങ്ങൾക്കും സൗഖ്യം നൽകണമേയെന്നുള്ള മധ്യസ്ഥ പ്രാർത്ഥനകളും ക്രിസ്തു സകല രോഗങ്ങൾക്കും സൗഖ്യദായകനാണെന്ന വേദപുസ്തകസത്യവും ഉദ്ബോധിപ്പിക്കുന്ന ഇടവുമായി കൺവെൻഷൻ മാറുന്നു. നല്ല മനുഷ്യരായി ജീവിക്കുക എന്നും സ്വാർത്ഥമതികളായി ജീവിക്കാതെ മറ്റുള്ളവരെ കരുതുന്ന ജീവിതം നയിക്കുക എന്നും പ്രബോധിപ്പിക്കുന്നു. ക്രിസ്തു കേന്ദ്രീകൃതമാണ് എല്ലാ പ്രസംഗങ്ങളും. സാമൂഹിക തിന്മകൾക്കെതിരെ നിലകൊള്ളണം എന്ന ആഹ്വാനം നൽകുന്ന പ്രസംഗങ്ങളും എക്യുമിനിക്കൽ ബന്ധങ്ങളുടെ അനിവാര്യതയെക്കുറിച്ചുള്ള പ്രസംഗങ്ങളും നടത്തിവരുന്നു. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ എന്നിവരെ കരുതൽപ്പെടുത്തുന്ന പ്രസംഗങ്ങളും യോഗങ്ങളും ക്രമീകരിക്കുന്നു. സുവിശേഷം അറിയിക്കുന്നതിന്റെ അനിവാര്യതയും സുവിശേഷ വേലയ്ക്ക് വേണ്ടിയുള്ള ആഹ്വാനവും നിറഞ്ഞുനിൽക്കുന്ന പ്രബോധനങ്ങളും നൽകുന്നു. സുവിശേഷം ജീവിതമാക്കണമെന്നും സ്ഥിരതയുള്ള വിശ്വാസികൾ ആകണമെന്നും വിവിധ യോഗങ്ങളിലൂടെ പ്രബോധിപ്പിക്കുന്നു.

പുകവലി, വെറ്റിലമുറുക്ക് മുതലായ ദുശ്ശീലങ്ങൾ ഒഴിവാക്കണം എന്ന ശക്തമായ ഉപദേശം സുപ്രസിദ്ധ പ്രസംഗകൻ ഡോ. ഇ. സ്റ്റാൻലി ജോൺസ് ചില വർഷങ്ങൾക്കുമുൻപ് നൽകിയപ്പോൾ ജനങ്ങൾ അതനുസരിച്ചു അപ്രകാരമുള്ള വസ്തുക്കൾ മണലിൽ കുഴിച്ചിട്ടതും അഗ്നിക്കിരയാക്കിയതും ഇത്തരുണത്തിൽ സ്മരണീയമാണ്. മദ്യപാനത്തിനും മയക്കുമരുന്ന് ആസക്തിക്കും എതിരായുള്ള പ്രഘോഷണങ്ങൾ മാരാമൺ കൺവൻഷന്റെ സന്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നു. ആളാംപ്രതി സുവിശേഷ

വേലയും കൺവൻഷന്റെ അനുഗ്രഹത്തിനും മറ്റുമായി പ്രാർത്ഥനാ കൂടാരങ്ങളിൽ പ്രാർത്ഥനകളും ക്രമീകരിക്കപ്പെടുന്നു.

**മാരാമൺ കൺവൻഷനും സ്ഥാപനങ്ങളും സുവിശേഷ വയൽ പ്രദേശങ്ങളും**

സഭയിലെ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ആരംഭത്തിനും വളർച്ചക്കും കാരണമായി ഭവിച്ചത് മുഖ്യമായും മാരാമൺ കൺവൻഷൻ തന്നെയാണ്. സൺഡേസ്കൂൾ പ്രസ്ഥാനം 1905 ലും സേവികാസംഘം 1919 ലും സന്നദ്ധ സുവിശേഷക സംഘം 1925ലും മാർത്തോമ്മാ വൈദിക സെമിനാരി 1926ലും മാർത്തോമ്മാ യുവജനസഖ്യം 1933 ലും മാരാമൺ മഹായോഗത്തിൽവെച്ച് ആരംഭിച്ചതാണ്.

മാർത്തോമ്മാ സഭയുടെ സുവിശേഷ ദർശനമായ മാരാമൺ കൺവൻഷൻ നിമിത്തമാണ് സുവിശേഷ ഘോഷണം സംബന്ധിച്ചുള്ള പുതിയ കാഴ്ചപ്പാട് കേരളത്തിലെ ഇതര സഭകൾക്ക് ലഭിച്ചത്. സാമൂഹിക ഉച്ചനീചത്വഭാവം, വർണ്ണ വിവേചനം, അടിമത്തം, ചൂഷണം മുതലായ ദോഷങ്ങൾക്കെതിരെ ജനശ്രദ്ധ ഉയർത്തുന്നതിനും കൺവൻഷൻ നേതൃത്വം നൽകി. തിരുവിതാംകൂറിലെ ക്രിസ്തേതരുടെ ഇടയിൽ ചെയ്യുന്ന വേലകൊണ്ട് തൃപ്തിപ്പെട്ടിരുന്ന സഭ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശയിൽ കർണാടകയിലേയ്ക്കും സുവിശേഷ പ്രവർത്തനം വ്യാപിപ്പിച്ചു. തുടർന്ന് ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷ വേല സ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും ആശ്രമങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, ആതുരശാലകൾ മുതലായവ ആരംഭിക്കുന്നതിനും കൺവൻഷനിൽ ഉയർന്ന ശക്തമായ ദൂതുകൾ പ്രചോദനം നൽകിയിട്ടുണ്ട്.

വടക്കൻ തിരുവിതാംകൂർ തെക്കൻ തിരുവിതാംകൂർ, തീരപ്രദേശങ്ങൾ, പാലക്കാട്, അങ്കോലാ സീഹോറാ, ഹോസ്കോട്ട്, സത്നാ, ടിബറ്റൻ ബോർഡർ തുടങ്ങി ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും ആരംഭിച്ച മിഷൻ വേലസ്ഥലങ്ങൾ മാരാമൺ കൺവൻഷന്റെ പ്രചോദനം മൂലമാണ്. തമിഴ്നാട്ടിലും ആന്ധ്രായിലും മറ്റു സംസ്ഥാനങ്ങളിലും അടുത്തയിടെ ആരംഭിച്ചതായ മിഷൻ വേല സ്ഥലങ്ങൾ എല്ലാം മാരാമൺ കൺവൻഷന്റെ സുവിശേഷ ആഹ്വാനത്തിൽനിന്നും ജന്മമെടുത്തതാണ്. ദൈവ വിശ്വാസം മൂലധനമായി കണ്ടുകൊണ്ട് പ്രവർത്തനത്തിന് ഇറങ്ങിയ യുവജനങ്ങൾക്ക് താങ്ങും തണലും പ്രചോദനവും നൽകിയത് മാരാമൺ കൺവൻഷൻ ആണ്. അനേകം വിദ്യാസമ്പന്നരായ ആളുകളും ശമ്പളം പ്രതീക്ഷിക്കാതെ മിഷൻ ഫീൽഡുകളിൽ സേവനം ചെയ്തിട്ടുണ്ട്. ത്യാഗോജ്ജ്വലമായ മിഷൻ സേവനങ്ങൾ കാഴ്ചവെച്ച് മിഷൻ ഫീൽഡുകളിൽ വെച്ച് ജീവിതം അർപ്പിച്ച അത്തരം മഹാത്മാക്കളെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

സഭയുടെയും ഭദ്രാസനങ്ങളുടെയും സുവിശേഷ സംഘത്തിന്റെയും നേരിട്ടുള്ള മിഷൻ ഫീൽഡുകളുടെയും പ്രവർത്തനങ്ങളുടെ പരിചയപ്പെടുത്തലും സാമ്പത്തിക സ്രോതസ്സിനുവേണ്ട ആഹ്വാനങ്ങളും പ്രവർത്തകരെ ലഭിക്കുവാനുള്ള അറിയിപ്പുകളും മാരാമൺ കൺവെൻഷൻ വേളയിൽ പരസ്യം ചെയ്യുന്നത് സുവിശേഷ വേലയുടെ വിപുലീകരണത്തിനും പ്രവർത്തകരുടെ ആത്മശക്തിക്കും പ്രചോദനം നൽകുന്നു. സഭയുടെ സുവിശേഷ പ്രവർത്തനം മൂലം ചേർക്കപ്പെട്ട നവ വിശ്വാസികൾ മാരാമൺ കൺവൻഷനിൽ സംബന്ധിക്കുന്നുണ്ട് എന്നത് മാത്രമല്ല അവർക്ക് പ്രത്യേക അവസരങ്ങൾ നൽകുന്നുമുണ്ട്. ഇതും സുവിശേഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹ ജനകമാണ്.

നമ്മുടെ പ്രവർത്തനംമൂലം വിശ്വാസത്തിൽ വന്നവർ അവരുടെ പഴയ ജീവിതം ഉപേക്ഷിച്ച് അവർ സ്വയമായി മറ്റുള്ള ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനം ചെയ്യുന്നുണ്ട്. അങ്ങനെയുള്ളവർ തദ്ദേശീയർ നല്ല മനുഷ്യ സ്നേഹികളായും വിശ്വാസികളായും ജീവിക്കുന്നത് ആനന്ദം പകരുന്ന സംഗതിയാണ്.

കോവിഡ്-19 മഹാമാരിയുടെ പരിമിതികൾ മറ്റെല്ലാ സംരംഭങ്ങളെയും ബാധിച്ചതുപോലെ മാരാമൺ മഹാ യോഗത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. സഭയുടെയും സുവിശേഷ പ്രസംഗ സംഘത്തിന്റെയും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഇടവകകളുടെയും വിവിധ വിശ്വാസ സമൂഹങ്ങളുടെയും വിവിധ ഭാഷക്കാരുടെയും ആത്മീയ, സ്നേഹ കൂട്ടായ്മയുടെ ഒരു സംഗമ സ്ഥാനമാണ് മാരാമൺ മഹായോഗം. കാലഘട്ടത്തിനനുസൃതമായ ദൂതുകൾ ലഭിക്കുവാനും തുടർന്നും വിശ്വാസ സമൂഹത്തിനു ഇടയാകട്ടെ. കുടുംബങ്ങളും സമൂഹം തന്നെയും രോഗാതുരമായി തീർന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വ്യക്തിബന്ധങ്ങളുടെ തകർച്ച, പരസ്പരം ഹിംസിക്കുന്ന സാഹചര്യങ്ങൾ, ലൈംഗിക അരാജകത്വം, മയക്കുമരുന്നിന്റെ ആസക്തി, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം എല്ലാം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിൽ അതിനെതിരെയുള്ള ശക്തമായ ദൂതുകളും ദൈവ വചന പ്രഘോഷണങ്ങളും മരാമണ്ണിൽ നടക്കട്ടെ എന്ന് പ്രാർത്ഥിക്കാം. അതുപോലെ സുവിശേഷ വേലയ്ക്ക് പുതിയ രൂപവും ഭാവവും ദർശനവും നൽകുവാനും മാരാമൺ കൺവൻഷൻ മഹായോഗത്തെ സർവ്വശക്തനായ ദൈവം ഒരുക്കട്ടെ •



ലേഖനം

# കൺവൻഷനുകളും വചനമെന്ന കൂദാശയും



**റവ. പി. ജെ. വർഗ്ഗീസ്**, വെട്ടിയാർ

കോവിഡ്-19 ന്റെയും അതിന്റെ രൂപവ്യതിയാനങ്ങളുടെയും നിയന്ത്രണ നിബന്ധതകൾ നിലനിൽക്കെത്തന്നെ കേരളക്കര കൺവൻഷനുകളുടെ കാലത്തേക്ക് പ്രവേശിക്കുന്നു. വിശ്വാസ ദൃഢീകരണ വഴിയിൽ വേദപുസ്തകം സ്വായത്തമായതിനെയും വചന വ്യാഖ്യാനവും തുടർ അനുരണനങ്ങളും (Ripples) വ്യക്തി, സഭ, ജീവിതത്തെ പരിവർത്തിപ്പിച്ച ചരിത്രാനുഭവത്തിന്റെയും പിന്തുടർച്ചക്കാരാകാൻ വിശ്വാസഗണം കാതോർക്കുന്ന കാലം. തുറന്ന വേദപുസ്തകമല്ലാതെ മറ്റൊന്നും ഭൗതികമായതില്ലാതെ പ്രയാണമാരംഭിച്ച പ്രേഷിതഗണം. രക്ഷയ്ക്കടിസ്ഥാനമായതെല്ലാം വേദപുസ്തകത്തിലുണ്ടെന്നതിനെ മാറ്റപ്പെടാനാവാത്ത പ്രഖ്യാപനമായി അംഗീകരിച്ച് പിന്തുടരുന്ന സഭയ്ക്ക് ഈ സമാനതകളില്ലാത്ത പ്രതിസന്ധി ഘട്ടത്തിൽ വചനം ജീവിതത്തിന്റെ തത്വവും പ്രയോഗവും പ്രതീക്ഷയുമായി മാറുന്നു.

**വചനം: മൂലവും പൊരുളും**
(the word: origin and meaning)

വചനമെന്ന സംജ്ഞ അതേപടി ഉപയോഗിച്ച് പഠിതാക്കളെ പ്രബുദ്ധമാക്കുന്നതിൽ യോഹന്നാൻ എഴുതിയ സുവിശേഷത്തിന് വേദപുസ്തകത്തിൽ അദ്വിതീയസ്ഥാനമാണുള്ളത്. നാലാം സുവിശേഷത്തിന്റെ പീഠികയായി വിശേഷിപ്പിക്കുന്ന ഒന്നാം അധ്യായത്തിന്റെ ആദ്യ 18 വാക്യങ്ങളിൽ വചനസംബന്ധിയായ 4 സുപ്രധാന വെളിപ്പെടുത്തലുകളുണ്ട്. 1) സൃഷ്ടിയുടെ ജീവനും വെളിച്ചവുമായ വചനം (1:1-5); 2) സ്നാപകൻ സാക്ഷിക്കുന്ന വെളിച്ചമായ വചനം (1:6-8); 3) വെളിച്ചരൂപത്തിൽ ലോകത്തിലേക്ക് വന്ന വചനം (1:9-13); 4) ജഡം ധരിച്ച് നമ്മോടൊപ്പം പാർക്കുന്ന വചനം (1:14-18).

വി. മത്തായി വംശാവലിയോടും വി.മർക്കോസ് സുവിശേഷത്തോടും വി.ലൂക്കൊസ് ജനനവിവരണങ്ങളോടും ബന്ധിച്ച് യേശുവിനെ അവതരിപ്പിക്കുമ്പോൾ വി. യോഹന്നാൻ ഏറെ വ്യത്യസ്ഥവും ഗഹനവും ആകർഷകവുമായി 'വചനത്തോട്' ബന്ധപ്പെടുത്തി കൃത്യം നിർവ്വഹിക്കുന്നു. ദൈവത്തോടുകൂടെ ആദിയിൽ ഉണ്ടായിരുന്നത്, സകലസൃഷ്ടിക്കും കാരണഭൂതമായിരുന്നത്, ഇരുളിന് കീഴടക്കാൻ കഴിയാതെ സകല സൃഷ്ടിക്കും വെളിച്ചമായിരുന്നത് തുടങ്ങിയ അവസ്ഥയിലും അനുഭവത്തിലുമാണ് 'വചന'ത്തെ ഇവിടെ പരിചയപ്പെടുത്തുന്നത്. മ്ശിഹായ്ക്കു മുന്നോടിയായി വഴി ഒരുക്കുവാൻ വന്ന സ്നാപകൻ വ്യക്തമാക്കുന്നത്. താൻ, വെളിച്ചമല്ല, എല്ലാവരും വിശ്വസിക്കേണ്ടതിന് സാക്ഷ്യമായിത്തീരാനുള്ളതാണ് തന്റെ നിയോഗം. പീഠികയിലെ വചനം സംബന്ധിച്ച വിശദമാക്കൽ തുടരുന്നു. വെളിച്ച രൂപത്തിൽ ലോകത്തിലേക്ക് വന്ന വചനം വിശ്വാസമെന്ന ബന്ധത്തിലൂടെ ഏവർക്കും ദൈവമക്കളാകാനുള്ള അവകാശം പ്രദാനം ചെയ്യുന്നു. ആ വചനം കൃപയും സത്യവും നിറഞ്ഞതായി സൃഷ്ടിയോടൊപ്പം പാർക്കുന്നു. ഈ ആമുഖ അവതരണത്തിന് ഗ്രീക്ക് ഭാഷയിലെ മറ്റെല്ലാ ക്രീയാരൂപങ്ങളിലും 'ആയി' (to be) എന്ന് സൂചിപ്പിക്കുമ്പോൾ ജഡാവതാരത്തെ മാത്രമാണ് 'ആയിത്തീർന്നു' (to become) എന്ന് കൃത്യവും സ്പഷ്ടവുമായ തരത്തിൽ അവതരിപ്പിക്കുന്നത്. പരിമിതികളില്ലാത്ത, നിത്യമായതിൽനിന്നും (eternal) താൽക്കാലികവും നശ്വരവുമായ (temporal) ലോകത്തിലേക്ക് ഉൾപ്രവേശിച്ച ചരിത്രത്തിലെ യേശുവിനെ (Jesus of History) പൂർണ്ണരൂപത്തിൽ വരച്ചുകാട്ടുന്നതിൽ നാലാം സുവിശേഷത്തിന്റെ സംഭാവന നിസ്തുല്യമാണ്. ജഡധാരണം ചെയ്ത വചനത്തെ

അതിന്റെ സ്വാഭാവികതയിലും യുക്തിഭദ്രതയിലും അവതരിപ്പിച്ചിരിക്കുന്നതിനാൽ ആശയം തീർത്തും ഗുണോന്മുഖവും (qualitative) പ്രവർത്തനോന്മുഖവും (functional) ആണ്.

**വചനവും നവീകരണ പാരമ്പര്യവും**

('word' and reformation tradition)

സഭാ നവീകരണ പാതയിലെ മാർട്ടിൻ ലൂഥറിന്റെ ശ്രദ്ധേയമായ സംഭാവനയാണല്ലോ 'sola scriptura' തിരുവചനം മാത്രം അടിസ്ഥാനമായിരിക്കണമെന്ന പഠിപ്പിക്ക. ദൈവവചനത്തിന് കൈവന്ന പ്രാമുഖ്യവും സ്വാധീനവും തുടർ നവീകരണത്തിനും സഭാഗാത്രത്തിന്റെ പുതുക്കത്തിനും മാത്രമല്ല നിദാനമായത്. അച്ചടി, പരിഭാഷ, പുത്തൻപതിപ്പുകളുടെ ആവിർഭാവം തുടങ്ങിയവയിലൂടെ നവീകരണനാന്തര ലോകത്തിന്റെ സാമൂഹ്യവും സാമ്പത്തികവും മാത്രമല്ല രാഷ്ട്രീയവും ബൗദ്ധികവുമായ ശാക്തികതയെ വേദപുസ്തകം സ്വാധീനിച്ചു കൊണ്ടിരുന്നുവെന്നത് ചരിത്ര യാഥാർത്ഥ്യമാണ്. സഭാ നവീകരണ ത്വര സൃഷ്ടിച്ച മിച്ചംവെച്ചുള്ള കഠിനാദ്ധ്വാന ധർമ്മശാസ്ത്രം മുതലാളിത്ത മൂല്യങ്ങളെ പരിപോഷിപ്പിച്ചതായുള്ള സാമൂഹ്യശാസ്ത്ര നിഗമനം തന്നെ സ്പഷ്ടമായ ഉദാഹരണമാണ് (protestant ethics and spirit of Capitalism- Marx Weber).

ഇന്ന് പല നിലകളിലും വിമർശിക്കപ്പെടുന്നുണ്ടെങ്കിലും പ്രൊട്ടസ്റ്റന്റ് സംഭാവനയായ 'മിഷൻ' കാഴ്ചപ്പാട് രൂപപ്പെട്ടതിലും മറ്റു പലതിനുമൊപ്പം 'ദൈവവചനത്തിന്റെ' സ്വാധീനവും എടുത്തു പറയത്തക്കതാണ്. നവീകരണം ജീവാത്മാവായി സ്വീകരിച്ച സഭയ്ക്കും മാതൃഭാഷയിലെ വചനലഭ്യതയും വ്യാഖ്യാന അനുഭവങ്ങളും സാമൂഹ്യവും സാമ്പത്തികവുമായ കുതിപ്പുകൾക്ക് കരുത്തേകി. കഴിഞ്ഞ നൂറ്റാണ്ടിന്റെ സഭാചരിത്രത്തെ ശ്രദ്ധേയമാക്കുന്നതിൽ കൺവൻഷൻ യോഗങ്ങൾക്കും ആളാംപ്രതി സുവിശേഷവേലക്കും പ്രമുഖസ്ഥാനമാണുള്ളത്. അവർക്കുള്ള ഊർജ്ജ ഉറവിടം തിരുവചനവും അതിന്റെ വ്യാഖ്യാനങ്ങളും മാത്രമായിരുന്നു. വചനാധിഷ്ഠിത ജീവിതത്തിനും തദനുസരണമായ ദൈവവിളിയോടുള്ള സമർപ്പണത്തിനുമായി മുളപൊട്ടിയ സാമൂഹ്യസേവന പ്രസ്ഥാനങ്ങൾ സഭാഗാത്രത്തെ കുറച്ചൊന്നുമല്ല ശക്തിപ്പെടുത്തിയത്. അശരണരുടെ ഇടയിലെ വേലയും, മന്ദിരങ്ങളും, മദ്യവിരുദ്ധസംഘങ്ങളും വിദ്യാഭ്യാസ മേഖലയിലെ മുൻ കൈയ്യുമെല്ലാം അക്കൂട്ടത്തിൽ പ്പെടുന്നു.

ആയിരത്തിതൊള്ളായിരത്തി എഴുപതുകളോടെ വചനവ്യാഖ്യാനത്തിൽ പുതിയൊരു ശക്തീകരണം ബലപ്പെട്ടുവന്നു. ദൈവാനുഗ്രഹം മറ്റൊന്നുമല്ല എന്തും ഏതും സ്വന്തമാക്കാനുള്ള ഉപാധിയായി അവതരിപ്പിക്കപ്പെട്ട സമൃദ്ധിയുടെ സുവിശേഷം (prosperity gospel) വേദപുസ്തക വ്യാഖ്യാനത്തിന്റെ ചട്ടക്കൂടായി മാറിയ സ്ഥിതിവിശേഷം. രക്ഷിതരുടെ ഗണം ലോകത്തിന്റെ രക്ഷയ്ക്കായി ദൈവോദ്ദേശ്യപ്രേരിതമായ പ്രവർത്തന സരണികൾ വെട്ടിത്തുറന്ന് മുന്നേറുവാനുള്ളവരാണ് എന്ന ശക്തീകരണം ദുർബ്ബലമാവുകയും തൽസ്ഥാനത്ത് വ്യക്തിസുരക്ഷയും ദൈവസൃഷ്ടിയായി ലോകത്തെ അവഗണിക്കുന്ന ആത്മാവിന്റെ രക്ഷയ്ക്കും പ്രാമുഖ്യം കൈവന്നു. ലാഭവും വിൽപ്പന ക്ഷുതയും മുഖമുദ്രയായ ആഗോളീകരണ ആശയങ്ങൾ അണപൊട്ടിയൊഴുകിയതോടെ വചനവ്യാഖ്യാനത്തിന്റെ ദിശാബോധം തന്നെ നഷ്ടമായി. വചനം വിതച്ചിരുന്ന ദൗസോന്മുഖതയും നിയോഗപരതയും ജീവിതത്തിൽ നിന്നുതന്നെ അന്യമായി. വ്യക്തി കേന്ദ്രീകൃത ആത്മീയതയും അത്ഭുതങ്ങളും മുഖമുദ്രയായ ആൾ ദൈവകേന്ദ്രീകൃതമായ സഭാരൂപങ്ങളുടെ ആവിർഭാവത്തിന് വിശ്വാസസമൂഹം സാക്ഷ്യം വഹിക്കേണ്ടിയും വന്നു.

**വചനമെന്ന കൂദാശയും സഭയും ജനങ്ങളും**

(The word as sacrament, Church and People)

ഏതൊരു സാമൂഹ്യപ്രസ്ഥാനവും പ്രതിസന്ധികളിൽ പിടിച്ചു നിൽക്കുന്നത് അതിന്റെ ആശയാടിത്തറയിലും അംഗങ്ങളുടെ ബോധ്യത്തിലുമാണ്. മനുഷ്യരാശിക്കൊപ്പം സഭയും മുൻപുണ്ടായിട്ടില്ലാത്ത വിധം പ്രതിസന്ധിയിലാണ്. ദൈവദർശനത്തിലും മുൻകൈയ്യിലും രൂപപ്പെട്ട സൃഷ്ടി പരിഹരിക്കപ്പെടാനാവാത്ത വിധം തകർച്ചയിലാണ്. മനുഷ്യനടക്കമുള്ള ജന്തുകുലത്തിന് നിലനിൽപ്പ് തന്നെ അപകടത്തിലാണിന്ന്. കുറഞ്ഞുവരുന്ന പ്രാണവായു, വറ്റിവരണ്ട ജലസ്രോതസ്സുകൾ, തീർന്നുപോകുന്നതോടൊപ്പം കുറച്ചാളുകളുടെ മാത്രം കൈയ്യിലാവുന്ന പ്രകൃതി വിഭവങ്ങൾ, കാലാവസ്ഥാ വ്യതിയാനം സൃഷ്ടിച്ച ദുരിതങ്ങൾക്കൊപ്പം കോവിഡ് 19 ഉം മരണഭീതിയും കൂടിച്ചേർന്ന വിപൽഘട്ടം വറുതീയിൽനിന്നും വറുക്കച്ചട്ടിയിലേക്കെന്ന സ്ഥിതിയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു.

വിശ്വാസിക്ക് വിപത്തുകളിൽ തുണ ദൈവകൃപ മാത്രമാണ്. കൃപ മുഖാന്തിരമായി കൂദാശകളെ നിഷ്കർഷിക്കുന്നിടമാണ് സഭ. വചനമെങ്ങനെയാണ് നമുക്കിന്ന് കൗദാശികാനുഭവമാകുന്നത്? കൂദാശകളുടെ നിർവ്വഹണം ചുമതലപ്പെട്ട ശുശ്രൂഷാ സ്ഥാനികളെയും അങ്ങനെയല്ലാത്ത ആത്മായരെയും പ്രയോക്താക്കളും സ്വീകർത്താക്കളുമായി വിരുദ്ധതയിൽ സമീപിക്കയാണോ ഉചിതം? ഒന്ന് മെച്ചപ്പെട്ടതും മറ്റത് അത്യാകർഷവുമെന്ന ധ്വന്ദ്വഭാവമാണോ വേണ്ടത്? അധികാര ലാഞ്ചനയുടെയും അധികാര ശ്രേണിയുടെയും കെട്ടുപാടുകളിൽനിന്ന് സൗഖ്യദായകവും അകലങ്ങൾ തീർക്കാത്തതുമായ കൗദാശികാനുഭവവും കൈപ്പിടിയിലാക്കാനെങ്ങനെ കഴിയും? സകല വിശ്വാസികളുടെയും പൗരോഹിത്യത്തിലാണ് സഭ വിശ്വസിക്കുന്നത് (1 പത്രൊസ് 2:9). സഭയ്ക്ക് ക്രിസ്തുവിൽക്കൂടി നൽകിയിരിക്കുന്ന പൗരോഹിത്യ ശുശ്രൂഷയിൽ ആത്മായർക്ക് പൂർണ്ണ പങ്കാളിത്തമുണ്ട്. അവർ ഇതര സ്ഥാനികളെപ്പോലെ ക്രിസ്തീയ സത്യങ്ങളും ഉപദേശങ്ങളും ജീവിത

ത്തിലും വിവിധ തുറകളിലും പ്രായോഗികമാക്കുകയും സമൂഹത്തിൽ ഉത്തരവാദിത്തപൂർണ്ണമായ സാക്ഷ്യം നിറവേറ്റുകയും യേശുക്രിസ്തുവിന്റെ കർത്തൃത്വം മനുഷ്യജീവിതത്തിൽ സുസ്ഥാപിതമാക്കുകയും ചെയ്യുവാൻ വിളിക്കപ്പെട്ടിരിക്കുന്നു (സഭാ ഭരണഘടന വകുപ്പ് 13). അടിസ്ഥാനപരമായി ആത്മായരാണ് എല്ലാ ശുശ്രൂഷാസ്ഥാനികളും. വചനമെന്നത് കൂദാശയാകുമ്പോൾ അതിന്റെ അനുഷ്ഠാനം വചനത്തിന്റെ അർത്ഥം തേടലിലും പ്രയോഗം കരുപ്പിടിപ്പിക്കുന്നതിലുമാണ്. 'net' –സാക്ഷരതയും 'digital' വിഭജനവും കൂട്ടിയിണക്കാനാവാത്ത വിഭജനങ്ങളായി നമ്മുടെ മുൻപിലുള്ളപ്പോൾ 'വിളിയുടെ' നില (different of vocation in calling) നമ്മിൽ വേർതിരിവുണ്ടാക്കുന്നില്ല എന്നത് തീർത്തും ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

**വചനമെന്ന കൂദാശയുടെ കാലികാനുഷ്ഠാനം**

(celebration of the 'word' as sacrament in todays context)

അനാദിയും ശാശ്വതവാനുമായ ദൈവം സൃഷ്ടിയോട് ഉൾച്ചേർന്ന് ജഡം ധരിച്ചതിന്റെ ജീവനുള്ള വിവരണമായി സുവിശേഷങ്ങൾ നമുക്ക് വചനമെന്ന വരദാനമായി ലഭിച്ചിരിക്കുന്നു. ദൂരെയായിരുന്ന ദൈവം നമ്മിലൊരുവനായി / ഒരുവളായി. ആശങ്കകളിൽ പ്രത്യാശയായും, മരണയിടങ്ങളിൽ ജീവന്റെ തുടിപ്പുമായി, അകലങ്ങൾ സൃഷ്ടിക്കുന്ന ഏകാന്തതയിൽ അരികിലണക്കലായി സൗമ്യമെന്ന വചനത്തിന്റെ കൗദാശിക ഭാവമാണിന്ന് ആവശ്യം. വചനം നല്ല വിശേഷമാകുന്നത് – 'സു'– വിശേഷമാകുന്നത് ആവശ്യമുള്ളവർക്ക് അർഹിക്കുന്നതാവുമ്പോഴാണല്ലോ. ആദിമനൂറ്റാണ്ടിൽ പീഡനവും നിരോധനങ്ങളും ഭവനസഭകൾ (house churches) വിടുതലിന്റെ ഇടമാകുന്നു. സൗഖ്യവും സാന്ത്വനവും വെച്ചുവിളമ്പാൻ അകലങ്ങളിലെ പുതിയ അടുപ്പം ആഘോഷിക്കാൻ, നിയന്ത്രണങ്ങളുടെ സാധ്യത ഉത്സവമാക്കാൻ സാഹചര്യം നമ്മെ ശക്തീകരിക്കുന്നു; വെല്ലുവിളിക്കുന്നു. അതെ, ഇതാണ് ജഡം ധരിക്കുന്ന, ജഡം ധരിച്ചുകൊണ്ടിരിക്കുന്ന വചനം. യോഹന്നാൻ പറയും പോലെ, ആദി മുതലുള്ളതും കേട്ടതും, സ്വന്തകണ്ണുകൊണ്ട് കണ്ടതും, നോക്കിയതും കൈ തൊട്ടതുമായ (1 യോഹന്നാൻ 1) വചനം. അതെ ജീവിതം കൗദാശികമാവുകയാണ്. കൂടുതൽ കൂടുതൽ കൃപമുഖാന്തിരവും, അടയാളവും അർത്ഥവും അനുഭവവുമായി നമ്മോട് കൂടെയുണ്ട്. കാർമ്മികനും സ്വീകർത്താവും നാം തന്നെയാണ്. വചന ധ്വനി തിരിച്ചറിയാം. കാതോർക്കാം.

– നിന്റെ സഹോദരനെവിടെ? ഉൽപ്പത്തി 1:9

– സർവ്വസൃഷ്ടിയോടും ചെയ്യുന്ന ഉടമ്പടിയുടെ അടയാളമായിരിക്കും മഴവില്ല് – ഉല്പത്തി 10:15

– നിന്നാൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും – ഉല്പത്തി 12:3

– ഈ ചെറിയവരിൽ ഒരുത്തന് ചെയ്തിടത്തോളം എല്ലാം എനിക്കാകുന്നു ചെയ്തത് – മത്തായി 25:40

– ഇവന് ആവശ്യമുള്ളത് ചെലവിട്ടുകൊൾക. ഞാൻ തിരികെ വരുമ്പോൾ തന്നുകൊള്ളാം. ലൂക്കൊസ് 10:35.

വചനവും വചനത്തിന്റെ ജഡാവതാരവും രണ്ടല്ല. കൂദാശയും കൗദാശിക ജീവിതവും വേറിട്ടതല്ല. കാർമ്മികനും സ്വീകർത്താവും ഒന്നുതന്നെയാണ്. കോവിഡ് കാലത്ത് സുവിശേഷത്തിന്റെ പുത്തൻ പതിപ്പുകളാവാം നമുക്ക്. വചനമായ സുവിശേഷത്തിന് സംഗതമായ കാലം ആവശ്യപ്പെടുന്ന പീഠികളെഴുതാം നമുക്ക്. ജീവന്റെ, കരുതലിന്റെ, ചേർത്തുപിടിക്കലിന്റെ, അതിജീവനത്തിന്റെ, പുത്തൻ ഭാവങ്ങൾ നൽകാൻ നമ്മുടെ കൺവൻഷനുകൾക്ക് കഴിയട്ടെ. ജീവിച്ചിരുന്ന പഴയനിയമ പണ്ഡിതന്മാരിൽ പ്രസിദ്ധനാണ് Walter Bruggeman. പ്രവാചകന്മാരുടെ ശുശ്രൂഷകളെ വിലയിരുത്തുമ്പോൾ അദ്ദേഹം അവതരിപ്പിക്കുന്ന ഒരാശയമാണ് Prophetic imagination ഇതേപേരുള്ള ശ്രദ്ധേയമായ പുസ്തകമാണിത്. ബാലിന്റെ പ്രവാചകന്മാരിൽ നിന്നും വ്യത്യസ്ഥരായി വിടുതലിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഭൂമികയാണ് ഈ പ്രയോഗത്തിലൂടെ Bruggeman ലക്ഷ്യം വയ്ക്കുന്നത്. വചനവും വ്യാഖ്യാനവും നമ്മെ ഇന്ന് ഏതുതരം ഭാവനകളിലേക്ക്, സ്വപ്നങ്ങളിലേക്ക്, ദർശനങ്ങളിലേക്ക് നയിക്കുന്നു. ഉത്തരം കണ്ടെത്തലാവട്ടെ ഈ കുറിപ്പിന്റെ ഫലം •

## സഭാതാരക സ്റ്റാൾ മാരാമൺ മണൽപ്പുറത്ത്

സഭാതാരകയുടെ സ്റ്റാൾ മാരാമൺ മണൽപ്പുറത്ത് പ്രവർത്തിക്കുന്നതാണ്. പുതുതായി വരിക്കാരാകുവാനും നിലവിലുള്ള വരിസംഖ്യ പുതുക്കുവാനും ഇവിടെ അവസരം ഉണ്ടായിരിക്കും. പുതുക്കുന്നവർ റാപ്പറിൽ നിലവിലുള്ള സബ്സ്ക്രൈബർ നമ്പർ കൊണ്ടുവരുവാൻ സദയം ശ്രദ്ധിക്കണമെ. മൊബൈൽ നമ്പർ കൂടെ നൽകുന്നത് അഭികാമ്യമായിരിക്കും.

**മാനേജർ**



ലേഖനം

# മാരാമൺ: ആധ്യാത്മിക ചൈതന്യത്തിന്റെ ധന്യതീരം

റവ. ജിജി മാത്യൂസ് റാന്നി
ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം

മാരാമൺ എന്നത് ഇന്ന് ഒരു പ്രദേശത്തിന്റെ സൂചിക മാത്രമല്ല, തലമുറകളും ദേശങ്ങളും അവകാശപ്പെടുന്ന ആധ്യാത്മികതയുടെ പുണ്യഭൂമിയാണ്. ചരിത്രപ്രസിദ്ധമായ മാരാമൺ കൺവൻഷൻ പവിത്രമായ പ്രകൃതിയോടുചേർന്ന് ദൈവത്തെ സ്തുതിക്കുന്ന വേദിയാണ്. അവിടെ മുഴങ്ങുന്നത് സുവിശേഷത്തിന്റെ കാഹളമാണ്. അവിടെ ഉയർത്തപ്പെടുന്നത് സൗഹൃദത്തിന്റെയും കരുതലിന്റെയും കൂട്ടായ്മയുടെയും പന്തലാണ്. മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സുവിശേഷ പ്രസംഗസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ ആത്മീയ സംഗമം ഒന്നേകാൽ നൂറ്റാണ്ടു പിന്നിട്ടു. 1895-ൽ ആരംഭിച്ച കൺവൻഷന്റെ 127-ാം സമ്മേളനം 2022 ഫെബ്രുവരി 13 മുതൽ 20 വരെ മലയാളനാടിന്റെ സൗന്ദര്യറാണിയായ പമ്പാനദിയുടെ പുണ്യതീരമായ മാരാമണ്ണിൽ നടത്തപ്പെടുന്നു. ഏഷ്യൻ ഭൂഖണ്ഡത്തിലെ ഏറ്റവും ബ്രഹത്തായ ക്രിസ്തീയ സംഗമത്തിനുവേദിയാകുന്നയിടം. ദേശത്തിന്റെ നന്മയാണ് മാരാമൺ കൺവൻഷന്റെ ലക്ഷ്യം. കൺവൻഷന്റെ പ്രസക്തി ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചുവരുന്നു. മാരാമൺ കൺവൻഷന്റെ ചരിത്രം ഓർമ്മകളിൽ തെളിയുമ്പോൾ വർഷങ്ങൾക്കുമുമ്പ് ഡോ. എ.ബി. മാസിലാമണി മാരാമണ്ണിൽ നിർവ്വഹിച്ച ഒരു പ്രസംഗം ഓർമ്മയിൽ വരുന്നു. സങ്കീർത്തനം 46:4 “ഒരു നദിയുണ്ട്. അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്. അതു കുലുങ്ങിപ്പോകയില്ല. ദൈവം അതികാലത്തുതന്നെ അതിനെ സഹായിക്കും.” പ്രതിസന്ധികളുടെ നടുവിൽ കുലുങ്ങിപ്പോകാതെ ദൈവസാന്നിധ്യം രുചിച്ചറിഞ്ഞ ഒരു ജനതയുടെ സാക്ഷ്യമാണ് ഈ വചനകൂടാരത്തിൽനിന്നും മുഴങ്ങുന്നത്. ഈ ആത്മീയസംഗമത്തിന് വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയാൽ അനവരതമായ ദൈവകൃപ ലഭിക്കയും പ്രകാശപൂരിതമായ സാക്ഷ്യത്തിന്റെ മൂല്യശോഭയിൽ ഈ നാളുകളിൽ മുന്നേറുവാനും കഴിയുന്നു. സമാനതകളില്ലാത്ത ഒരു മഹാമാരിയുടെ നടുവിലും കൊറോണ വൈറസിന്റെ രൗദ്രഭാവം ആഞ്ഞടിക്കുമ്പോഴും കരുതുന്ന, വഴിനടത്തുന്ന ദൈവം അതിന്റെ മദ്ധ്യേ ഉണ്ടെന്ന് സാക്ഷിക്കുവാൻ സഭയായി നമുക്ക് ഇടയാകുന്നു. ചരിത്രവഴിയിൽ ദൈവകരുതൽ അനുഭവിച്ചവരാണ് നമ്മൾ.

മലങ്കരസഭയിലെ നവീകരണ കർത്താവായ പാലക്കുന്നത്ത് അബ്രഹാം മല്പാനച്ചന്റെ ശുചീകരണ പ്രസ്ഥാനം അഭിമുഖീകരിച്ച പ്രതിസന്ധികളിൽ സഭയെ തിരുവചനത്തിനനുസൃതമായ വിശ്വാസത്തിൽ ഉറപ്പിച്ചു മുന്നോട്ടു കൊണ്ടുപോകുവാൻ ശ്രമിച്ചു. ധീരോദാത്തനും ദൈവവിശ്വാസിയുമായ മല്പാനച്ചൻ സഭയിലെ ഉപദേശങ്ങൾക്ക് ആധാരവും അവയുടെ ഉരകല്ലുമായി തിരുവചനത്തെ അംഗീകരിച്ചു. കർമ്മാനുഷ്ഠാനങ്ങളുടെ അന്തഃസത്തയായി വിശ്വാസികൾ യേശുക്രിസ്തുമൂലം അനുഭവിക്കുന്ന ദൈവസംസർഗ്ഗത്തെ വീക്ഷിക്കുകയും അതിന് പ്രായോഗിക ജീവിതത്തിൽ പ്രാധാന്യം നൽകുകയും ചെയ്തു. ദൈവവചനത്തിന്റെ ദർശനവും വെളിച്ചവും ജനത്തിനു നൽകാൻ ഭാഗ്യസ്മരണീയനായ അബ്രഹാം മല്പാനച്ചൻ മാരാമണ്ണിൽ വേദപുസ്തക പഠനക്ലാസ്സുകൾ നടത്തിയപ്പോൾ ദൂരെ ദേശങ്ങളിൽ നിന്നുപോലും വിശ്വാസികൾ വന്ന് ക്ലാസ്സുകളിൽ പങ്കെടുത്തിരുന്നത് വചനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിച്ചു. നവീകരണത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ തന്നെ സുവിശേഷ സത്യങ്ങളായിരുന്നു. ക്രമേണ സുവിശേഷയോഗങ്ങൾ ദേശത്തിന്റെ പലഭാഗങ്ങളിൽ ക്രമീകരിക്കുവാൻ തുടങ്ങി.

സെമിനാരി കേസിനെ തുടർന്ന് മലങ്കരസഭയിലെ ശുചീകരണപ്രസ്ഥാനം അതിതീവ്രപരീക്ഷണം മലങ്കര സഭയിൽ നേരിട്ടു. കേസിൽ രണ്ട് കോടതികളിൽ പരാജയം നേരിട്ടശേഷം ആലപ്പുഴ റോയൽ കോർട്ട് വിധിക്കായി കാത്തിരിക്കുന്ന കാലഘട്ടം

സഭാ നേതാക്കന്മാർക്കും വിശ്വാസികൾക്കും ഒരുപോലെ മനോവ്യഥയും നൈരാശ്യവും അനുഭവപ്പെട്ടിരുന്ന പ്രത്യേക സന്ദർഭം, സുവിശേഷം ജീവിതത്തിൽ വരുത്തിയ രൂപാന്തരം അനുഭവസാക്ഷ്യമായി ഉൾക്കൊണ്ട പന്ത്രണ്ടു പേർ കല്ലിശ്ശേരി കടവിൽ മാളികയിൽ ഒരുമിച്ചുകൂടി സുവിശേഷം മറ്റുള്ളവരോടു പ്രഘോഷിക്കാനായി ഒരു 'സംഘം' രൂപീകരിക്കണമെന്ന് തീരുമാനിച്ചു. ഒരു പട്ടക്കാരനും (കൊട്ടാരത്തിൽ ദിവ്യ ശ്രീ.തോമസ് കശ്ശീശാ) സമീപപ്രദേശത്തുനിന്ന് എത്തിയ 11 അല്മായക്കാരും ചേർന്ന് 1888 സെപ്റ്റംബർ മാസം 5-ന് ആരംഭിച്ച മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം എന്ന ധീരമായ കാൽവെപ്പ് ശുചീകരണ പ്രസ്ഥാനത്തിന്റെ ഉണർവ്വിനും നിലനിൽപ്പിനും വഴിതെളിയിച്ചു. 1889-ൽ റോയൽ കോർട്ടിൽ സെമിനാരിക്കേസിലെ പരാജയം, ശുചീകരണ പ്രസ്ഥാനനേതാക്കളുടെ ആത്മവീര്യത്തെ കെടുത്തിയില്ല. ദൈവാശ്രയത്തോടുകൂടി സഭയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള വെല്ലുവിളിയായി അവർ അതിനെ സ്വീകരിച്ചു.

1895-ൽ 15-ാം മാർത്തോമ്മാ തീത്തൂസ് പ്രഥമൻ മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ കാലഘട്ടത്തിൽ മാരാമൺ പള്ളിയുടെ സമീപത്തുള്ള ആറന്മുള ക്ഷേത്രത്തിനു വടക്കു ഭാഗത്തുള്ള മണൽപ്പുറത്തു വേദപുസ്തക ദൂത് വ്യക്തതയോടെ പഠിക്കുവാൻ 10 ദിവസം നീണ്ടുനിന്ന ഒരു വേദപഠന സംഗമം നടത്തപ്പെടുകയുണ്ടായി. ഈ പ്രസംഗസംഗമം മാരാമൺ ഇടവകയുടെയും സമീപഇടവകകളുടെയും സഹകരണത്താലാണ് നടത്തപ്പെട്ടിരുന്നത്. ആംഗലേയ സഭയുടെ പ്രഗത്ഭരായ നേതാക്കൾ പ്രസംഗകരായെത്തി. ജനങ്ങൾക്ക് സൗകര്യമായി തിരുവചനം പഠിക്കുന്നതിന് ഓല, ഈറ, അടയ്ക്കാമരം എന്നിവ ഉപയോഗിച്ച് നിർമ്മിച്ച പന്തൽ ഒരുക്കപ്പെട്ട വേദിയായി. കൺവൻഷൻ പ്രദേശത്തിന്റെ ഒരു സഹകരണ പ്രസ്ഥാനമായി മാറി. പിൽക്കാലത്ത് സഭയുടെ മിഷനറി പ്രസ്ഥാനമായ സുവിശേഷ പ്രസംഗസംഘത്തിന്റെ പങ്കാളിത്തവും നേതൃത്വവും കൺവൻഷനു ലഭിച്ചു. സുവിശേഷപ്രസംഗസംഘത്തിന്റെ ഇതഃപര്യന്തമുള്ള കാര്യപരിപാടികളിൽ അവിസ്മരണീയ സ്ഥാനമുള്ള ഒന്നായിത്തീർന്നു പ്രസിദ്ധമായ മാരാമൺ മഹായോഗം. മാർത്തോമ്മാ സഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ശക്തീകരണത്തിനും സഭയെ ഒരുക്കുന്ന ഒരു പ്രസ്ഥാനമായി തീർന്നിരിക്കുന്നു ഇന്ന് മാരാമൺ കൺവൻഷൻ. സഭയ്ക്കും അതിന്റെ ആത്മീയ സംഘടനകൾക്കും ഉണ്ടായിട്ടുള്ള ഉത്തേജനം, കേരളത്തിലാകമാനം ഉളവായ ആത്മീയ പ്രബുദ്ധത ബാഹ്യകേരള മിഷൻ വയൽ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനു ലഭിച്ച പ്രചോദനം ഇങ്ങനെ വിവിധതരത്തിൽ മാരാമൺ കൺവൻഷൻ മുഖാന്തരം സഭയ്ക്കും തന്മൂലം ദൈവരാജ്യകെട്ടുപണിക്കും ലഭിച്ചിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. കൺവൻഷൻ ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രം പിന്നിടുമ്പോൾ സാഹചര്യത്തിലും ശക്തീകരണത്തിലും വന്ന പ്രകടവും ശ്രദ്ധേയവുമായ മാറ്റങ്ങൾ പഠനവിധേയമാവേണ്ടതായിട്ടുണ്ട്. പമ്പാ മണൽപ്പരപ്പ് കൺവൻഷൻ നടത്തിപ്പിനു ലഭിക്കത്തക്കവണ്ണം ഗവൺമെന്റിൽ നിന്നും ഡിപ്പാർട്ടുമെന്റുകളിൽനിന്നും പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്കും നമുക്ക് കടപ്പാടുണ്ട്. മാരാമൺ മണൽപ്പുറത്ത് പോലീസിന്റെ സഹായം കൂടാതെതന്നെ ആത്മനിയന്ത്രണം പാലിച്ചു, പല സാമൂഹികതിന്മകളോടും വിടപറഞ്ഞ് ജനം ഇന്നും കൂടിവരുന്നത് ഈ ധന്യതീരത്ത് അനുഭവിക്കുന്ന ആത്മീയ ചൈതന്യം മൂലമാണ്. അതിരുകളില്ലാത്ത ദൈവസ്നേഹത്തിന്റെ പവിത്രതയും, സാഹോദര്യവുമാണ് ഈ കൂട്ടായ്മയുടെ പ്രസക്തി. ആധുനികതയുടെ അതിപ്രസരം സൃഷ്ടിക്കപ്പെടുന്ന ലോകത്ത് പുതിയ സാധാരണതയിലേക്ക് വഴിമാറി ദൈവരാജ്യ ശുശ്രൂഷയിൽ പുതിയ ദർശനങ്ങൾ ഉൾക്കൊള്ളുവാൻ വചനാത്മീകതയുടെ നീർച്ചാലുകൾ പുതുനദികളായി ഒഴുകുവാൻ ധന്യതയുടെ ഈ തീരത്ത് വീണ്ടും ഒത്തുചേരാം •


## MCRD NAVAJYOTHI SCHOOL, THELLIYOOR
ESTD 1981

**ആവശ്യമുണ്ട്**

MCRD നവജ്യോതി സ്പെഷ്യൽ സ്കൂളിലേക്ക് വിവിധ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: **മാർച്ച് 15**

1. **അദ്ധ്യാപകർ 2 എണ്ണം** (Special B. Ed.)
2. **ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്** (BOT Recognised University)
3. **വാർഡൻ** (+2 with Driving License)
4. Office Administrator (MSW/MBA with Coumputer Skill)

For more details contact: Director, MCRD, Kolabhagom P.O, Thadiyoor, Ph: **8281258197**

ലേഖനം

# വചനപ്രഘോഷണം
## ആദിമ സഭാ ഗുരുക്കന്മാരുടെ പാഠഭേദങ്ങൾ



**റവ. സാം കോശി റ്റി.**
**ഏനാത്ത് മാർത്തോമ്മാ ചർച്ച്**

വചനപ്രഘോഷണവും കൂദാശകളുടെ അനുഷ്ഠാനവും ആദിമസഭാകാലം മുതൽതന്നെ വിശ്വാസത്തിന്റെ ആവിഷ്കാരമായും അനുശീലനമായും അനുവർത്തിക്കപ്പെടുന്നു. ആദിമസഭയെ പഠിക്കുവാൻ നമുക്ക് ലഭ്യമായ ഉപാധിയാണ് ആദിമസഭാഗുരുക്കന്മാരുടെ രചനകൾ (Writings of teachers of early faith). ആദിമസഭാ ഗുരുക്കന്മാരുടെ രചനകളിൽ വ്യക്തമാവുന്ന വചനഘോഷണത്തിന്റെ ചിലപ്രത്യേകതകളിലേക്കു ശ്രദ്ധയെ കൊണ്ടുവരണം എന്നതാണ് ഈ ലേഖനത്തിന്റെ രചനോദ്ദേശ്യം.

അന്താരാഷ്ട്ര നിലവാരമുള്ള ധാരാളം ഗവേഷണങ്ങൾ ആദിമസഭയെക്കുറിച്ചും വചനപ്രഘോഷണത്തെക്കുറിച്ചും ലഭ്യമാണെങ്കിലും അതിലെ മൂന്ന് പ്രധാന ധാരകൾ അന്വേഷണത്തിലേക്കു ക്ഷണിക്കുകയാണ് ഈ ലേഖനം ചെയ്യുന്നത്. ആദിമഗുരുക്കന്മാരുടെ വചനപ്രഘോഷണത്തിന്റെ കാതലായിരുന്ന വൈവിധ്യം, സാംസ്കാരിക സംവാദം, ക്രിസ്തുകേന്ദ്രീകൃത ശൈലി എന്നീ മൂന്ന് വശങ്ങൾ പഠനത്തിനായി അവതരിപ്പിക്കുവാനാണിവിടെ ശ്രമിക്കുന്നത്.

**1.വചന പ്രഘോഷണത്തിലെ വൈവിധ്യം**

ആദിമസഭാ ഗുരുക്കന്മാരുടെ രചനകളിലും ആദിമസഭാചരിത്രങ്ങളിലും കാണപ്പെടുന്ന വചനപ്രഘോഷണത്തിന്റെ വൈവിധ്യങ്ങളെയും അനന്യതകളെയും ആധികാരികമായി പഠിക്കുന്ന ഒരുഗ്രന്ഥമാണ് Valeriy Alikin രചിച്ച The Earliest History of the Christian gathering (Brill, 2010). മിഷനറിപശ്ചാത്തലത്തിലും, സഭയുടെ ആരാധനാ പശ്ചാത്തലത്തിലുമുള്ള വചനഘോഷണങ്ങൾ രണ്ടു ശൈലിയിൽ ഉള്ളവയായിരുന്നുവെന്ന് Alikin വിലയിരുത്തുന്നു. സഭയുടെ ആരാധനാ പശ്ചാത്തലത്തിലുള്ളവചനപ്രഘോഷണത്തിനു തന്നെ വൈവിധ്യം ഉണ്ട്. ആദിമ നൂറ്റാണ്ടിലെ വചനപ്രഘോഷണത്തെ പഠിക്കുമ്പോൾ ഭവനാന്തരീക്ഷത്തിലെ സഭയാണ് മനസ്സിൽ കരുതേണ്ടത് എന്ന് Alikin ബോധ്യപ്പെടുത്തുന്നു. ഗ്രീക്കോ റോമൻ കാലത്തെ തത്വശാസ്ത്രചർച്ചകളിലധികവും ഭവനാന്തരീക്ഷത്തിലോ,സമാനമായ സ്വകാര്യവും അനൗദ്യോഗികവും (Private and Informal) ആയ പശ്ചാത്തലത്തിലായിരുന്നുവെന്നത് ആദിമസഭയുടെ വചനപ്രഘോഷണത്തിന്റെ ഗാർഹിക ഭാവത്തിന്റെ താത്വികതലം പഠിക്കുമ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്. ഭവനാരാധനാ വേളകളിലും ഭക്ഷണാനന്തര കൂട്ടത്തിലും വചനപ്രഘോഷണത്തിന്റെ വിവിധഭാഷകൾ രൂപപ്പെട്ടിരുന്നു. സംവാദം, തർക്കം, അദ്ധ്യാപനം, കഥനം, പ്രഭാഷണം, ധ്യാനം, ചോദ്യോത്തരം എന്നീ ഏഴു ശൈലികൾ ആദിമസഭയിൽ വചനപ്രഘോഷണവുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നു. അപ്പോസ്തലപ്രവൃത്തികൾ സൂക്ഷ്മമായി വായിക്കുന്ന ഏവർക്കും മേൽപറഞ്ഞ പ്രഘോഷണവൈവിധ്യത്തിന്റെ ചാരുത ദർശിക്കാം. കാലക്രമത്തിൽ, രണ്ട് മൂന്ന് നൂറ്റാണ്ടുകളിൽ, ആശ്രമങ്ങളിലും സിനഗോഗുകളിലും വൈവിധ്യമാർന്ന വചനപഠനരീതിയും പ്രഘോഷണരീതിയും വ്യാപകമായി. നാലാം നൂറ്റാണ്ടു മുതൽ ആരാധനയോടു ചേർന്നു പള്ളികളിലും പൊതു ആരാധനാസ്ഥലങ്ങളിലും വചനപ്രഘോഷണത്തിന്റെ വിവിധഭാവങ്ങൾ, മേൽപറഞ്ഞവ, സുശക്തമായി. എന്നാൽ എല്ലാവൈവിധ്യത്തിനുള്ളിലും വചനപ്രഘോഷണത്തിന്റെ കാതൽ ഇരുവായ്ത്തലയുള്ളതായിരുന്നുവെന്ന് Abraham Van Den Beek രേഖപ്പെടുത്തുന്നു. ഒരു വശത്ത് സത്യവിശ്വാസം പഠിപ്പിക്കുന്നതും മറുവശത്ത് ദുരുപദേശത്തെ ശാസിക്കുന്നതുമായിരുന്നു വചനപ്രഘോഷണമെന്ന് Beek രേഖപ്പെടുത്തുമ്പോൾ ഇക്കാലത്തും ശ്രദ്ധിക്കാവുന്ന ചില മാർഗ്ഗരേഖകൾ നമുക്ക് നൽകുന്നു. വചനപ്രഘോഷണത്തിന്റെ വൈവിദ്ധ്യത്തോടൊപ്പം ശ്രദ്ധിക്കപ്പെടേണ്ടത് വചനപ്രഘോഷണവും സാംസ്ക്കാരിക ചർച്ചയും (Cultural Conversation) തിലുള്ള ബന്ധമാണ്. വചനപ്രഘോഷണത്തിന്റെ ലക്ഷ്യവും താത്പര്യവും വിശ്വാസത്തിന്റെ ഉറപ്പിക്കയും അതിന്റെ പഠിപ്പിക്കലും ആയിരുന്നു.

**2. വചനപ്രഘോഷണവും സാംസ്കാരിക സംവാദവും**

വചനത്തിൻെറ വിചാരലോകം അതിൽതന്നെ ഒരു സാംസ്കാരികവാദം മുന്നോട്ടു വയ്ക്കുന്നുണ്ട്. നീതി, കരുണ, സൃഷ്ടിതാവിൻെറ മഹത്വം, സൃഷ്ടിയുടെ മാന്യത, ജീവൻെറ സമൃദ്ധി, ഹിംസയുടെ നിരാസം അങ്ങനെ പോകുന്ന സാംസ്കാരിക ലോകം, വചനത്തിനുള്ളിൽ ഉള്ളതിനാൽ വചനത്തിൻെറ സാംസ്കാരിക ദർശനത്തിലേക്കു ശ്രോതാക്കളെ ക്ഷണിക്കുകയാണ് വചനപ്രഘോഷണത്തിൻെറ ലക്ഷ്യമെന്ന് ഫ്രഞ്ച് ദൈവശാസ്ത്രജ്ഞനും ചിന്തകനുമായ Paul Ricoeur സമർത്ഥിക്കുന്നത് ആദിമ സഭയെക്കുറിച്ചുള്ള പഠനങ്ങളുടെ പിൻബലത്തിലും കൂടെയാണ്.

വചനപ്രഘോഷണത്തിലെ സാംസ്കാരിക സംവാദം സൂക്ഷ്മതയോടെ ചെയ്യണമെന്ന നിഷ്കർഷ വിവിധ സഭാപിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. നാസിയാൻസിലെ ഗ്രിഗറി ഇപ്രകാരം പറയുന്നു:

“ആത്മാവിനു ചിറകു നൽകുന്നതും ലോകമയിത്വത്തിൽ നിന്നു വിടുവിക്കുന്നതും ദൈവസാദൃശ്യത്തിൻെറ സൗന്ദര്യം വർധമാനമാക്കുന്നതും സർവ്വോപരി ദൈവത്തിങ്കലേക്കു നയിക്കുന്നതുമാവണം വചനപ്രഘോഷണം”

വി. ഗ്രിഗറിയുടെ ഈ പ്രസ്താവന വചനപ്രഘോഷണത്തിൻെറ സാംസ്കാരിക ലക്ഷ്യം നമ്മെ വീണ്ടും ഉറപ്പിക്കുന്നു. പ്രഘോഷകർ, സാധാരണക്കാരും ദാർശനമായിത്തന്നെ വീണുപോകുവാൻ സാധ്യതയുള്ളവരുമാകയാൽ എത്രയും ഗൗരവത്തോടെ ചെയ്യേണ്ട ശുശ്രൂഷയാണ് വചനപ്രഘോഷമെന്ന് ഹിപ്പോയിലെ വി. അഗസ്റ്റീൻ പഠിപ്പിക്കുന്നു. അദ്ദേഹമിങ്ങനെ കുറിച്ചു:

“വചനപ്രഘോഷണത്തിലെ എല്ലാ തലങ്ങളും, എല്ലാ വാചകവും, എല്ലാ ഉദാഹരണവും, എല്ലാ വിശദീകരണവും ശ്രദ്ധയോടെ ആയിരിക്കണം. അശ്രദ്ധമായ ഒരു വാക്കും അയോഗ്യമായ ഒരു ഉദാഹരണവും സുവിശേഷ ഇതരമായ ഒരു വിശദീകരണവും സാത്താൻെറ കയ്യിൽ ഇണങ്ങിയ ആയുധമാവാം”.

അതായത്, വചനപ്രഘോഷണത്തിൻെറ സാംസ്കാരിക സംവാദം ജാഗ്രത വെടിഞ്ഞാൽ സുവിശേഷത്തിൻെറ വർധനവിനേക്കാൾ ആയതിൻെറ നിരാസത്തിന് മുഖാന്തിരമാകാം എന്ന പ്രവാചകതുല്യമായ മുന്നറിയിപ്പ് എക്കാലത്തും സൂക്ഷിക്കാവുന്നതാണ്. ഇതുതന്നെയാണ്, മറ്റൊരു ശൈലിയിൽജോൺ ക്രിസോസ്റ്റം എന്ന സഭാപിതാവ് പറഞ്ഞതും. “ലോകത്തിൻെറ കയ്യൊപ്പല്ല, ദൈവത്തിൻെറ കയ്യൊപ്പാണ് വചനപ്രഘോഷണത്തിൻെറ മാറ്റ്” എന്നാണ് വി. ജോൺ ക്രിസോസ്റ്റം പറയുന്നത്. ചുരുക്കത്തിൽ വചനപ്രഘോഷണത്തിലെ സാംസ്കാരിക സംവാദം (Cultural conversation) അതീവ ശ്രദ്ധയോടെ ദൈവത്തിങ്കലേക്കു നയിക്കുന്നതും സുവിശേഷത്തിൻെറ വർദ്ധനവിന് ഉതകുന്നതും തദ്വാരാദൈവത്തിൻെറ കയ്യൊപ്പ് ലഭിച്ചതുമാവണം.

**3. വചനപ്രഘോഷണത്തിലെ ക്രിസ്തുകേന്ദ്രീയത**

University of Toronto യുടെ Wycliffe College ൽ ഒരു സെമസ്റ്റർ കാലം വിദ്യാർത്ഥികൾ പഠിക്കുന്നത് Preaching with Church Fathers എന്ന കോഴ്സാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പാശ്ചാത്യ സഭകൾ മിക്കതും ഗവേഷകരും ആദിമ സഭയെ വീണ്ടും പഠിക്കുന്നു എന്നതിൻെറയും വചനപ്രഘോഷണത്തിലെ സവിശേഷതകൾ ആദിമ ഗുരുക്കന്മാരുടെ കണ്ണിലൂടെ കാണുവാൻ ശ്രമിക്കുന്നു എന്നതിന്റെയും ഉദാഹരണമാണ് മേൽപ്പറഞ്ഞ സെമിനാരി സിലബസ്.

എന്നാൽ സമീപകാല ഗവേഷകർ (Salvon, David Legge, Forness തുടങ്ങിയവർ) ശ്രദ്ധേയമായി കാണുന്നത് വചനപ്രഘോഷണം ക്രിസ്തുകേന്ദ്രീകൃതമാവണമെന്ന പഠിപ്പിക്കൽ ആദിമസഭയുടേതാണ് എന്നതാണ്. Modern Scholarship നെ തെറ്റിധരിപ്പിച്ചത് പാശ്ചാത്യ നവീകരണകാലത്തുമാത്രമാണ് ക്രിസ്തുകേന്ദ്രീകൃതമായ വചനശൈലി എന്നതാണ്. ഈ

> **നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുക്രിസ്തുവിലുള്ള ജീവനും, അവൻമൂലം പിതാവിലും പരിശുദ്ധറൂഹായിലുമുള്ള പങ്കാളിത്വവുമാണ് നിത്യജീവൻ എന്ന ഏക ദർശനവുമായിരുന്നു വചനപ്രഘോഷണത്തിൻെറ കാമ്പും കാര്യവും.**

തെറ്റിധാരണ മാറുവാൻ സമീപകാല, മേൽപ്പറഞ്ഞവരുടെ, ഗവേഷണങ്ങൾ സഹായിക്കുന്നു.

Preaching Christology in the Roman Near East : A Study of Jacob of Serugh എന്ന PhilipMichael Forness ൻെറ ഗ്രന്ഥം വചനപ്രഘോഷണവും ക്രിസ്തുവിജ്ഞാനീയവും ആദിമഗുരുക്കന്മാരിൽ എത്ര ചേർന്നിരുന്നുവെന്ന് വെളിവാക്കുന്നു. അമേരിക്കയിലെ Princeton Theological Seminaryൽ പൂർത്തിയാക്കിയ Forness ൻെറ പ്രബന്ധത്തിൻെറ കേന്ദ്രപ്രമേയം സുറിയാനി സഭാപിതാവായ Jacob of Serugh ൻെറ പ്രഭാഷണങ്ങളിലെ ക്രിസ്തുവിജ്ഞാനീയവും ക്രിസ്തുകേന്ദ്രീകൃതവുമാണ്. സുറിയാനി, ഗ്രീക്ക്, ലാറ്റിൻ, coptic സഭാപിതാക്ക

ന്മാരിലൊക്കെയും ക്രിസ്തുകേന്ദ്രീകൃതമായ വചന പ്രഘോഷണം പൊതുധാരയെന്ന് Howard Marshall നിരീക്ഷിക്കുന്നുണ്ട്.

Encyclopedia Britanica യിൽ J.N.D. Kelly എഴുതിയ ഭാഗം പിതാക്കന്മാരുടെ രചനകളെക്കുറിച്ചാണ്. അദ്ദേഹം നടത്തുന്ന ശ്രദ്ധേയമായ നിരീക്ഷണം Patristic Literature എന്നു നാം വിളിക്കുന്നതിൽ ഭൂരിഭാഗവും ആദിമ ഗുരുക്കന്മാരുടെ വചനപ്രഘോഷണത്തിന്റെ ലിഖിതരൂപങ്ങളാണ് എന്നും മിക്കവയുടെയും കേന്ദ്ര പ്രമേയം യേശുക്രിസ്തുവിലുള്ള സൃഷ്ടിയുടെ വീണ്ടെടുപ്പും ത്രിത്വാധിഷ്ഠിതവിശ്വാസധാരയുമാണ് എന്നതാണ്. നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുക്രിസ്തുവിലുള്ള ജീവനും, അവൻമൂലം പിതാവിലും പരിശുദ്ധറൂഹായിലുമുള്ള പങ്കാളിത്വവുമാണ് നിത്യജീവൻ എന്ന ഏക ദർശനവുമായിരുന്നു വചനപ്രഘോഷണത്തിന്റെ കാമ്പും കാര്യവും.

വചനപ്രഘോഷണത്തിന്റെ ചരിത്രവഴികളും ദാർശനികപഥങ്ങളും പഠിക്കുന്നവർക്കു ആദിമസഭ പ്രചോദനത്തിന്റെ ഉറവയാണ്. വചനപ്രഘോഷണത്തിന്റെ വൈവിധ്യം കേവലം അധ്യാപനമായോ, കഥനമായോ, പ്രഭാഷണമായോ മാത്രം ചുരുങ്ങിപ്പോയ നമ്മുടെ രീതിക്ക് ആദിമ സഭയെക്കുറിച്ചുള്ള പഠനങ്ങൾ പുത്തനുണർവ്വ് നൽകും. ചോദ്യോത്തരവും സംവാദവും തർക്കശാസ്ത്രവും വചനപ്രഘോഷണ ശൈലിയായി ആദിമസഭയിൽ ഉണ്ടായിരുന്നു എന്നത് വിസ്മയത്തോടും വിനയത്തോടും മാത്രമേ നമുക്ക് പഠിക്കുവാൻ കഴിയൂ. ശ്രോതാക്കൾ ശ്രദ്ധിക്കുന്നില്ല എന്ന പരാതിക്കുപകരം വചനപ്രഘോഷണത്തിലെ വൈവിധ്യം ഒരു പരീക്ഷണമാക്കുവാനുള്ള ധൈര്യം നേടുവാൻ ശ്രമിക്കാം.

കാലത്തോടും സംസ്കാരത്തോടും സംസാരിക്കുന്നതാവണം വചനപ്രഘോഷണമെന്നത്. പൊതുവെ അംഗീകരിക്കപ്പെട്ടതെങ്കിലും എന്തിന്റെ അടിസ്ഥാനത്തിലാവണം എന്തിലേക്കാവണം വചനപ്രഘോഷണത്തിന്റെ സാംസ്കാരിക സംവാദമെന്ന് നാസിയാൻസിലെ ഗ്രിഗറിയും ഹിപ്പോയിലെ അഗസ്റ്റീനും നമുക്ക് വഴി പറഞ്ഞുതരുന്നു.

വചനപ്രഘോഷണത്തിന്റെ ലാക്കും മാർഗ്ഗവും ഏക ദർശനവും യേശുക്രിസ്തുവിങ്കലേക്കും അവൻ മൂലം വി. ത്രിത്വത്തിലെ ജീവനിലേക്കും അതുവഴി പുതുസൃഷ്ടിയുടെ യാത്രയിലാവുന്നതുമാണ് എന്ന ആദിമസഭാഗുരുക്കന്മാരുടെ ഉപദേശം ഇക്കാലത്തും ഏറെ സംഗതം തന്നെ •


## പ്രൊമോട്ടേഴ്സിനെ ആവശ്യമുണ്ട്

മാർത്തോമ്മാ സഭയുടെ ഔദ്യോഗിക നാവ് ആയ മലങ്കര സഭാതാരകയുടെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും നിലവിലുള്ള വരിക്കാരുടെ വരിസംഖ്യ പുതുക്കുവാനും പരസ്യങ്ങൾ ശേഖരിക്കുവാനുമായി ഓരോ സെന്ററിലും പ്രൊമോട്ടേഴ്സിനെ ആവശ്യമുണ്ട്. സന്നദ്ധ സേവകരായി താരകയുടെ പ്രസിദ്ധീകരണത്തെ സഹായിക്കുവാൻ താല്പര്യമുള്ളവർ മാനേജരുമായി ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്

**റവ. ഡോ.റ്റി.റ്റി.സഖറിയ**, മാനേജർ ഫോൺ 07012144903, 08547728694



## ക്ലേർജി ഡയറക്ടറി

മാർത്തോമ്മാ സഭാ ക്ലേർജി ഡയറക്ടറി സഭാ ആഫീസിൽ ലഭ്യമാണ്. ചെന്നൈ, ഡൽഹി, മുംബൈ തുടങ്ങിയ ഭദ്രാസനങ്ങളിലെ അച്ചന്മാർക്കും, ഇന്ത്യക്കു വെളിയിൽ സേവനം ചെയ്യുന്ന അച്ചന്മാർക്കും, പരസ്യം നൽകിയവർക്കുമുള്ള കോപ്പികൾ സൗജന്യമായി സഭാ ആഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റാവുന്നതാണ്. വിൽപ്പനയ്ക്കുള്ള കോപ്പികൾ 1000 രൂപാ നിരക്കിൽ സഭാ ആഫീസിൽ ലഭ്യമാണ്.

**റവ. സി. വി. സൈമൺ** — **റവ. ഡാനിയേൽ തോമസ്**

സഭാ സെക്രട്ടറി — കൺവീനർ


### തിരുത്ത്

2022 ജനുവരി ലക്കത്തിൽ അനുമോദനങ്ങളിൽ രേഷ്മ സാറാ മാത്യു മുളനിൽക്കുന്നതിൽ റോസ് ഭവനിൽ റോസ്ബിൻ ബാബുവിന്റെ ഭാര്യയാണ് എന്ന് തിരുത്തി വായിക്കേണ്ടതാണ്. സഭാതാരക മുൻ ഭാരവാഹികളിൽ ശ്രീ. മാണി.എ.എം. എന്ന് തിരുത്തി വായിക്കേണ്ടതാണ്. അച്ചടി പിശക് സംഭവിച്ചതിൽ നിർവ്യാജം ഖേദിക്കുന്നു.

എഡിറ്റർ

Article

# Word of God

## An Accelerator & a Brake



**Rajan George**
Carmel Mar Thoma Church, Boston

It is the Word of God that points us to the God of the Word, we believe that God has spoken in history and the Bible is the authoritative deposit of that word for all time


Francis Bacon the 15th-century English Renaissance statesman and philosopher, best known for his promotion of the scientific method said: “There are two books laid before us to study, to prevent us from falling into error: first the volume of the Scriptures, which reveal the will of God; then the volume of the creation, which expresses His power.”

Listening to the word once a year is a pilgrimage for millions of people at the Maramon Convention

I can still feel the cool breeze hit the back of my neck as I got into the seat of already crowded bus. The atmosphere was brimming with excitement. At 19, I was riddled with curiosity, excited to finally experience what my peers and my family had been discussing for the better part of two months. Teeming with youthful ideologies and a vague grasp of biblical truths, I joined in the praise and worship that occurred for most four hours journey to Maramon.

There are moments in life you realize as poignant, which seal the foundation of your faith. My very first trip to the Maramon Convention was a powerful experience which included eight days of bold preaching and amazing worship. “My eyes still remember the wonder of seeing the riverbed venue, the throngs of people, the small pavilion for mothers and babies, the exuberant voices of the choir, the crowded stalls of various Marthoma organizations and seeing all the Bishops together on the stage”. Some of the greatest thought leaders, church officials, communicators and educated young minds like mine all under one roof.

In today’s world, driven by distraction and technology, the biblical truths regarding the Word of God that I learned more than forty years ago still remain true. The foundation of faith comes from understanding the Bible and having a daily spiritual discipline in reading and understanding the Word of God. God has not left us to wonder about what he is like and what is required from us. The Bible shows us God’s character and provides us God’s revelation of himself to his people and his plan for salvation. The Bible is the means by which the Spirit of God confronts a lost man with his sinful nature and draws him to a restored relationship to God through Jesus Christ. 2 Timothy 3:16–17 states that the Bible is “profitable for teaching, for reproof, for correction and for training in righteousness.” Understanding, and reflecting on the Word of God equips us for our day to day lives. The Maramon leaders’ stories resonated so much because the Bible stories that they were speaking about dealt with universal human themes like love, hope, fear and worry. Reading the Bible expands our perspectives and attending a faith convention reorients us back to what is important.



Though it has been more than forty years since my first Maramon Convention, the events that transpired, the foundations of faith that I learned are still etched in my memory. If we are to live the life that God designed for us, we must get back to the root of the Word for us to thrive. We must pause against the pace of our technology driven life, pick up our Bibles, and have God's Word wash over us. As a result, we'll begin to see the world through a new lens, one colored with hope and optimism. Whatever you're fraught with, let the prevailing stories of the Bible clarify better what you're going through.

Karl Barth (1886-1968), Swiss Reformed Protestant and arguably the greatest theologian of the last two centuries was a prolific author who is most well-known for his commentary on The Epistle to the Romans, He wrote "Take your Bible and take your newspaper and read both. Read broadly. Value truth, be compassionate when you share it".

Word of God is an accelerator and a brake. The phrase is borrowed from Indira Nooyi, former CEO of Pepsi, who travelled from childhood in India to the top job in America, the highest position beyond her dreams. Her new memoir "My Life in Full" credits her mother and grandparents for her success." Dream as much you want. We are never going to stop you based on your gender. We want you stand on your own feet. Our investment is in your education"

She remembers her mother had one foot on the accelerator and one foot on the brake .

"Go wherever you want to be, because I couldn't be that one" on other hand the society told her that she was a girl and you've got to her get married off. Her mother would consistently alternate between the two. Her mother told her "It is okay that the company gave you a crown. But leave that crown and the company when you come home".

The Word is an accelerator and a brake, provides warning for disobedience and promises reward for obedience, with the greatest reward being God Himself. It warns us when we stray from God's standard.

God's Word is more desirable than gold and sweeter than honey is because through it God leads us to Himself •

## 127 – ാമത് മാരാമൺ കൺവൻഷൻ 2022 ഫെബ്രുവരി 13 മുതൽ 20 വരെ



**ബിഷപ്പ് ദീലോരാജ് ആർ**



**റവ.ഡോ.ജോൺ സാമുവേൽ പൊന്നുസാമി**



**റവ.അസിർ എബനേസർ**

മാർത്തോമ്മാ സഭയിലെ മേൽപ്പട്ടക്കാരെ കൂടാതെ **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവാ, മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ, ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പൊലീത്താ, മാർ ഔഗേൻ കുര്യാക്കോസ് മെത്രാപ്പൊലീത്താ, ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാൻ, ബിഷപ്പ് ദീലോരാജ് ആർ, കനക സാബൈ, റവ. ഡോ. ജോൺ സാമുവേൽ പൊന്നുസാമി, റവ. അസിർ** എബനേസർ എന്നിവർ പ്രസംഗിക്കും. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ.

കൺവൻഷൻ ഗാനങ്ങൾ അടങ്ങിയ പാട്ടുപുസ്തകങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. മലയാളത്തിലുള്ളതിന് 10 രൂപയും ഇംഗ്ലീഷിലേക്ക് ട്രാൻസ്ലിറ്ററേറ്റ് ചെയ്തതിന് 15 രൂപയുമാണ് വില പാട്ടുകളടങ്ങിയ സിഡി 100 രൂപയ്ക്കും പെൻഡ്രൈവ് 350 രൂപയ്ക്കും ലഭിക്കും. കൊറിയർ രജിസ്റ്റേഡ് പോസ്റ്റ് വഴിയോ കൺവൻഷൻ നഗറിൽ നിന്നോ സംഘം ഓഫീസിൽ നിന്നോ ഇവ ശേഖരിക്കാവുന്നതാണ്. പോസ്റ്റൽ ചാർജ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ വാട്സാപ്പ്: **8547334654** Email: mteatvla@gmail.com

**റവ. ജിജി മാത്യൂസ്**, ജനറൽ സെക്രട്ടറി

ലേഖനം

# യുഗപ്രഭാവനായ യൂഹാനോൻ മാർത്തോമ്മാ



**ജസ്റ്റിസ് കെ.റ്റി.തോമസ്**
സുപ്രീംകോടതി മുൻ ജഡ്ജി



ക്രിസ്തീയ സഭകളിൽ മേൽപ്പട്ടക്കാരായി (ബിഷപ്പ്) വന്നിട്ടുള്ളവരിൽ വേറിട്ട വ്യക്തിത്വമായി ഞാൻ കണ്ടിട്ടുള്ള ഒരു മേലധ്യക്ഷനായിരുന്നു യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത. 1976 സെപ്റ്റംബർ 27-ാം തീയതി അദ്ദേഹം കാലം ചെയ്തപ്പോൾ 84 വയസ്സായിരുന്നു. ഹൃദ്രോഗത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കവേയാണ് അദ്ദേഹം നിര്യാതനായത്. അദ്ദേഹത്തിന്റെ ഭൗതികശരീരം കോട്ടയത്തുനിന്ന് തിരുവല്ലയിലേക്ക് കൊണ്ടുപോകുമ്പോൾ വാഹനത്തിന്റെ മുന്നിലായി ഒരു ജീപ്പിൽ മുഴങ്ങിക്കേട്ട വാചകം ഇങ്ങനെയായിരുന്നു. "യുഗപ്രഭാവനായ യൂഹാനോൻ യുഗങ്ങളുടേതായിത്തീർന്നിരിക്കുന്നു." ഈ വാചകത്തിന്റെ പ്രാസഭംഗിയേക്കാളുപരി അതിലെ മഹത്തരമായ സന്ദേശമായിരുന്നു റോഡിന്റെ ഇരുവശങ്ങളിലുള്ളവർക്ക് അനുഭവപ്പെട്ടത്.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത എല്ലാ എപ്പിസ്കോപ്പൽ സഭകളിലെയും മേൽപ്പട്ടക്കാരിൽനിന്ന് വേറിട്ട് കാണപ്പെട്ടിരുന്നു. അത് ബോധ്യപ്പെടുന്ന അനവധി സംഭവങ്ങളും സന്ദർഭങ്ങളും ചൂണ്ടിക്കാണിക്കാനാവും. അവയിൽ പലതും എനിക്ക് നേരിട്ട് കാണാൻ സാധിച്ചതോ, നേരിട്ട് കേൾക്കാൻ സാധിച്ചതോ, നേരിട്ട് കണ്ടവരിൽനിന്നും കേട്ടവരിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതോ ആണ്. അദ്ദേഹം മലങ്കര മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് 55-ാം വയസ്സിൽ ആയിരുന്നു. സുദീർഘമായ 30 വർഷക്കാലം അദ്ദേഹം ആ സ്ഥാനത്ത് സ്തുത്യർഹമായ സേവനം നടത്തിയതിന് ശേഷമാണ് ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടത്. ഈ 30 സംവത്സരങ്ങൾ മാർത്തോമ്മാ സഭയെ സംബന്ധിച്ചും ക്രിസ്തീയസഭകളെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും സംഭവബഹുലമായിരുന്നു. താരതമ്യേന ഒരു ചെറിയ സഭയായിരുന്ന മലങ്കര മാർത്തോമ്മാ സഭയുടെ അധ്യക്ഷനായിരുന്ന തിരുമേനി എത്തപ്പെട്ടത് അഖിലലോക സഭാകൗൺസിലിന്റെ അധ്യക്ഷസ്ഥാനത്ത് ആയിരുന്നു. ചരിത്രത്തിൽ ഇന്ത്യയിലെ ഒരു മേൽപ്പട്ടക്കാരൻ അത്രയും ഉന്നതമായ സ്ഥാനത്ത് എത്തുന്നത് ആദ്യമായിരുന്നു എന്നു മാത്രമല്ല, ഇതപര്യന്തം ഇന്ത്യയിലെ മറ്റൊരു മേൽപ്പട്ടക്കാരനും ആ സ്ഥാനത്ത് എത്തിച്ചേർന്നിട്ടില്ല.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ ലളിതജീവിതം പൊതുശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. മേൽപ്പട്ടക്കാർ ധരിച്ചിരുന്ന സ്വർണ്ണമാലയുടെ സ്ഥാനത്ത് അദ്ദേഹം ചരടുകൊണ്ടുള്ള മാലയും അതിൽ സ്വർണ്ണകുരിശിന്റെ സ്ഥാനത്ത് മരക്കുരിശും സ്വർണ്ണസ്ലീബയുടെ സ്ഥാനത്ത് തടികൊണ്ടുള്ള സ്ലീബായും വില കൂടിയ തുണികൊണ്ടുള്ള മേൽക്കുപ്പായ വസ്ത്രങ്ങൾക്കു പകരം ഖദർ തുണികൊണ്ടു തയ്പ്പിച്ചാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ആ സമ്പ്രദായം

മാർത്തോമ്മാ സഭയിൽ പിന്നീട് വന്ന പലമേൽപ്പട്ടക്കാരും കീഴ്വഴക്കമായി പാലിച്ച് പോന്നിട്ടുണ്ട്. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത സ്ഥാനം ഏറ്റു കഴിഞ്ഞ് ഏറെ താമസിയാതെ കോട്ടയത്തിനടുത്തുള്ള തിരുവാർപ്പ് മാർത്തോമ്മാ പള്ളിയിൽ ആരാധന നടത്തിയത് സംബന്ധിച്ചുള്ള ചില കാര്യങ്ങൾ നേരിട്ട് കണ്ട ആളിൽനിന്ന് എനിക്ക് കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. തലേ ശനിയാഴ്ച വൈകുന്നേരത്തോടുകൂടി തിരുവാർപ്പിൽ എത്തിയ തിരുമേനിക്ക് രാത്രി ഭക്ഷണം ഒരുക്കിയിരുന്നത് കട്ടത്തറ എന്ന ഭവനത്തിൽ ആയിരുന്നു. അതിനു വേണ്ടി ഇടവകക്കാർ രുചികരമായ പല വിഭവങ്ങൾ അടങ്ങിയ ഒരു മേശയാണ് തയ്യാറാക്കിയിരുന്നത്.

അത്താഴം കഴിക്കുന്നതിനു മുമ്പ് തിരുമേനി ഓരോ പാത്രവും തുറന്നതിനു ശേഷം അടുത്തുനിന്ന ആളോട് സ്വല്പം കഞ്ഞി കിട്ടിയാൽ മതിയെന്ന് പറഞ്ഞു. ഉടനെ തന്നെ ചൂട് കഞ്ഞി ഒരു പാത്രത്തിൽ ആക്കി തിരുമേനിക്ക് കൊടുത്തു. കഞ്ഞിയും അച്ചാറും കഴിച്ചതിനുശേഷം തിരുമേനി കൈ കഴുകി. തിരുവാർപ്പ് പള്ളി ആ കാലത്ത് ഓല മേഞ്ഞതായിരുന്നു. രാത്രിയിൽ ഉറങ്ങുന്നതിനു വേണ്ടി ഇടവകക്കാർ തിരുമേനിക്ക് ഒരു മാളിക വീടാണ് തയ്യാറാക്കിയിരുന്നത്. അത് വേറൊരു സമുദായത്തിൽപ്പെട്ട ഒരാളുടെ വീടായിരുന്നു. പക്ഷേ തിരുമേനി പള്ളിക്ക് അകത്ത് കിടക്കാനാണ് താല്പര്യപ്പെട്ടത്. താൻ ക്യാംപ് കോട്ട് കൊണ്ടുവന്നിട്ടുണ്ടെന്നും അധ്യാപകൻ ആയ കാലത്ത് സ്കൗട്ട് മാസ്റ്ററായി ജോലി ചെയ്തിരുന്നതിനാൽ അതു തനിക്ക് നല്ല ശീലമാണെന്നും അദ്ദേഹം പറഞ്ഞു. അതിരാവിലെ നാല് മണിക്ക് ഉണർന്നു പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചശേഷം പള്ളിയിൽ ആരാധകർ എത്തുന്നതിനുമുൻപ് തന്നെ സ്ഥാനവസ്ത്രങ്ങൾ ധരിച്ച് തിരുമേനി തയ്യാറായി കഴിഞ്ഞിരുന്നു.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ കാലത്ത് സഭാംഗമായിരുന്ന കെ.എൻ. ഡാനിയേൽ കോട്ടയം ജില്ലാ കോടതിയിൽ മെത്രാപ്പൊലീത്തയ്ക്ക് എതിരായി ഒരു സിവിൽ കേസ് കൊടുത്തു. തിരുമേനി സഭയുടെ വിശ്വാസങ്ങളിൽ നിന്ന് വ്യതിചലിച്ചു എന്ന് ആരോപിച്ചുകൊണ്ടും അതുകൊണ്ട് അദ്ദേഹം സഭയ്ക്ക് ഇതരനായിത്തീർന്നു എന്നു പ്രഖ്യാപിക്കണമെന്നും നിവൃത്തി ചോദിച്ചുകൊണ്ടായിരുന്നു ആ കേസ്. മെത്രാപ്പൊലീത്തയെ വിസ്തരിക്കുന്നതിന് ഒരു അഡ്വക്കേറ്റിനെ കമ്മീഷണറായി കോടതി നിയമിച്ചിരുന്നു. തിരുമേനിയെ വിസ്തരിച്ചിരുന്നത് കോട്ടയം വൈദിക സെമിനാരിയിൽ വച്ചായിരുന്നു. അദ്ദേഹത്തെ ക്രോസ് വിസ്താരം നടത്തിയത് വി.വി. അനന്തപത്മനാഭ അയ്യർ എന്ന അതിപ്രഗല്ഭനായ അഭിഭാഷകനായിരുന്നു. പല ദിവസങ്ങളിലായി നീണ്ടു നിന്ന വിസ്താരത്തിനായി തിരുമേനി തിരുവല്ലായിൽനിന്ന് കാറിൽ വരുമ്പോൾ അവിടുത്തെ ട്രാൻസ്പോർട്ട് ബസ്സ്റ്റാൻഡിൽ ബസ് കാത്ത് കെ.എൻ.ദാനിയേൽ നില്പുണ്ടായിരുന്നു എന്നറിയാമായിരുന്ന തിരുമേനി അവിടുന്ന് ദാനിയേലിനെയും കൂട്ടിക്കൊണ്ടാണ് കാറിൽ കോട്ടയത്ത് വന്നത്. തിരുമേനിക്കുവേണ്ടി ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നത് സീയോൻകുന്നിലെ അരമനയിൽ ആയിരുന്നു. ഭക്ഷണം കഴിക്കാൻ തുടങ്ങുന്നതിനു മുമ്പ് കെ.എൻ.ദാനിയേലിനെക്കൂടി തന്നോടൊപ്പം ഭക്ഷണം കഴിക്കുവാൻ ക്ഷണിച്ചുകൊണ്ട് ആളെ അയയ്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പാത്രത്തിലേക്ക് നല്ല വിഭവങ്ങൾ ഇട്ടു കൊടുത്തിരുന്നത് നേരിട്ട് കണ്ടവരാണ് ഈ കാര്യം എന്നോടു പറഞ്ഞത്. ഒരു ഇടവേളയിൽ കെ.എൻ.ഡാനിയേൽ രോഗാതുരനായി തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കിടന്ന സമയം യൂഹാനോൻ തിരുമേനി ഇടയ്ക്കിടെ അദ്ദേഹത്തെ പോയിക്കണ്ട് സൗഖ്യവിവരങ്ങൾ അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ചികിത്സ കഴിഞ്ഞു കെ. എൻ.ഡാനിയേൽ തിരികെ പോരുന്നതിന് മുൻപ് അദ്ദേഹത്തിന്റെ ചികിത്സാ ചിലവുകൾക്ക് ആശുപത്രിയിൽ നിന്ന് തയ്യാറാക്കിയ സംഖ്യ തിരുമേനി തന്നെ കൊടുത്തുവെന്ന വിവരം കെ.എൻ.ഡാനിയേൽ പിന്നീട് അറിഞ്ഞു.

തിരുമേനിയെ കേസ് വിസ്താരം നടത്തിയ അനന്തപത്മനാഭ അയ്യർ വിസ്താരമെല്ലാം കഴിഞ്ഞ് അദ്ദേഹത്തിന്റെ ജൂനിയർ ആയിരുന്ന അഡ്വക്കേറ്റ് പി.വി. തോമസിനോട് പറഞ്ഞ വാചകം തോമസ് തന്നെ എന്നോടു പറഞ്ഞത് ഇങ്ങനെയാണ്: I have examined a large number of Bishops during my carrier. Among them Bishop Juhanon was the most upright person. I am sure, he didnot utter a single word of untruth during my cross examination, even at the risk of his own interest in that case.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത പിൽക്കാലത്ത് അഖിലലോക സഭാകൗൺസിലിന്റെ അധ്യക്ഷസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ മൂന്ന് വർഷങ്ങൾ കൂടുമ്പോൾ നടന്നിരുന്ന കൗൺസിലിന്റെ കൺവൻഷൻ ഇന്ത്യയിൽ വെച്ച് നടത്താൻ അദ്ദേഹത്തിന് സാധിച്ചു. അതിലേക്ക് ന്യൂഡൽഹിയിൽ ഇന്നുള്ള വിജ്ഞാൻ ഭവൻ എന്ന സമുച്ചയമാണ് അനുവദിച്ചത്. 1961-ൽ അവിടെ നടന്ന കൺവൻഷന്റെ പ്ലീനറി യോഗത്തിൽ ഒരു കാഴ്ചക്കാരനായി സംബന്ധിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. വിശാലമായ ഓഡിറ്റോറിയത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നെത്തിയ പ്രതിനിധികളിൽ അന്ന് അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് ത്രിതീയൻ, കാന്റർബറി ആർച്ച് ബിഷപ്പ് ആർതർ മൈക്കൾ റാംബേ എന്നിവരും ഉൾപ്പെട്ടിരുന്നു. ഓഡിറ്റോറിയത്തിന്റെ ഉയർന്ന അധ്യക്ഷവേദിയിൽ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉപവിഷ്ഠനായിരുന്നുകൊണ്ട് യോഗനടപടികൾ നിയന്ത്രി

ക്കുന്ന കാഴ്ച അതിഗംഭീരമായിരുന്നു. ഇന്ത്യയിൽ നിന്ന് മറ്റൊരു മേൽപ്പട്ടക്കാരനും അന്നുവരെ ലഭിക്കാത്ത ഒരു പദവിയിലാണ് അദ്ദേഹത്തെ കണ്ടത്.

മാർത്തോമ്മാ സഭയിൽനിന്ന് ഇവാഞ്ചലിക്കൽ സഭ ഔദ്യോഗികമായി പിരിഞ്ഞുപോയത് 1960-ൽ ആണ്. തുടർന്ന് പാലക്കാട് ജില്ലയിലെ കുഴൽമന്ദം എന്ന ഇടവകയിൽ പാലക്കാട് ആശ്രമവും കീഴില്ലം എന്ന സ്ഥലത്തുള്ള ഇടവക സംബന്ധിച്ചും ഇരുവിഭാഗക്കാരും തമ്മിൽ ഉണ്ടായ വ്യവഹാരം ഇവാഞ്ചലിക്കൽ സഭയിൽപ്പെട്ടവർക്ക് തൃപ്തികരമായ തരത്തിൽ ആതർക്കം ഒത്തുതീർപ്പിലാക്കാൻ സഹായിച്ചത് യൂഹാനോൻ മാർത്തോമ്മായുടെ ഉയർന്ന വീക്ഷണം കൊണ്ട് മാത്രമായിരുന്നു. ഇപ്പോൾ പള്ളികൾ പിടിച്ചെടുക്കുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ യൂഹാനോൻ മാർത്തോമ്മാ എടുത്ത നിലപാട് എത്രയോ മഹത്വകരമായിരുന്നെന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

ഇന്ത്യയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ത്യയിലെ പൗരന്മാർക്കു ഭരണഘടന പ്രകാരം നൽകപ്പെട്ടിരുന്ന മൗലിക അവകാശങ്ങൾ പലതും നിർവീര്യമാക്കപ്പെട്ടു. ഒരു ലക്ഷത്തിൽപ്പരം പൗരന്മാർ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവർക്ക് കോടതിയിൽ പോകാനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടു. മാധ്യമങ്ങൾക്ക് കടിഞ്ഞാണിട്ടു. ഈ സമയം ഇന്ത്യയിലെ ഭൂരിപക്ഷ മേൽപ്പട്ടക്കാരും അടിയന്തരാവസ്ഥയെ പ്രകീർത്തിച്ചുകൊണ്ടിരുന്നപ്പോൾ യൂഹാനോൻ മാർത്തോമ്മാ മാത്രം അതിനെ എതിർക്കുകയും ഇന്ദിരാഗാന്ധിക്ക് നേരിട്ട് അത് എഴുതുകയും ചെയ്തു. തുടർന്ന് തിരുമേനിയെ അറസ്റ്റ് ചെയ്യുന്നതിന് പ്രധാനമന്ത്രിയുടെ ക്യാബിനറ്റിലെ ആഭ്യന്തരമന്ത്രി കേരളാ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. പക്ഷേ, മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ യൂഹാനോൻ തിരുമേനിയുടെ ഒരു ആരാധനകനായിരുന്നു. അതുകൊണ്ട് അദ്ദേഹം അതിന്മേൽ നടപടി എടുത്തില്ല. അടിയന്തരാവസ്ഥ പിൻവലിച്ച് കഴിഞ്ഞപ്പോൾ ആണ് യൂഹാനോൻ മാർത്തോമ്മാ എടുത്ത ധീരമായ നിലപാടിനെപ്പറ്റി ലോകംതന്നെ അറിയുന്നത്.

യൂഹാനോൻ തിരുമേനിയുടെ കബറടക്കശുശ്രൂഷ കഴിഞ്ഞയുടനെ അതിൽ സംബന്ധിച്ചിരുന്ന ഡോ. ഡി. ബാബുപോൾ നടത്തിയ ഒരു പ്രസ്താവന ഇത്തരുണത്തിൽ സ്മരണീയമാണ്. മേൽപ്പട്ടക്കാരുടെ കബറിടത്തിൽ നേർച്ചയിടുന്ന ഒരു സമ്പ്രദായം മാർത്തോമ്മാ സഭ അനുവദിച്ചിരുന്നെങ്കിൽ യൂഹാനോൻ തിരുമേനിയുടെ കബറിടത്തിൽ വീഴുന്ന പണംകൊണ്ട് മാത്രം സഭയുടെ സകല ചിലവുകളും നടത്തുവാൻ സാധിക്കുമായിരുന്നു.

ഏത് നിലയിൽ നോക്കിയാലും മേൽപ്പട്ടക്കാരുടെ ഗണത്തിൽ യൂഹാനോൻ തിരുമേനി ചരിത്രസഭയിൽ ഒരു ദിവ്യ ജ്യോതിസ്സായി എക്കാലവും പ്രശോഭിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു •

*പത്തു വർഷം വിവിധ കോടതികളിലായി നടന്നു വന്ന ദാനിയേൽ കേസിൽ 1965 ജനുവരി 7-ാം തീയതി സുപ്രീം കോടതി വിധി പ്രസ്താവിച്ചു. സഭയുടെ വിശ്വാസത്തിന്റെ പ്രാമാണിക രേഖയായി അവ തീർന്നിരിക്കുന്നു. 'Faith on Trial', 'വിശ്വാസം വിചാരണയിൽ' എന്നീ പേരുകളിൽ അവ പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചീഫ് ജസ്റ്റിസ് ഹിദായത്തുള്ള, ജസ്റ്റിസ് ഷാ, ജസ്റ്റിസ് സിക്രി, ജസ്റ്റിസ് ബക്ക് വാറ്റ് എന്നിവർ അടങ്ങിയ ബഞ്ചാണ് വിധി പ്രഖ്യാപിച്ചത്. സഭാംഗമായ അഡ്വ. കെ. റ്റി. തോമസ് (കൊട്ടാരത്തിൽ) കീഴ്ക്കോടതി മുതൽ യാതൊരു പ്രതിഫലവും വാങ്ങാതെ സഭയ്ക്കു വേണ്ടി കേസ് വാദിച്ചിരുന്നു. വിശ്വാസം സംബന്ധിച്ച് ഇൻഡ്യയിലെ പരമോന്നത കോടതി പുറപ്പെടുവിച്ച ആദ്യ വിധിന്യായമായിരുന്നു ഇത്.*

## അനുമോദനങ്ങൾ



**Mr. Jobin T Mathews**, Thalavady, who has been conferred Doctorate in Mechanical Engineering by the prestigious Indian Institute of Technology (IIT) Hyderabad. Jobin is the son of Mr. A C Thomas Attumalil, Secretary of BSI Kuttanad Branch (Alappuzha Dist) & Mrs. Mariamma Thomas. Jobin T. Mathews is a member of Thalavady Padinjarekkara MTC. Wife- Mrs. Sigy Varghese.

**Rev. Sunil Mathew**, Vicar

**Mr. Thejas Gigy Thomas**, S/O Rev. Gigy Thomas and Mrs. Susan Gigy Thomas (Peedikayil Plammoottil House, Kozhencherry, Vicar,M.T.C.,Thane) has completed his PhD in English Language and Literature from Vellore Institute of Technology,(V.I.T) Vellore and was awarded with the doctorate degree on 26th November, 2021. Currently he is working as an Assistant Professor in Hindustan University, Chennai.



**Rev. Thomas Mathew** (Punnavely), Vicar

## പരസ്യം

മാർത്തോമ്മാ സഭാ വൈദിക തെരഞ്ഞെടുപ്പു കമ്മിറ്റി ശെമ്മാശ് സ്ഥാനത്തേക്കു തെരഞ്ഞെടുത്തിരിക്കുന്ന താഴെ പേരുപറയുന്നവരെ ശെമ്മാശ് സ്ഥാനത്തേക്കു ശുപാർശ ചെയ്യുന്നതിന് ന്യായമായ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് താരകയിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 30 ദിവസത്തിനകം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

| ക്രമ. നം | പേര് | മേൽവിലാസം | ഇടവക |
|---|---|---|---|
| 1 | **ശ്രീ. ആശിഷ് തോമസ്** | മടപ്പാത്ത് ആശവില്ല, വെണ്മണി പി. ഒ., ചെങ്ങന്നൂർ, | വെണ്മണി സെഹിയോൻ |
| 2 | **ശ്രീ. ആശിഷ് മാത്യു പ്രസാദ്** | പള്ളിതെക്കേതിൽ, ചണ്ണപ്പേട്ട പി.ഒ. | ചണ്ണപ്പേട്ട ബെഥനി |
| 3 | **ശ്രീ. അനി അലക്സ് കുര്യൻ** | 203, S.R. K. Enclave, 63,<br>2nd Cross, 3rd E Main, Ramaiah Layout, Bengaluru | ബാംഗ്ലൂർ ഈസ്റ്റ് |
| 4 | **ശ്രീ. അനുഗ്രഹ് അലക്സ് ചെറിയാൻ** | കൊമ്പിത്ര ഹൗസ്, ആനപ്രാമ്പാൽ നോർത്ത് പി. ഓ, തലവടി, | ആനപ്രാമ്പാൽ മാർത്തോമ്മാ |
| 5 | **ശ്രീ. അരുൺ ജി. വർഗ്ഗീസ്,** | വാഴുവേലിൽ, എം. എം. നഗർ, മഞ്ഞാടി പി. ഒ., തിരുവല്ല | കല്ലൂപ്പാറ ബഥേൽ |
| 6 | **ശ്രീ. ആശിഷ് ചെറിയാൻ വർഗ്ഗീസ്** | പട്ടമുക്കിൽ പുത്തൻ വീട്, കുരട്ടിക്കാട്, മാന്നാർ പി. ഒ, | നിരണം ജെറുശലേം |
| 7 | **ശ്രീ. ജബിൻ ദാനിയേൽ** | B/201, Amber Kiran C.H.S.,<br>Tukaram Nagar, Dombivli East, Thane Dist | ഡോംബിവിലി എബനേസർ |
| 8 | **ശ്രീ. ജിൻസ് വി. ജോൺ** | കിഴക്കേകുററ്, തേററുപാറ, പുല്ലാട്, പി. ഒ. | ആനമല സെന്റ് തോമസ് |
| 9 | **ശ്രീ. ജോ ജോൺ** | B-19, Aashiyana Triveni,<br>Bhau Patil Road, Khadki, Pune | കിർക്കി സെന്റ് ജോൺസ് |
| 10 | **ശ്രീ. മെർവിൻ ജോ മാത്യു** | 2/505, Devrishi Towers, Chinchpada Road,<br>Katemanivili, Kalyan(East) Thane | കല്യാൺ ഈസ്റ്റ് സെന്റ് ആൻഡ്രൂസ് |
| 11 | **ശ്രീ. നിധിൻ കെ. വൈ** | കുന്നുംപുറത്ത് വീട്,കുര്യനമുകൾ, ചെങ്ങമനാട്,<br>കൊട്ടാരക്കര, | പട്ടമല മാർത്തോമ്മാ |
| 12 | **ശ്രീ. രവികുമാര ബി. വി.** | Mar Thoma Mission House, Badanagod, ,Dasanakoppa<br>P.O.,Sirsi Tq. North Karnataka | ദേവനഹള്ളി ഇമ്മാനുവേൽ |
| 13 | **ശ്രീ. റെനി സി. മാത്യു** | ചന്ദനവേലിൽ, ഓതറ പി. ഒ, തിരുവല്ല | ഓതറ എബനേസർ |
| 14 | **ശ്രീ. സങ്കൽപ്പ് സാം മാത്യൂസ്** | 301, Rao Towers, Urva Long Lane,<br>Ashoknagar P.O., Mangaluru, Karnataka | മംഗലാപുരം മാർത്തോമ്മാ |
| 15 | **ശ്രീ. സുബിൻ മാത്യു പാരയിൽ** | 23, Whitehurst Drive, Beswick,<br>M11 3LS, Manchester, UK. | മാഞ്ചസ്റ്റർ താബോർ |
| 16 | **ശ്രീ. ജാസൺ വർഗ്ഗീസ്,** | 12306 Evening Bay Dr.,Pearland,<br>Texas – 77584, USA | ഹൂസ്റ്റൻ ഇമ്മാനുവേൽ |
| 17 | **ശ്രീ. അഭിഷേക് ഡാൻ ഉമ്മൻ** | പരുവപ്പാക്കൽ, തോന്ന്യാമല പി. ഒ., പത്തനംതിട്ട, | തോന്ന്യാമല സെന്റ് തോമസ് |
| 18 | **ശ്രീ. ഷിബു പി. ഏബ്രഹാം** | പൂക്കമണ്ണിൽഹൗസ്, കൊച്ചുകോയിക്കൽ പി. ഒ., സീതത്തോട്, | കൊച്ചുകോയിക്കൽ ട്രിനിററി |
| 19 | **ശ്രീ. ജോബിൻ എ. ജോർജ്ജ്** | കുളഞ്ഞിക്കൊമ്പിൽ എബനേസർ, പന്നിവിഴ, അടൂർ | അടൂർ ഇമ്മാനുവേൽ |
| 20 | **ശ്രീ. എബിൻ തോമസ്** | വടക്കേവിള എബിൻ ഭവൻ, പ്ലാപ്പള്ളി പി. ഒ., കൊട്ടാരക്കര | വിലങ്ങറ ശാലേം |
| 21 | **ശ്രീ. അനിൽ ഏബ്രഹാം** | തൈകൂട്ടത്തിൽ, പുല്ലാട് പി. ഒ., തിരുവല്ല | പുലരികാട് സെന്റ്. മാർക്സ് |
| 22 | **ശ്രീ. അനീഷ് കുര്യൻ** | പ്ലാച്ചേരിൽ ഹൗസ്, കളത്തിൽ കടവ്പാലം,<br>കൊല്ലാട് പി. ഒ. കോട്ടയം | കൊല്ലാട് ബേത്‌ലഹേം |
| 23 | **ശ്രീ. ആശിഷ് തോമസ്** | മാരാമൺ വടക്കേതിൽ, ചീങ്കൽത്തടം പി. ഒ., മൈലപ്ര | മലയാലപ്പുഴ സെന്റ് തോമസ് |
| 24 | **ശ്രീ. ബിബിൻ എസ്. ബാബു** | ബ്ലസിവില്ല, ഈരേഴ നോർത്ത്, ചെട്ടികുളങ്ങര പി. ഒ., | കണ്ണമംഗലം സെന്റ് ആൻഡ്രൂസ് |
| 25 | **ശ്രീ. ജേക്കബ് കോശി,** | തുണ്ടുവിള കൃപഭവൻ, ഉമ്മണ്ണൂർ പി. ഒ., പനയറ, കൊട്ടാരക്കര | പഴിഞ്ഞം സെന്റ്. പോൾസ് |
| 26 | **ശ്രീ. ജോയൽ ഏബ്രഹാം തോമസ്** | പുളിന്തറകുന്നേൽ,പുതുപ്പള്ളി പി. ഒ. കോട്ടയം | ഏറികാട് മോറിയ |
| 27 | **ശ്രീ. ആൻസൺ നെൽസൺ** | റെയ്സാലയം, കുരട്ടികാട്, മാന്നാർ | ബുധനൂർ സെന്റ്. പോൾസ് |
| 28 | **ശ്രീ. ജിനു ജെ.** | കൊച്ചുതുണ്ടിൽതെക്കേതിൽ വീട്, നെല്ലിക്കുന്നം പി. ഒ.,<br>കൊട്ടാരക്കര | നെല്ലിക്കുന്നം ഇമ്മാനുവേൽ |

വൈദിക തെരഞ്ഞെടുപ്പു കമ്മിറ്റിക്കു വേണ്ടി,

(Sd/-)
**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി,
(സെക്രട്ടറി, വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി)
മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല-689101

28/01/2022

കവിത



# മലങ്കര മക്കളിൻ ആഘോഷം




**സുവി. പ്രിൻസ്‌ലി കെ.ജോയ്, റാന്നി**
ഉടുമലൈ മിഷൻ (തമിഴ്നാട്)


മാർത്തോമ്മായുടെ മാർഗ്ഗത്തിൽ
മലങ്കരമക്കൾ മാർഗ്ഗിതരായ്
മാർഗ്ഗിതരായവരേവരുമേ
മാരാമണ്ണിൽ അണയുകയായ്
മാനവരേവരും ഒരു മനമായ്
മണലിൽ ചപ്രം പടയുന്നു
മാരാമണ്ണിൻ മണൽത്തരികൾ
മാറുന്നു പൂമെത്തകളായ്
മണിനാദത്തിൻ താളത്തിൽ
മാപ്രാർത്ഥനകൾ ഉയരുന്നു.
മദ്ധ്യസ്ഥ പ്രാർത്ഥനയിങ്കൽ
മാനവർ മുഴങ്കാൽ മടക്കുന്നു
മനമുരുകുന്ന മാനവരോ
മണ്ണിൽപൊഴിപ്പൂ മിഴിനീരും
മാധുര്യമേറും ഗീതങ്ങൾ
മധുമയമായ് മുഴങ്ങുന്നു
മാറാനാഥനിൻ വചസുകളാൽ
'മാറാ' മനസ്സുകൾ മധുരിക്കും
മാറുമീ ഉലകം അതിവേഗം
മാറില്ലെന്നുമേ സുവിശേഷം
മാറോടണപ്പൂ സുവിശേഷാൽ
മാറും മാനവർ പ്രേക്ഷിതരായ്
മലരുകളായ് തളിരുകളായ്
മലങ്കര മക്കളിൻ ഉള്ളങ്ങൾ
മാരാമണ്ണിൻ മഹായോഗം
മാനവ ജനതയിൻ ആഘോഷം





**ഇടയവിചാരങ്ങൾ**
*ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ*

**ബൈബിൾ അനുഭവം : പഴയനിയമവും പുതിയനിയമവും**
*പ്രൊഫ. എം. തോമസ് മാത്യു*

**തീർത്ഥാടകന്റെ പാദമുദ്രകൾ**
*റവ. ഡോ. മാത്യു ഡാനിയൽ*

**തിരുവചനഘോഷണം: നോമ്പിലും പെരുന്നാളിലും**
*റവ. ഡോ. ജോർജ് മാത്യു കുറ്റിയിൽ*

**കുരിശിന്റെ ഉടലടയാളങ്ങൾ**
*റവ. ഡോ. മോത്തി വർക്കി*

**സർവശക്തന്റെ നിഴലിൽ**
*റവ. എബ്രഹാം പണിക്കർ*

**ക്രിസ്തുവിന്റെ മനുഷ്യഭാവങ്ങൾ**
*റവ. ജോസഫ് വർഗീസ്*

**നസ്രേത്തിൽ നിന്ന് വന്ന നന്മ**
*റവ. സന്തോഷ് തോമസ് നെല്ലിമല*

**വിശുദ്ധിയുടെ സങ്കീർത്തനങ്ങൾ**
*റവ. ബിൻസു ഫിലിപ്പ്*

**അതിജീവനത്തിന്റെ വിലാപങ്ങൾ**
*റവ. അലക്സ് മൈലച്ചൽ*

**കല്പാത്രങ്ങളുടെ നിനവുകൾ**
*റവ. ഷിജു റോബർട്ട്*

**വിജയത്തിന്റെ താക്കോൽ**
*സിപ്പി പള്ളിപ്പുറം*

**വിജയത്തിലേക്കൊരു കിളിവാതിൽ**
*എസ്.ഡി. ചുള്ളിമാനൂർ*

**യേശുക്രിസ്തുവിന്റെ ആത്മകഥ**
*പി.സി.എറികാട്*

**കനിവൂറും കഥകൾ**
*സജി മര്യാപുരം*

**Sadhu Sundar Singh** *(Biography)*
*Prof. Philip Koshi*

**സി.എസ്.എസ്. ബുക്ക്ഷോപ്പ്**

കുരിശുകവല, തിരുവല്ല – 689 101. ഫോൺ: 0469–2630389, 8921380556
e-mail: csstiruvalla@gmail.com

Advt.

കവിത

# ആശ്രയം അവനിൽ മാത്രം...



ജോഷി ജോൺ, പെരുമ്പാവൂർ

ആശ്രിതമായൊരു ഗേഹം അതിൽ
ആശ്രിതനായൊരു മർത്യൻ
ആശങ്കയേറുന്ന പാരിൽ ഇനി
ആശ്രയിക്കാനേക നാഥൻ

ആർദ്രത മായുന്ന ക്ഷിതി എങ്ങും
ആകുലം തിങ്ങുമീ വീഥി
ആരാലുംപോക്കാത്ത
വ്യാധി തെല്ലും ആശകൾ കോർക്കാത്ത പൃഥി

അശ്രുപൊഴിയുന്ന കാലം ഭൂവിൽ
അസുരർ നടമാടും വേദി
അത്തരത്തിൽ ലോകഗമനം ഇത്യാൽ
ആശ്രയം അവനിൽ മാത്രം

ആശ്രയിപ്പാനൊരു യോഗ്യൻ
അത് ഉണ്ടെന്നതാണൊരു ഭാഗ്യം
അല്ലലുകൾ പോക്കും ദേവൻ
അല്ലലെല്ലാം നീക്കും കാലം

ആകുലം മായുമാ നേരം
അതെൻ പ്രിയനേ കൺകയതാലാണ്
അന്നേരം ശീഘ്രമങ്ങെത്താൻ
ആരായുകയാണെൻ പ്രാണൻ


## THE BIBLE SOCIETY OF INDIA

THE BIBLE SOCIETY OF INDIA invites applications from residents of Kerala who are dynamic, result oriented, enterprising and committed to the Bible Cause for the post of AUXILIARY SECRETARY FOR THE KERALA AUXILIARY. The applicant should be an ordained person from an established Church who should also have completed BD/M.Th. along with a secular University Degree from recognized and reputed Universities. He/She should have administrative experience in a senior position in Churches/Christian Organizations. Extensive tour of entire Kerala State would be involved. Candidates should be between 40 and 50 years of age and fluent in Malayalam and English. This post is in the salary scale of Rs. 10800-680-17600-760-29000-840-37400. Additional allowances like DA - 90 % of basic, CCA – Rs. 1500/-, Medical – Rs. 1700/- (Starting Salary approximately Rs. 30,000/-) and Children's Allowance - Rs. 1500/- per child for children upto the age of 21 years who are unmarried/unemployed will be paid. Residential accommodation and a vehicle for official use will also be provided.

**Age/Salary/Qualification will be relaxed in deserving cases**

Application on plain paper with detailed resume including age, education, training, experience, salary now drawing and expected, contact details, Church background etc., along with copies of certificates/testimonials, two reference letters of which one should be from the Church Authority and a passport size photograph should be mailed to the **General Secretary, Bible Society of India, LOGOS, 206 Mahatma Gandhi Road, Bangalore 560 001** in a sealed envelope superscribing "Application for the post of Auxiliary Secretary, Kerala Auxiliary" to reach him by February 28, 2022. Those who are presently working with Churches/Christian Organizations should apply with the endorsement of the concerned Head of the Church/Organization only. Selected candidates need to undergo a thorough medical examination at own cost in a hospital recommended by the BSI particularly to see if the appointees suffer from any pre-existent illness and whether she/he is fit to take up the position offered.

••|പുസ്തക പരിചയം|••



'നസറെത്തിൽനിന്നു വന്ന നന്മ', ചരിത്രത്തിൽ ജീവിച്ച യേശുവിനെ പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളുടെ പുനർവായനയിലൂടെ കണ്ടെത്താനുള്ള റവ. സന്തോഷ് തോമസ് അച്ചന്റെ സത്യസന്ധവും ഇദംപ്രഥമവുമായ പരിശ്രമമാണ്. ഗൗരവമായ ഗവേഷണമികവ്, ചരിത്രപുരുഷനായ യേശുവിനെക്കുറിച്ചുള്ള അന്തർദേശിയ നിലവാരത്തിലുള്ള ധാരാളം പുസ്തകങ്ങളുടെ ആശയ പിൻബലം, പാരായണക്ഷമമായ രചനാരീതി, സമർപ്പിത ഭാഷ, കാനോനികേതരമായ സുവിശേഷങ്ങളുടെയും യഹൂദ ചരിത്രകാരനായ ജോസീഫസിന്റെ രചനകളുടെയും ഔചിത്യപൂർവ്വമായ സമാലോചന, വിശദമായ ചരിത്രവിവരണങ്ങൾ എന്നിവകൊണ്ട് ശ്രദ്ധേയമാണ് ഈ പുസ്തകം. വിഷയത്തിന്റെ ഭൂമിശാസ്ത്ര - കാലാനുക്രമ പരിചരണമാണ് ഈ കൈപുസ്തകത്തിന്റെ നിസ്തുല മുഖമുദ്ര. യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവവും ആഖ്യാന - വ്യാഖ്യാന രീതിയിൽ വിശദമാക്കുന്നു. പ്രതിപാദ്യ വിഷയത്തിൽ മലയാളത്തിൽ ലഭിക്കാവുന്ന ഏറ്റവും മികച്ച പുസ്തകമാണിതെന്നു നിസ്സംശയം പറയാം. സന്തോഷ് അച്ചന്റെ ഈ ഗ്രന്ഥം സഹോദരതുല്യമായ സന്തോഷത്തോടും അഭിമാനത്തോടും, മനസാക്ഷിയുടെ ഉത്തമബോധ്യത്തോടും വായനക്കും പഠനത്തിനുമായി സമർപ്പിക്കുന്നു.

**നസറെത്തിൽ നിന്നു വന്ന നന്മ**

**റവ. സന്തോഷ് തോമസ്**

**റവ. ഡോ. മോത്തി വർക്കി**

---



**വിശുദ്ധിയുടെ സങ്കീർത്തനങ്ങൾ**

**റവ. ബിൻസു ഫിലിപ്പ്**

റവ ബിൻസു ഫിലിപ്പ് അച്ചന്റെ വിശുദ്ധിയുടെ സങ്കീർത്തനങ്ങൾ 25 ധ്യാനങ്ങളുടെ സമാഹാരമാണ്. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഉലയിൽ ശുദ്ധീകരിക്കപ്പെട്ട ഈ ധ്യാനചിന്തകൾ മനുഷ്യമനസ്സിനെ വിമലീകരിക്കുവാൻ പ്രേരകമാകുന്നതാണ്. തെളിഞ്ഞൊഴുകുന്ന അരുവി പോലെയാണ് ഇതിലെ വാക്കുകൾ. അത് സ്വയം നിർമ്മലവും, മറ്റുള്ളവർക്ക് ജീവൻ പകരുന്ന തെളിനീരുറവയും ആണ്. ഈ പുസ്തകത്തിലെ അക്ഷരവചസ്സുകൾക്ക് ദൈവാത്മാവിന്റെ സ്പർശനമുണ്ട്, ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന പ്രതീക്ഷയുടെ മഴവിൽ വർണമുണ്ട്. ദൈവബന്ധത്തിലുള്ള ഇഴയടുപ്പവും, മനുഷ്യബന്ധങ്ങളുടെ സ്നേഹാവിഷ്കാരവുമുണ്ട്. വിശുദ്ധിയുടെ ആത്മാവിൽ സ്പുടം ചെയ്തെടുത്ത വാക്കുകൾക്ക് വായനക്കാരനെ വിശുദ്ധീകരിക്കുവാൻ ശേഷിയുമുണ്ട്. ഈ പുസ്തകത്തിലെ ധ്യാനങ്ങൾ നമ്മെ ദൈവീക വിശുദ്ധിയുടെ വഴിയിൽ സഞ്ചരിക്കുവാൻ പ്രേരിപ്പിക്കും എന്നതിൽ തർക്കമില്ല. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രപ്പൊലീത്താ അവതാരികയും വിനായക് നിർമ്മൽ ആസ്വാദനം എഴുതിയിരിക്കുന്നു. തിരുവല്ല സി. എസ്. എസ്സ്. പ്രസിദ്ധീകരിച്ച പുസ്തകത്തിന് 140 രൂപയാണ് വില.

**റവ. അലക്സ് മൈലച്ചൽ**

---



Education in New Normal: Challenges and Possibilities …An Experiential Journey Through the Present Day Context, Published by St Thomas Institutions, Mysuru., Edited by Rev. Prakash Abraham.

Working havoc with all aspects of human life, Covid-19 has caused the field of education as well to bear its brunt. Nevertheless, while facing the unprecedented situation, new possibilities have been evolved in education in the New Normal. St Thomas Institutions, Mysuru, have brought out the present volume that addresses contemporary realities in order to facilitate a life as close to the normal under the circumstances. The volume is adorned with a Foreword by Most Rev Dr Theodosius Mar Thoma Metropolitan and a Preface by Rt Rev Dr Mathews Mar Makarios Episcopa. It is the outcome of symposia, webinars, panel discussions and staff colloquium. There are articles by notable educators and teachers on the development of educational policies in post-independent India as well as the New Education Policy 2020 that envisages sweeping changes in the coming years. Deeper learning, lateral thinking, and adaptability are some of the issues dealt with. The online mode helps learners transcend many a discriminating factor.

**Education in New Normal**

Rev. Prakash Abraham

**Dr. Shiela Elizabeth Abraham**

---



**ക്രൂശിൽ വിരിയുന്ന വസന്തം**

**കെ. എം. ഫിലിപ്പ്**

ശ്രേഷ്ഠനായ ഗുരുവും പ്രഗത്ഭനായ പ്രഥമാദ്ധ്യാപകനും എം.ടി. ആന്റ് ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജരുമായിരുന്ന ആദരണീയനായ ശ്രീ. കെ. എം. ഫിലിപ്പ് സാർ എഴുതിയ അമ്പത് നോമ്പ് ധ്യാനങ്ങളുടെ സമാഹാരമാണ് 'ക്രൂശിൽ വിരിയുന്ന വസന്തം' എന്ന പ്രൗഢവും ഹൃദ്യവുമായ ധ്യാന ഗ്രന്ഥം. അമ്പതു ധ്യാനങ്ങളും, നോമ്പുമായും കുരിശുമായും ബന്ധപ്പെട്ട രണ്ട് അനുബന്ധ ധ്യാനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്ന ഈ ധ്യാനഗ്രന്ഥത്തിലെ എല്ലാ ധ്യാനങ്ങളും ചിന്തോദ്ദീപകവും കുരിശിൽ വിരിയുന്ന വസന്തത്തിന്റെ ഉണർത്തുധ്യാനങ്ങളുമാണ്. ദീർഘസംവത്സരങ്ങളിലെ അദ്ധ്യാപനത്തിലൂടെ കൈവന്ന ആശയപ്രകാശന മികവും തികവും വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും ഓരോ ധ്യാനത്തിലൂടെയുമുള്ള ദർശനസംവേദനത്തെ ഫലപ്രാപ്തിയിലെത്തിക്കുന്നുണ്ട്. പഠനത്തോടും ധ്യാനത്തോടും കൂടി തയ്യാറാക്കപ്പെട്ട ഓരോ അധ്യായവും കൃപയുടെ നിറവോടെ തെളിനീരിന്റെ ശുദ്ധിയുള്ള ലളിതമായ ഭാഷയിൽ എഴുതപ്പെട്ടവയാണ്. അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അവതാരിക. തിരുവല്ല സി.എസ്. എസ് പുസ്തക വിതരണം നിർവഹിക്കുന്നു.

**ഷാജി ജോർജ്ജ്**

# അനുസ്മരണം



**കെ യേശുദാസൻ (റിട്ടയേർഡ് അധ്യാപകൻ)**

തേവലക്കര സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആദ്യകാല പ്രവർത്തകനായിരുന്ന പുതുശ്ശേരിൽ പരേതനായ വിദ്വാൻ കോശി സാറിന്റെ മകനും, കല്ലേലിഭാഗം ശാലേം മാർത്തോമ്മാ ഇടവക അംഗവുമായിരുന്ന പുതുശ്ശേരിൽ കെ യേശുദാസൻ (96) ഡിസംബർ 11നു ദൈവ സന്നിധിയിൽ ചേർക്കപ്പെട്ടു. ഡിസംബർ 12-ാം തീയതി ഞായറാഴ്ച സംസ്കാര ശുശ്രൂഷ നടന്നു. അടൂർ മാവേലിക്കര ഭദ്രാസനത്തിന്റെ സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രഥമ ഭദ്രാസന സെക്രട്ടറി, തേവലക്കര സെന്റർ ഓർഗനൈസർ, സെന്റർ സെക്രട്ടറി, സഞ്ചാര സുവിശേഷകൻ, കേരള ഗോസ്പൽ ടീമിന്റെ സുവിശേഷകൻ, സുവിശേഷ പ്രഘോഷകൻ, കരുനാഗപ്പള്ളി യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് കൺവീനർ എന്നീ നിലകളിലും ശുശ്രൂഷ ചെയ്തു. മലയാളം ഭാഷ അധ്യാപകനായിരുന്നു. കല്ലേലിഭാഗം ശാലേം മാർത്തോമാ ഇടവകയുടെ വിവിധ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്. തേവലക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക വികാരി റവ. തോമസ് യേശുദാസൻ അച്ചന്റെ പിതാവാണ്.

**റവ. കോശി ബിജോ സാമുവൽ**, വികാരി

---



**പി. എ. സൈമൺ**

അയിരൂർ ശാലേം മാർത്തോമ്മാ ഇടവകയിൽ പട്ടാളത്തറയിൽ പി.എ.സൈമൺ 94 വയസ്സ് 2021 നവംബർ മാസം 13-ാം തീയതി കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ 15-ാം തീയതി തിങ്കളാഴ്ച അയിരൂർ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തി. അയിരൂർ മതാപ്പാറ എം.റ്റി.ഹൈസ്കൂൾ റിട്ടേർഡ് ചരിത്രാധ്യാപകൻ, മാർത്തോമ്മാ സൺഡേസ്കൂൾ അയിരൂർ സെന്റർ ഇൻസ്പെക്ടർ, ഇടവക സൺഡേസ്കൂളിലെ ദീർഘകാല ഹെഡ്മാസ്റ്റർ, ഇടവക ആത്മായ ഉപാധ്യക്ഷൻ, ഇടവകയിലെ വിവിധ ചുമതലകളിലൂടെ ഇടവക കൈസ്ഥാന സമിതിയിൽ 60 വർഷങ്ങൾ തുടർച്ചയായി ശുശ്രൂഷ ചെയ്തു. ഭാര്യ വെണ്ണിക്കുളം തെക്കെക്കുറ്റ് അന്നമ്മ സൈമൺ, മക്കൾ-സണ്ണി, സിസിലി, പരേതയായ രമണി.

**റവ. സിജോ ശാമുവേൽ** (വികാരി)

---



**ഇവാ. ജി. വർഗീസ്**

മാർത്തോമ്മാ സുവിശേഷ സംഘം റിട്ട. സുവിശേഷകൻ കുട്ടമല ഗ്രെയ്സ് വില്ലയിൽ ജി. വർഗീസ് (75) 2022 ജനുവരി 10 ന് നിര്യാതനായി. 12-ാം തീയതി സംസ്കാരം നടത്തി. ഭോപ്പാൽ, കാരിക്കുഴി, തേവേരി, തവയിൽക്കടവ്, പുതുപ്പള്ളി, സൗത്ത് ട്രാവൻകൂർ മിഷനിലെ ഇടവകകൾ, ആണ്ടുവരിശേഖരണം എന്നീ നിലകളിൽ കർത്താവിന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചു. പിന്നീട് ഇടവകയിൽ വിവിധ നിലകളിൽ ചുമതലകൾ നിർവ്വഹിച്ചു. 50 വർഷങ്ങൾ തെക്കൻ തിരുവിതാംകൂർ മേഖല ഉൾപ്പടെയുള്ള ഇടങ്ങളിൽ ശുശ്രൂഷകൾ വിശ്വസ്തതയോടെ നിർവ്വഹിച്ചു. ഭാര്യ: ജോയിസ് വർഗീസ്, മക്കൾ: റവ. സുരേഷ് വർഗീസ് (കൊട്ടാരക്കര-പുനലൂർ ഭദ്രാസനം), സജീവ് വർഗീസ് (സഭാ ഓഫീസ് തിരുവല്ല), അജിത്ത് വർഗീസ് (കുവൈറ്റ്), മരുമക്കൾ: അനു സുരേഷ്, റീന ആനി തോമസ്, അന്നമ്മ ഡി. സാം

**റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ** (വികാരി)

# അനുമോദനങ്ങൾ



A Study of the role of civil society organisation in good governance with reference to Malappuram district, Kerala. എന്ന ഗവേഷണ വിഷയത്തിൽ **മാത്യു. എം.** ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും സോഷ്യൽ വർക്കിൽ പി.എച്ച്.ഡി. നേടി. മുളക്കുഴ സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗവും സുവിശേഷകൻ വി.മത്തായിയുടെയും സാറാമ്മയുടെയും മകനുമാണ്. ഭാര്യ വാത്തിക്കുളം ആലുംമൂട്ടിൽ മിനി മറിയാമ്മ, മകൾ സ്നേഹാ സാറാ മാത്യു. ഇപ്പോൾ വേൾഡ് വിഷൻ ഇന്ത്യയിൽ പ്രവർത്തിക്കുന്നു.

**റവ. ഡോ. സാംസൺ എം.ജേക്കബ്** (വികാരി)

---



**Dr. Sonia Anna Zachariah** was awarded Ph.D. under the faculty of Science from the Mahatma Gandhi University, Kottayam. She was a research scholar in the field of Lichenology and has studied the diversity and distribution of lichen community in the District of Pathanamthitta. She has to her credit 42 lichen species as new records to the state of Kerala and two species new to India. Presently she is working as an Assistant Professor in the department of Botany at the Mar Thoma College, Tiruvalla. She is the daughter of Rev. Zacharia John (Vicar, Salem Mar Thoma Church, Vengal) and Mrs. Sophy Mary Zacharia, wife of Rev. Abraham C. Pulinthitta (Vicar, St. Thomas Mar Thoma Church, Changanacherry) and mother of Likhita Suzaine Abraham.

**Rev. K. E. Easow**, Vicar

മലങ്കര ക്രൈസ്തവ സമൂഹത്തിന്റെ സൂര്യ തേജസ്സായിരുന്ന പത്മഭൂഷൺ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപോലീത്തയുടെ പാവന സ്മരണയ്ക്ക് മുമ്പിൽ മ്യൂസിയം ഓഫ് ദി വേർഡ് ഇന്റർനാഷണൽ ബൈബിൾ തീം പാർക്ക് സമർപ്പിക്കുന്ന ആദരോപഹാരം

# ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപോലീത്ത പുണ്യസ്മൃതി



തിരുവചനാടിസ്ഥാനത്തിൽ പടുത്തുയർത്തിയ സമാഗമന കൂടാരം • കർത്താവിന്റെ കബറിടം • യേശു ജനിച്ചുവീണ ബേത്ത്‌ലഹേം ഗുഹ • യേശുക്രിസ്തുവിന്റെ പ്രത്യക്ഷത വിളംബരം ചെയ്യുന്ന ജീസസ് പാരഡൈസ് • ഏഷ്യയിലെ ഏറ്റവും വലിയതും ലോകത്തിലെ രണ്ടാമത്തേതുമായ യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴം പെയിന്റിംഗ് • അന്താരാഷ്ട്ര സ്റ്റാമ്പ് മ്യൂസിയം • അന്താരാഷ്ട്ര നാണയ മ്യൂസിയം • മുന്നൂറിലധികം ഭാഷകളിലെ ബൈബിളുകൾ തുടങ്ങി കാഴ്ചകളുടെ ആത്മീയ വിരുന്ന്

museum of THE WORD theme park

## ലോകത്തിലെ ഏറ്റവും മികച്ച മ്യൂസിയ സമുച്ചയം

# മ്യൂസിയം ഓഫ് ദി വേർഡ് ഇന്റർനാഷണൽ ബൈബിൾ തീം പാർക്ക്

## museum of THE WORD international theme park

പേരുംകൂർ, വെമ്പായം പി ഓ തിരുവനന്തപുരം, കേരളം, ഇന്ത്യ – 695 615

www.museumoftheword.org

പ്രവർത്തന സമയം | തിങ്കൾ മുതൽ ശനി വരെ 9.30 am - 5.30 pm
ഞായറാഴ്ച 1.00 pm - 7.00 pm

കൂടുതൽ വിവരങ്ങൾക്ക്: 0472 283 4848
0472 283 4949
9495 998 555

# WORD TO WORLD TELEVISION

YUPPTV | Roku | Asianet digital 659 | Kerala Vision 511

android | i phone | www.w2w.tv | YouTube www.wordtoworldtelevision.com | word2world

Registered with the Registrar of Newspapers of India under Licence No.7958/57 Postal Registration No.
KL/TLA/13/2021-23 Licenced to post without prepayment of postage
Published on 01-02-2022 Licence No. KL/TLA/WPP/22/2021-23




*With best compliments from* **M.V ACOUSTICS**

Rainbow Squire 1/71 (3), Muthoor P.O., Thiruvalla 689 107
E-mail : mvacoustics9@gmail.com | Ph : 0469 2601374, 9447567471

**All kinds of acoustic works with audio Equipments | Reducing Echo and Reverberation with Sound absorption | Structured electric cabling and lights works**

Printed and Published by Rev. Mammen Samuel on behalf of the Malankara Sabha Tharaka, Tiruvalla.
Owned by The Mar Thoma Syrian Church and printed at Mar Thoma Press, Thiruvalla - 689 101 and published
at Mar Thoma Sabha Office, Thiruvalla - 689 101, Kerala. Chief Editor: Rev. Dr. Easow Mathew